Reg. No. 101, M 2293

ഒറ്റപ്രതിക്കു 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 24 | 1126 ചിങ്ങം 21—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1950 സെപ്റ്റംബർ 6 | ലക്കം 4

## വിശുദ്ധ മരിയ ഗൊരേത്തി

### യുവജനങ്ങൾക്കൊരു പുതിയ ആദർശം

[കഴിഞ്ഞ ജൂൺ 24-ാം തിയതി പന്ത്രണ്ടാം പീയൂസ് തിരുമനസ്സുകൊണ്ടു മരിയ ഗൊരേത്തിയെ വിശുദ്ധരുടെ പട്ടികയിൽ ചേർത്തതിനുശേഷം ചെയ്ത പ്രസംഗം. ജനപ്പെരുപ്പംമൂലം വി. പത്രോസിന്റെ ദൈവാലയത്തിൽ സ്ഥലം തികയാതെ വരുമെന്നു കാണുകയാൽ ദൈവാലയാങ്കണത്തിൽവച്ചാണു ചടങ്ങുകൾ നിർവ്വഹിക്കപ്പെട്ടതു്.]

ദൈവത്തിന്റെ സ്നേഹാന്വിതമായ പരിപാലനയാൽ ഇന്നു സായംകാലത്തു് ഒരു വിനീതകന്യകയെ വിശുദ്ധരുടെ മഹനീയസ്ഥാനത്തേക്കുയർത്തുകയെന്ന മംഗളകർമ്മം നാം നിർവ്വഹിച്ചിരിക്കുന്നു. തത്സംബന്ധമായ ആഘോഷങ്ങളുടെ ആഡംബരതയും പ്രതാപവും തിരുസ്സഭാചരിത്രത്തിൽ അഭൂതപൂർവ്വം തന്നെയായിരുന്നു. എന്തുകൊണ്ടെന്നാൽ, ഇന്നത്തെ ചടങ്ങുകൾ, നിങ്ങളുടെ അഭിലാഷമനുസരിച്ചു്, വിശാലവും സമാകർഷകവും ദിവ്യരഹസ്യസംയുക്തവുമായ ഈ അങ്കണത്തിൽവച്ചാണു്—സർവ്വശക്തനായ ദൈവത്തിന്റെ മഹത്വങ്ങളെ പ്രകീർത്തിക്കുന്ന ആകാശവിതാനം മേൽക്കട്ടിയാക്കി, ഒരു വിശുദ്ധാലയമായി രൂപാന്തരപ്പെടുത്തിയിരിക്കുന്ന ഈ അങ്കണത്തിൽവച്ചാണു് നടത്തിയിരിക്കുന്നതു്.

ഈ അവസരത്തിൽ ഇവിടെ സമ്മേളിച്ചിരിക്കുന്ന ഈ മഹാജനസഞ്ചയം, ഇതിനുമുമ്പു നടന്നിട്ടുള്ള ഏതൊരു വിശുദ്ധപദകർമ്മവും ദർശിച്ചിട്ടുള്ള ആൾപ്പെരുപ്പത്തെ അനേകമടങ്ങു് അതിശയിക്കുന്നതുതന്നെയാണു്. ചേതോഹരമായ സൗന്ദര്യം വഴിഞ്ഞൊഴുകുന്നതും ഉത്തേജകമായ സൗരഭ്യം നാലുപാടും വിതറുന്നതും രക്തവർണ്ണമായ മുകുളങ്ങൾ അണിഞ്ഞിരിക്കുന്നതുമായ ഈ ലില്ലിപ്പുഷ്പത്താൽ—ഇപ്പോൾതന്നെ, വിശുദ്ധരുടെ ഗണത്തിൽ അത്യാഹ്ലാദപൂർവ്വം നാം ചേർത്തുകഴിഞ്ഞ വിരക്തിയുടെ ഈ രക്തസാക്ഷിണിയാൽ—മനോജ്ഞയായ മരിയ ഗൊരേത്തിയാൽ—ആകൃഷ്ടരായിട്ടാണു് നിങ്ങൾ ഇവിടെ കൂടിയിരിക്കുന്നതെന്നു പറവാൻ പാടുണ്ടു്.

എന്നാൽ, വത്സലതനയരേ, ഈ സുകൃതിനിയുടെ മഹത്വപ്രഖ്യാപനത്തിൽ പങ്കെടുക്കുവാൻ, എണ്ണിയാൽ തീരാത്തവിധം അത്യധികം ആളുകൾ പ്രേരിതരായതിന്റെ യഥാർത്ഥരഹസ്യമെന്തു്? വസ്തുതകളുടെ സരളതയിലും സാഹചര്യങ്ങളുടെ സ്പഷ്ടതയിലും ബലാൽകൃതമായ മരണത്തിന്റെ ആകസ്മികതയിലും സുവിശേഷവിവരണങ്ങളോടു സാധർമ്മ്യംവഹിക്കുന്ന ആ ഹ്രസ്വജീവിതം വായിക്കുകയോ കേൾക്കുകയോ ചെയ്യുമ്പോൾ അശ്രുകണങ്ങൾ കവിൾത്തടങ്ങളിലൂടെ ഒഴുകത്തക്കവിധം നിങ്ങൾ വികാരാകുലരാകുന്നതിന്റെ കാരണമെന്തു്? എന്തുകൊണ്ടാണു് മരിയ ഗൊരേത്തി നിങ്ങളുടെ ഹൃദയങ്ങളെ കവർന്നെടുക്കുകയും നിങ്ങളുടെ പ്രേമസ്നേഹവിഷയമാവുകയും ചെയ്തിരിക്കുന്നതു്?

കാരണം മറ്റൊന്നുമല്ല. സ്വയം കതിയുടെ സന്തർപ്പണത്തിൽ ആമഗ്നമായിരിക്കുന്നുവെന്നു തോന്നിപ്പോകുന്ന ഈ ലോകത്തിൽ, സ്വർഗ്ഗത്തേയും അതിന്റെ നിർമ്മലതയേയും സ്നേഹിക്കുന്നതിനു തെരഞ്ഞെടുക്കപ്പെട്ടവരുടെ സംഖ്യ ചെറുതൊന്നുമല്ല. അതേ, ക്രിസ്തീയപരിശുദ്ധിയുടെ അതിസാഹസികമായ സമരത്താൽ, അപ്രതിരോധ്യവും പ്രത്യാശാജനകവും ഭാവിയെ സംബന്ധിച്ചിടത്തോളം ശുഭസൂചകവുമായവിധം, ആകൃഷ്ടരാകുന്നവരുടെ ഗണം, അതിവിപുലംതന്നെ.

#### മരിയയുടെ വിശുദ്ധി

മരിയഗൊരേത്തിയുടെ രക്തസാക്ഷിത്വത്തിൽ പ്രധാനമായി പ്രശോഭിക്കുന്നതു് അവളുടെ ശുദ്ധതയാണെങ്കിലും അവളിലും അവളോടുകൂടെയും ഇതര ക്രിസ്തീയസുകൃതങ്ങളും മഹനീയമാക്കപ്പെട്ടിട്ടുണ്ടു്. എന്തുകൊണ്ടെന്നാൽ, അവളുടെ ശുദ്ധതയെന്ന സുകൃതത്തിൽ, അവളുടെ ആത്മാവിനു ശരീരത്തിന്മേലുള്ള പരിപൂർണ്ണമായ ആധിപത്യത്തിന്റെ സ്ഥിരീകരണം ദൃശ്യമാകുന്നു. പരമോൽകൃഷ്ടമായ ആ വിശുദ്ധത്തിനു് അവൾ സജ്ജീകൃതയായിരുന്നതിനാൽ അ



ത്തിൽ മാതാപിതാക്കന്മാരോടുള്ള അനുസരണാത്മകവും പ്രായോഗികവുമായ മൃദുലസ്നേഹം സുസ്പഷ്ടമാകാതിരിക്കുന്നില്ല. ദിനംപ്രതിയുള്ള കഠിനമായ ശാരീരികാദ്ധ്വാനത്തിൽ തന്റെ പരിത്യാഗശീലം അവൾ വ്യക്തമാക്കി. സുവിശേഷോപദിഷ്ടമായ ദാരിദ്ര്യത്തിനു അവൾ സപ്രമോദം കീഴ്‌വഴങ്ങി. സ്വർഗ്ഗീയ പരിപാലനയിലുള്ള ദൃഢമായ പ്രത്യാശ ഇക്കാര്യത്തിൽ അവൾക്കു് അവലംബവുമായിരുന്നു. മരിയയുടെ മതഭക്തിയെപ്പറ്റി എന്തുപറയട്ടെ. മതത്തോടു് അദമ്യമാംവിധം അവൾ ഒട്ടിച്ചേർന്നു. അനുദിനം അതിനെക്കുറിച്ചു കൂടുതൽ കൂടുതൽ പഠിക്കുവാൻ അവൾ ശ്രമിക്കുകയും സ്വജീവിതത്തിൽ അവൾക്കു അമൂല്യനിക്ഷേപമായിത്തീർന്ന പ്രാർത്ഥനാശ്രദ്ധയാൽ അതിനെ പരിപുഷ്ടിപ്പെടുത്തുകയും ചെയ്തു. അതിതീവ്രമായിരുന്നു, ഈശോയെ ദിവ്യകാരുണ്യത്തിൽ സ്വീകരിക്കുവാൻ അവൾക്കുണ്ടായിരുന്ന ആഗ്രഹം. അവസാനമായി, അവളുടെ ഉപവിക്കു മകുടംചാർത്തിയ ആ ശത്രുസ്നേഹം—സ്വഘാതകനു മാപ്പുനല്കിയ ആ ക്ഷമാശീലം—എത്ര വിസ്മയാവഹമായിരിക്കുന്നു! പ്രഥമദിവ്യകാരുണ്യസ്വീകരണത്തിൽ അവൾ ധരിച്ച ശുഭ്രമായ ആ ശിരോവസ്ത്രത്തിനും അനന്തരം അവൾ കൈവരിച്ച രക്തസാക്ഷിത്വത്തിനും വിശിഷ്ടഭൂഷണമായിത്തീർന്ന ഈ സുകൃതഹാരം ദൈവത്തിനു് എത്ര പ്രിയംകരമായിരിക്കുന്നു!

ഇന്നത്തെ ചടങ്ങുകൾ യഥാർത്ഥത്തിൽ ശുദ്ധതയ്ക്കനുകൂലമായി നടന്ന സ്വാഭാവപ്രേരിതമായ ഒരു ജനകീയപ്രകടനമായി പരിണമിച്ചിട്ടുണ്ടു്. എന്തുകൊണ്ടെന്നാൽ, ഏതൊരു രക്തസാക്ഷിത്വത്തിന്റെയും ദീപ്തിയുടെ പിന്നിൽ ഏതെങ്കിലുമൊരു ദുഷ്ടതയുടെ വിരൂപമായ കരിനിഴൽ കാണുമെങ്കിലും, മരിയഗൊരേത്തിയുടെ മരണത്തിനു പിന്നിൽ, ഈ ശതകത്തിന്റെ ആരംഭത്തിൽ കേട്ടുകേൾവിപോലുമില്ലാതിരുന്ന ഒരു "ഉതപ്പി"ന്റെ ചിത്രമാണു നാം കാണുന്നതു്.

കഴിഞ്ഞ അമ്പതുകൊല്ലങ്ങൾക്കിടയിൽ, അനവധി ദുഷിച്ച സമ്പ്രദായങ്ങൾ, സംഘടിതമായ പ്രവർത്തനങ്ങളുടെ ഫലമായിട്ടെന്നോണം, സദ്വൃത്തസ്നേഹികളുടെ ദുർബലമായ എതിർപ്പിനെ ഉല്ലംഘിച്ചു്, ഗ്രന്ഥങ്ങൾ, ചിത്രങ്ങൾ, നാടകവേദികൾ, റേഡിയോ പരിപാടികൾ, വേഷവിധാനങ്ങൾ, ക്ലബ്ബുകൾ മുതലായവ വഴി പ്രചരിച്ചുപോന്നു. ഇവ കുടുംബത്തിന്റെയും സമുദായത്തിന്റെയും ഹൃദയത്തിലേക്കുതന്നെ നുഴഞ്ഞുകയറുവാൻ ശ്രമിച്ചുകൊണ്ടു്, യുവതീയുവാക്കന്മാരിൽ മാത്രമല്ല, സുകൃതസമ്പന്നത നൈസർഗ്ഗികാവകാശമായിരിക്കുന്ന കുഞ്ഞുകുട്ടികളിൽപ്പോലും വിലപനീയമായ വിനാശങ്ങൾ വരുത്തിക്കൊണ്ടിരുന്നു.

#### യുവജനമാതൃക

വാത്സല്യഭാജനങ്ങളായ യുവതീയുവാക്കന്മാരേ, ഈശോയുടേയും നമ്മുടേയും സവിശേഷസ്നേഹത്തിനു വിഷയമായ നിങ്ങളോടു നാം ചോദിക്കുന്നു, നിങ്ങളുടെ ശുദ്ധതയെ നശിപ്പിക്കുന്നതിനുള്ള ഏതൊരു ശ്രമത്തേയും ചെറുത്തുനില്ക്കുവാൻ നിങ്ങൾ സന്നദ്ധരാണോ എന്നു്.

അല്ലയോ മാതാപിതാക്കന്മാരേ, ഈ വമ്പിച്ച ജനതതിയുടേയും, തന്റെ അഭംഗമായ നിഷ്കളങ്കതയാൽ നിങ്ങളുടെ ഹൃദയങ്ങളെ വശീകരിച്ചുകഴിഞ്ഞിരിക്കുന്ന ഈ യുവകന്യകയുടേയും അവളുടെ ധന്യയായ ജനനിയുടേയും—അതേ, ഒരു രക്തസാക്ഷിണിയാകുവാൻ തക്കവണ്ണം ഈ ബാലികയെ പരിശീലിപ്പിക്കുകയും ദാരുണമായ ആ ദ്രോഹത്തിന്റെ ദുഃഖം അനുഭവിച്ചെങ്കിലും അവളുടെ മരണത്തെക്കുറിച്ചു് ആവലാതിപ്പെടാതിരിക്കുകയും ചെയ്ത—സ്വപുത്രിയുടെ മാദ്ധ്യസ്ഥ്യം അഭ്യർത്ഥിക്കുന്ന ഈ വേളയിൽ വികാരവിവശയായിരിക്കുന്ന ആ മാതാവിന്റെയും സാന്നിദ്ധ്യത്തിൽ നാം നിങ്ങളോടു ചോദിക്കുന്നു, നിങ്ങളുടെ പുത്രിമാരുടേയും പുത്രന്മാരുടേയും കാര്യത്തിൽ ശ്രദ്ധാലുക്കളായിരിക്കുവാൻ നിങ്ങളിൽ നിക്ഷിപ്തമായിരി

# ദൈവത്തിൻ കോടാകോടി ഹൃദയങ്ങൾ

(ഫാദർ തോമസ് മൂത്തേടൻ എം. എ. ഡി. ഡി)

ഞങ്ങൾ രണ്ടുപേർ ഒരു വരാന്തയിൽ ഇരുന്നു സംസാരിച്ചുകൊണ്ടിരിക്കവേ, പെട്ടെന്നു് എന്റെ സന്ദർശകൻ എന്നോടു ചോദിച്ചു: "ഒരുത്തൻ വിവാഹം കഴിച്ചു സന്താനങ്ങളുണ്ടാകുമ്പോൾ അയാളുടെ സന്താപം വർദ്ധിക്കുകയാണല്ലേ?" സമ്മതാർത്ഥത്തിൽ തലകുലുക്കിക്കൊണ്ടു ഞാൻ പറഞ്ഞു: "അതേ." അയാൾ പറഞ്ഞതു് എനിക്കു മനസ്സിലായി. പല സങ്കടങ്ങൾകൊണ്ടു അയാളുടെ ഹൃദയം വേദനിക്കുകയായിരുന്നു. ഒരുത്തൻ വിവാഹം കഴിക്കുമ്പോൾ സങ്കടങ്ങൾ മാത്രമല്ല സന്തോഷങ്ങളും വർദ്ധിക്കുന്നുണ്ടെന്ന കാര്യം അഥവാ സന്തോഷങ്ങൾ വളരെയധികം വർദ്ധിക്കുന്നുണ്ടെന്ന കാര്യം അയാൾ തൽകാലം വിസ്മരിച്ചുപോയി. മാതാപിതാക്കന്മാർക്കു് എത്ര മക്കളുണ്ടോ അത്രയും ഹൃദയങ്ങളുണ്ടു്. ഓരോ ഹൃദയവും കുന്തത്താൽ മുറിപ്പെടുത്താവുന്നതും ഓരോന്നും ആഹ്ലാദംകൊണ്ടു തുടിക്കാവുന്നതുമാണു്. കുറേനേരം മൗനമായി രണ്ടുപേരും കഴിച്ചു. അനന്തരം സന്ദർശകൻ ചോദിച്ചു: "ഒരു പിതാവിനു് ഇത്രയും വേദനയുണ്ടെങ്കിൽ ഒരമ്മയുടെ സ്ഥിതി എന്തായിരിക്കും? കാൽവരിമലയിൽനിന്ന ദൈവമാതാവിന്റെ സ്ഥിതിയെന്തു്? മിശിഹായുടെ സങ്കടങ്ങളോ" എന്നു ഞാനും ചോദിച്ചു.

ഈ സംഭാഷണം ഇവിടെ പൂർണ്ണവിരാമത്തിലെത്തി; എന്നാൽ ദൈവത്തിന്റെ പിതൃസ്ഥാനത്തെപ്പററി ഞാനിതു കുറേനേരം ചിന്തിച്ചു. ഒരുവിധത്തിൽ നമ്മുടെ സ്രഷ്ടാവായ പിതാവു് എത്ര കുരിശുകളാണു വഹിക്കുന്നതു്. നമ്മളെല്ലാം അവിടുത്തേക്കു് ഓരോ കുരിശുകളല്ലേ? നമ്മളെ സൃഷ്ടിക്കാമെന്നു് അനാദിയിലേ തന്നെ നിശ്ചയിച്ചു; അനാദിമുതൽക്കുതന്നെ നമുക്കുവേണ്ടി പീഡകൾ സഹിക്കണമെന്നും മരിക്കണമെന്നും തീർച്ചയാക്കി അവിടുന്നു നമ്മുടെ പിതൃസ്ഥാനം കൈവരിക്കുകയും ചെയ്തു. ഒരു പിതാവിന്റെ വേദനകളും സ്വീകരിച്ചു. എല്ലാ മനുഷ്യഹൃദയങ്ങളേയും ഉൾക്കൊള്ളുന്ന ഒരു ഹൃദയം തന്നെ അവിടുന്നു തിരിഞ്ഞെടുക്കുകയും അതു മനുഷ്യർക്കുവേണ്ടി മുറിപ്പെടുത്തുവാൻ സമ്മതം അനുവദിക്കുകയും ചെയ്തു. തന്റെ കുരിശിലും തന്റെ പീഡകളിലും ഓഹരിക്കാരാകുവാൻ കഴിയുമോ എന്നു് ഒരു യുവതിയോടു് തന്റെ ഒരു മാലാഖവഴി ചോദിച്ചു. ആ യുവതി "അങ്ങേ തിരുവിഷ്ടം പോലെ എന്നിൽ ഭവിക്കട്ടെ" എന്നു മറുപടിയും നല്കി.

വിവാഹമെന്നുള്ള ദശയിലെ അതിപ്രധാനങ്ങളായ ചില വശങ്ങളാണു മേൽപ്പറഞ്ഞവ. ദൈവത്തിന്റെ ഏകപുത്രനു് ഒരമ്മയേ; എന്നാൽ അനേകം മററു മക്കൾക്കു് അമ്മമാർ വേണം. ലോകചരിത്രത്തിൽ അനേകം സ്ത്രീകൾ തങ്ങളുടെ ഹൃദയാന്തർഭാഗത്തുനിന്നു രഹസ്യമായി തീരുമാനിച്ചു ഞാൻ മക്കളുടെ അമ്മയായിക്കൊള്ളാമെന്നു്. ദൈവത്തിന്റെ മാലാഖ ചെയ്യുന്ന ചോദ്യത്തിനു് അങ്ങനെയാകട്ടെ എന്നു് അവരെല്ലാം മറുപടി നല്കി. അവരോടുകൂടെ അവരുടെ ഭർത്താക്കളും അങ്ങനെയാകട്ടെ എന്നു സസന്തോഷം ഉച്ചരിച്ചു. അതുകൊണ്ടു് ഒരു മാതൃദിനമോ, പിതൃദിനമോ, പുത്രദിനമോ അല്ല നമുക്കു വേണ്ടതു്, അഥവാ അവ എല്ലാം വേണം. അവയെല്ലാംകൂടി ഒരു കുടുംബദിനമുണ്ടാകണം. ഓരോ കുടുംബത്തിനു മാത്രമല്ല, സമുദായങ്ങൾക്കു മാത്രമല്ല, വിവിധരാജ്യങ്ങളാകുന്ന കുടുംബങ്ങൾക്കുംകൂടെ പൊതുവായ ഒരു കുടുംബദിനമുണ്ടാവേണ്ടതു്. അതിൽ ദൈവം പിതാവും രക്ഷകനും സഹോദരനും ശിശുവുമായിരിക്കും; ദൈവമാതാവു് അമ്മയുമായിരിക്കണം. സാർവ്വത്രികമായ ഈ കുടുംബദിനം യഥാവിധി ഗ്രഹിച്ചു മനുഷ്യർ പ്രവർത്തിക്കാത്തതാണു് ഇന്നത്തെ നാശം. ചേരിതിരിഞ്ഞ സ്വാർത്ഥതയെ പ്രതിഷ്ഠിക്കുന്നതിനുള്ള അഭിവാഞ്ഛയാണല്ലോ ഈക്കാലത്തെ ഏററവും വലിയ തിന്മ.

മനുഷ്യന്റെ സഹോദരത്വത്തേയും ദൈവത്തിന്റെ പിതൃത്വത്തെയുംപററി നാം ധാരാളം സംസാരിക്കും; എന്നാൽ വ്യക്തിഹിതനായ ഒരു ഭിക്ഷു നമ്മെ സമീപിക്കുകയോ, നമ്മുടെ സ്വാർത്ഥതാൽപര്യങ്ങൾക്കു് ഏതെങ്കിലും ഒരു നിയന്ത്രണം ഇതരരുടെ ആവശ്യങ്ങൾക്കുവേണ്ടി നിർബന്ധമായിത്തീരുകയോ ചെയ്താൽ മനുഷ്യന്റെ സഹോദരത്വവും അവസാനിച്ചു; ദൈവത്തിന്റെ പിതൃത്വവും കഴിഞ്ഞു. നാം അവഗണിക്കുന്ന ഈ മനുഷ്യാധമന്മാർക്കുവേണ്ടി കാൽവരിയിലെ അവമാനവും ക്ലേശവും മരണവും സഹിക്കുവാൻമാത്രം സ്നേഹം ദൈവത്തിനുണ്ടായിരുന്ന കാര്യം നാം മറന്നുകളയുന്നു. സ്വന്തം മക്കളോടുതന്നെ ഒരുപോലെ സ്നേഹത്തോടെ വർത്തിക്കുവാൻ സാധിക്കാത്ത മനുഷ്യരുണ്ടോ ലോകസമുദായത്തെ ഒരു കുടുംബമായി വീക്ഷിക്കുവാൻ പോകുന്നു. സർവ്വരാജ്യസഖ്യങ്ങളിൽ സർവ്വേശ്വരന്റെ നാമം ഉപേക്ഷിക്കുവാൻ നമ്മൾ സമ്മതിക്കുന്നു. മാതാപിതാക്കന്മാരെ ഉപേക്ഷിക്കുവാൻ സമ്മതം നല്കിയിരിക്കുന്ന സർവ്വരാജ്യസംഘടനകൾ സുരക്ഷിതമായി വർത്തിക്കുമോ? എന്താണു സർവ്വരാജ്യനേതാക്കൾ പിതാവിനേയും മാതാവിനേയും ഉപേക്ഷിച്ചതു്? വിവിധരാജ്യങ്ങളിൽപ്പെട്ട പലരുടേയും മാതാപിതാക്കന്മാർ അവരുടെ കടമ നിർവ്വഹിക്കാഞ്ഞതുതന്നെ.

ഗാന്ധിയെ നാം നമ്മുടെ രാജ്യത്തിന്റെ പിതാവു് എന്നു വിളിക്കുന്നു. എന്നാൽ ഓരോ രാജ്യത്തിനും എത്ര അമ്മമാരും അച്ഛന്മാരുമുണ്ടോ അത്രയും പിതാക്കളുണ്ടു്. രാജ്യം ഒരു വലിയ കുടുംബമാണു്. തന്നിമിത്തം അന്തർദേശീയ ബന്ധങ്ങൾ ന്യായമായ രീതിയിലാകണമെങ്കിൽ അതിന്റെ അംഗങ്ങൾക്കു രാജ്യമാകുന്ന കുടുംബത്തിൽ ശരിയായ ശിക്ഷണം കിട്ടണം. മറുവാക്കുകളിൽ പറയുന്നപക്ഷം, ലോകത്തിന്റെ ഭാവി മാതാപിതാക്കന്മാരിൽ സ്ഥിതിചെയ്യുന്നുവെന്നു സാരം.

ആററംബോംബ് ഉണ്ടാക്കുന്നതെങ്ങനെയെന്നു നമുക്കു് അറിഞ്ഞുകൂടെങ്കിലും അതു് ഉപയോഗിക്കണമോ എന്നു നിശ്ചയിക്കുന്നവരെ രൂപവൽക്കരിക്കുന്നതിൽ നമുക്കു് എല്ലാവർക്കും ഒരു പങ്കുണ്ടു്. ഈ ജോലി ദൈവത്തെക്കൂടാതെ നമുക്കു നിർവ്വഹിക്കുവാൻ കഴിയുന്നതല്ല.

മിശിഹായും അവിടുത്തെ അമ്മയും അനന്തസൗഭാഗ്യം അനുഭവിച്ചുകൊണ്ടിരിക്കുന്നതെങ്കിലും അവർ ചില ഭക്താത്മാക്കൾക്കു പ്രത്യക്ഷപ്പെട്ടിട്ടുള്ളതു മുൾക്കിരീടത്താൽ വലയപ്പെട്ടിട്ടുള്ള ഹൃദയത്തോടുകൂടെയാണു്. നമ്മുടെ പാപജീവിതത്താൽ നാം ചമച്ചുണ്ടാക്കിയ മുൾക്കിരീടമാണു് അതു്. നമ്മുടെ പാപങ്ങളാകുന്ന മുള്ളുകളാണു് ആ കിരീടത്തിലുള്ളതു്. അതിനാൽ ലോകത്തിന്റെ ആരംഭംമുതൽ അന്ത്യംവരെ എത്ര മനുഷ്യരുണ്ടായിരിക്കുമോ അത്രയും ഹൃദയങ്ങൾ ദൈവത്തിനുണ്ടെന്നു പറയാം. ഒരിക്കൽ ഒരു സൈനിക ചാപ്ലൻ കമ്മ്യൂണിസ്റ്റുകാരായ കാരാഗൃഹവാസികളോടു ദൈവാസ്തിക്യത്തെപ്പററി പ്രസംഗിച്ചുകൊണ്ടിരിക്കയായിരുന്നു. അപ്പോൾ അവരിൽ ഒരാൾ എഴുന്നേററു പറഞ്ഞു: ദൈവമുണ്ടെങ്കിൽ അഞ്ചുമിനിററിനകം ദൈവം എന്നെ വധിക്കട്ടെ അപ്രകാരം സംഭവിക്കയാണെങ്കിൽ എന്റെ കൂട്ടുകാർ ദൈവത്തിൽ വിശ്വസിക്കും; അല്ലാത്തപക്ഷം ഞങ്ങളാരും വിശ്വസിക്കുകയില്ല. അഞ്ചുമിനിററു കഴിഞ്ഞുവെന്നു ഘടികാരം വ്യക്തമാക്കിയപ്പോൾ അയാൾ അഹങ്കാരത്തോടെ പറഞ്ഞു: കണ്ടില്ലേ, ദൈവമില്ലെന്നു സ്പഷ്ടം. വൈദികൻ എഴുന്നേററുകൊണ്ടു് ഒരു കത്തിയെടുത്തു കാണിച്ചു് ഇപ്രകാരം പ്രസ്താവിച്ചു: നിങ്ങളിൽ ആരെങ്കിലും എന്നെ കൊന്നുകൊള്ളുക. അഞ്ചുമിനിററിനകം നിങ്ങൾ എന്നെ കൊല്ലുന്നില്ലെങ്കിൽ, നിങ്ങൾ ലോകത്തിൽ ജീവിക്കുന്നതായി ഞാൻ കരുതുകയില്ല. ആരും കൊല്ലുവാൻ ധൈര്യപ്പെട്ടില്ല. നിർദ്ദിഷ്ടസമയം കഴിഞ്ഞപ്പോൾ വൈദികൻ ചോദിച്ചു: നിങ്ങൾ എന്നെ കൊല്ലാഞ്ഞതെന്താണു? അതു് അർത്ഥശൂന്യമാണെന്നു തോന്നിയതുകൊണ്ടു്. ദൈവം ഒരു പിതാവാണു; നിങ്ങൾ അവിടുത്തെ മക്കളാണു്. ആലോചനാരഹിതമായി മക്കൾ പറയുന്ന സംഗതികളനുസരിച്ചു് അച്ഛനമ്മമാർ തുള്ളുമോ?

ഈ ഉപമ കുറിക്കൊണ്ടു. ദൈവത്തെ വെല്ലുവിളിച്ചവൻ മനസ്സുതിരിഞ്ഞു ഈശ്വരവിശ്വാസിയായി. എന്നാൽ മനുഷ്യന്റെ സ്വഭാവത്തിൽ ആ കമ്മ്യൂണിസ്റ്റുകാരന്റെ അഹങ്കാരം എന്നും പ്രസ്പഷ്ടമാകാറുണ്ടു്. മനുഷ്യൻ ദൈവത്തെ ദ്രോഹിച്ചു് നമുക്കോരോരുത്തർക്കുമായി ദൈവത്തിലുള്ള ഹൃദയത്തെ മുറിപ്പെടുത്തുന്നുണ്ടു്; അതേസമയം ചിലർ അവിടുത്തെ സ്തുതിച്ചു് ആനന്ദിപ്പിക്കുന്നുമുണ്ടു. ആ കോടാകോടി ഹൃദയങ്ങളെപ്പററി ചിന്തിച്ചു മനുഷ്യൻ ലോകത്തെ ഒരു ഒററ കുടുംബമാക്കിത്തീർത്തിരുന്നെങ്കിൽ!!

---

ക്കുന്ന മഹനീയകർത്തവ്യം കഴിവുപോലെ നിർവ്വഹിക്കുവാൻ നിങ്ങൾ സന്നദ്ധരാണോ? അവരെ വലയംചെയ്തിരിക്കുന്ന നിരവധി വിപത്തുകളിൽനിന്നു് അവരെ സംരക്ഷിക്കുവാനും സന്മാർഗ്ഗികാധഃപതനത്തിനും വിശ്വാസനാശത്തിനും ഹേതുവാകുന്ന ദുശ്ശീലങ്ങൾ പഠിക്കുവാനിടയുള്ള സാഹചര്യങ്ങളിൽനിന്നു് അവരെ അകററിനിറുത്തുവാനും നിങ്ങൾ തയ്യാറാണോ?

അടുത്തതായി, നമ്മെ ശ്രവിച്ചുകൊണ്ടിരിക്കുന്ന എല്ലാവരോടുമായി രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. ഈ ലോകത്തിലെ അനാകർഷകങ്ങളായ വെളിസ്ഥലങ്ങൾക്കും മലിനതകൾക്കും ഉപരിയായി സൗന്ദര്യസങ്കേതമായ സ്വർഗ്ഗരാജ്യം നീണ്ടുകിടക്കുന്നു. കൊച്ചുമരിയയെ സമാകർഷിച്ചതു് ഈ സ്വർഗ്ഗമാണു്. അതിലേക്കുള്ള ഏകമാർഗ്ഗമാണു് മതം, അഥവാ, ക്രിസ്തുവിനോടുള്ള സ്നേഹവും അവിടുത്തെ ആജ്ഞകളോടുള്ള വിരാചിതമായ വിധേയത്വവും. ഈ ഏകമാർഗ്ഗത്തിലൂടെ സ്വർഗ്ഗത്തിൽ ചെന്നു ചേരുവാനാണു് മരിയ ആഗ്രഹിച്ചതു്.

അല്ലയോ, സൗന്ദര്യവതിയും സ്നേഹയോഗ്യയുമായ പുണ്യവതി, ഞങ്ങൾ നിനക്കു് അഭിവാദനങ്ങൾ അർപ്പിക്കുന്നു. ലോകത്തിൽ രക്തസാക്ഷിണിയും സ്വർഗ്ഗത്തിൽ മാലാഖയും ആയവളേ, മഹത്വത്തിന്റെ സിംഹാസനത്തിൽനിന്നു് ഈ ജനത്തെ—നിന്നെ സ്നേഹിക്കുകയും വണങ്ങുകയും വാഴ്ത്തുകയും ചെയ്യുന്ന ഈ ജനത്തെ വീക്ഷിക്കുക. നിന്റെ നെററിത്തടത്തിൽ ക്രിസ്തുവിന്റെ വിജയസമന്വിതവും ശോഭാപൂർണ്ണവുമായ നാമം നിഴലിക്കുന്നു. കന്യാത്വനിർമ്മലമായ നിന്റെ വദനത്തിൽ ദിവ്യനാഥനോടുള്ള നിന്റെ സ്നേഹത്തിന്റെ ശക്തിയും വിശ്വസ്തതയുടെ സ്ഥിരതയും പ്രസ്പഷ്ടമായിക്കാണാം. രക്തത്താൽ മുദ്രിതമായ ആ ഭാഗ്യത്താൽ മിശിഹായുടെ മണവാട്ടിയായിത്തീർന്ന നീ, ആ ദിവ്യവരന്റെ പ്രതിച്ഛായ നിന്നിൽ പകർത്തിയിരിക്കുന്നു. ദിവ്യ ചെമ്മരിയാട്ടിൻ മുമ്പാകെ ഫലപ്രദമായി മദ്ധ്യസ്ഥ്യം വഹിക്കുവാൻ ശക്തയായ നിന്റെ സംരക്ഷണത്തിനു്, ഇവിടെ സന്നിഹിതരായിരിക്കുന്ന ഈ പുത്രീപുത്രന്മാരേയും ആത്മനാ നമ്മോടു യോജിച്ചിരിക്കുന്ന സംഖ്യാതീതരായ വിശ്വാസികളുടെ ഗണത്തേയും നാം ഭരമേല്പിക്കുന്നു. ഇവർ നിന്റെ വീരോചിതമായ പ്രവൃത്തിയെ അഭിനന്ദിക്കുന്നെങ്കിൽ, അതിൽ കൂടുതലായി നിന്റെ വിശ്വാസസ്ഥിരതയേയും സ്വഭാവനൈർമ്മല്യത്തേയും അനുകരിക്കുവാൻ ആഗ്രഹിക്കുന്നു. മാതാപിതാക്കന്മാർ സന്താനങ്ങളുടെ ശിക്ഷണം യഥായോഗ്യം നിർവ്വഹിക്കുവാൻ നിന്റെ സഹായം അഭ്യർത്ഥിക്കുന്നു. ബാലികാബാലന്മാരും യുവതീയുവാക്കന്മാരും നമ്മുടെ കരങ്ങൾ വഴി നിന്റെ പക്കൽ അഭയം തേടുന്നു. സകലവിധ മാലിന്യങ്ങളിൽനിന്നും സംരക്ഷിതരായി, ജീവിതമാകുന്ന രാജവീഥിയിലൂടെ, നിർമ്മലമനസ്സാക്ഷിക്കു ജന്മാവകാശമായ ആത്മപ്രസന്നതയോടും ഹൃദയാനന്ദത്തോടുംകൂടെ യാത്രചെയ്യുന്നതിനുള്ള വരം അവർ നിന്നിൽനിന്നു പ്രതീക്ഷിക്കുകയും ചെയ്യുന്നു. ആമ്മേൻ.

(വിവർത്തകൻ: ഫാദർ ജോൺ കന്നപ്പുഴ, വിതയൻ)

# കുടുംബങ്ങളിൽ രാത്ര്യാരാധന

ലോകത്തിൽ നിരന്തരമായി നടന്നുകൊണ്ടിരിക്കുന്ന നികൃഷ്ടപ്രവൃത്തികൾക്കും ക്രൂരമർദ്ദനങ്ങൾക്കും കണക്കില്ല. സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും പേരിൽ വിപ്ലവം അഴിച്ചുവിട്ടുകൊണ്ടു്, റഷ്യ കത്തോലിക്കരോടും കത്തോലിക്കാ മേലദ്ധ്യക്ഷന്മാരോടും ചെയ്യുന്ന കഠിനപ്രവൃത്തികൾ വർണ്ണിക്കുക അസാദ്ധ്യം തന്നെ. പോളണ്ടു്, യൂഗോസ്ലാവിയാ, ചെക്കോസ്ലാവാക്കിയാ, ചൈന എന്നീ രാജ്യങ്ങളിൽ നടക്കുന്ന സംഭവങ്ങൾ ഇതിനു ഉദാഹരണങ്ങളാണു്. നവീനതയുടെയും നവീകരണത്തിന്റേയും പേരിൽ, ഏററം സനാതനതത്വങ്ങളെ പഴഞ്ചരക്കെന്നു പറഞ്ഞു തള്ളി, തൽസ്ഥാനത്തു മനുഷ്യന്റെ ദുർവ്വികാരങ്ങളെ സാഹിത്യത്താൽ പൊതിഞ്ഞു് പൊതുജനസമക്ഷം അവതരിപ്പിക്കുന്നതിനു ശ്രമിക്കുന്നവർ ധാരാളം. നീതിയും സത്യവും സ്വാർത്ഥതയെ മുൻനിറുത്തി പുറന്തള്ളുന്നതിനാണു് അവരുടെ ശ്രമം. വ്യക്തിയുടെയും കുടുംബത്തിന്റേയും അവകാശങ്ങൾ അവഗണിക്കപ്പെടുന്നു. സ്വാതന്ത്ര്യത്തിന്റെ പരിധി നിർണ്ണയിക്കുന്നതു് ലൗകികതയുടെ അഭ്യുദയമാണു്. എന്നുവേണ്ട, ചുരുക്കിപ്പറഞ്ഞാൽ, ലോകത്തിനു പൊതുവിൽ ഒരു നവീകരണം അത്യന്താപേക്ഷിതമായിരിക്കുന്നു.

ഏതൽകാര്യസാദ്ധ്യത്തിനാണോ എന്നു തോന്നിപ്പോകും, ഈശോയുടെ തിരുഹൃദയം അനുഭവിക്കുന്ന അക്രമപ്രവൃത്തികൾക്കു് പരിഹാരമായി, പരി. പിതാവിന്റെ ആശീർവ്വാദത്തോടും അനുവാദത്തോടുംകൂടി, വെ. റവ. ഫാദർ മത്തയോ ക്രൗളി ഏതാനും കൊല്ലങ്ങൾക്കുമുമ്പു് കുടുംബങ്ങളിൽ രാത്ര്യാരാധന ആരംഭിച്ചിട്ടുള്ളതു്. ഇതു് കേരളീയർക്കു് സുപരിചിതമായ ഒന്നുതന്നെ. ധാരാളം വ്യക്തികളും കുടുംബങ്ങളും ഇതിന്റെ അംഗങ്ങൾ എന്ന നിലയിൽ ആരാധന ക്രമമായി നടത്തുന്നുണ്ടെന്നുള്ളതു് പ്രസ്താവാർഹമാണു്. ചുരുക്കം ചില ഇടവകകളിൽ വിശ്വാസികൾ പല വിഭാഗങ്ങളായി തിരിഞ്ഞു്, ഓരോ വിഭാഗത്തിനും നിശ്ചയിക്കപ്പെട്ടിരിക്കുന്ന രാത്രിയിൽ അംഗങ്ങൾ തുടർച്ചയായി ആരാധന നടത്തിവരുന്നുണ്ടെന്നുള്ളതും അഭിമാനകരം തന്നെ.

സഖ്യത്തിന്റെ ഉദ്ദേശം, പരി. കുർബാനയുടെ സന്നിധിയിലെന്നപോലെ കുടുംബങ്ങളിൽ രാത്രിസമയത്തു് ആരാധന നടത്തുക എന്നതാണു്. പ്രത്യേകിച്ചു് രണ്ടുതരം ആളുകൾക്കാണു് ഇതു ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു് (1) പകൽസമയത്തു് അദ്ധ്വാനത്തിനുശേഷം പള്ളിയിൽപോയി ആരാധന നടത്തുവാൻ സാധിക്കാത്തവർക്കു. (2) മാസത്തിലെ ഏതെങ്കിലും ഒരു രാത്രി തിരഞ്ഞെടുത്തു്, തുടർച്ചയായി ആരാധന നടത്തുന്നതിനു അംഗങ്ങളുള്ള കുടുംബങ്ങൾക്കു്.

തിരുഹൃദയത്തോടുള്ള സ്നേഹത്തെപ്രതി, മാസത്തിൽ ഒരു രാത്രി അംഗങ്ങൾ മാറി മാറി ആരാധന നടത്തുക എന്നതു് എത്ര മഹത്തായ ഒരു പ്രവൃത്തിയാണു്. പരി. പിതാവു് ഇതിനു പ്രത്യേക ദണ്ഡവിമോചനങ്ങൾ കല്പിച്ചനുവദിച്ചിട്ടുണ്ടു്. കുടുംബകാര്യങ്ങൾ ആലോചിക്കുന്നതിനു മററു ലൗകികകാര്യങ്ങൾക്കുമായി രാത്രിയിൽ എത്ര സമയം വേണമെങ്കിലും ഉണർന്നിരിക്കുന്നതിനു വിഷമമില്ല. നാടകം, സിനിമാ ഇത്യാദികൾ കണ്ടാസ്വദിക്കുന്നതിനു് എത്ര രാത്രികൾ വേണമെങ്കിലും ഉറക്കമിളക്കുന്നതിനു തയ്യാറുള്ളവർ ധാരാളം. ഇവ മനസ്സിനും ശരീരത്തിനും അല്പം ഉല്ലാസംമാത്രം പ്രദാനം ചെയ്യുന്നു. എന്നാൽ ആത്മാവിനെ തൃപ്തിപ്പെടുത്തുവാൻ എത്രയോ ചുരുക്കംപേർ ശ്രമിക്കുന്നു. നമ്മുടെ ഒരു സഹോദരനു് സ്വ

ഖക്കേട്ട കലശലാകുന്നവെങ്കിൽ രാത്രി സമയം കാത്തിരുന്നു വേണ്ടത്ര ശുശ്രൂഷ ചെയ്യുന്നതിനു ഉപവി നമ്മെ പ്രേരിപ്പിക്കുന്നു. അങ്ങനെയെങ്കിൽ അനേകരാൽ പരിത്യക്തവും നിന്ദിതവുമായ ഈശോയുടെ തിരുഹൃദയത്തെ മെല്ലാന്നു ആശ്വസിപ്പിക്കുക എത്ര സമുചിതമാണു!

ഗത്സേമൻ തോട്ടത്തിൽ ഈശോ അനുഭവിച്ച വ്യാകുലതകൾ, ദിവ്യസക്രാരിയിൽ ദിവ്യനാഥൻെറ ഏകാന്തത, എന്നിവയെക്കുറിച്ചു ധ്യാനിച്ചുകൊണ്ടു കഴിക്കുന്ന മണിക്കൂറുകൾ എത്ര ആനന്ദപ്രദം! അപ്രകാരം ചെയ്യുന്നവർ തങ്ങൾക്കും തങ്ങളുടെ കുടുംബങ്ങൾക്കുംവേണ്ടിയും, പാപികൾ, മരിച്ചുപോയിരിക്കുന്നവർ എന്നിവർക്കുവേണ്ടിയും പ്രാർത്ഥിക്കുന്നു. വേറെയും പല പ്രത്യേകനിയോഗങ്ങളും വയ്ക്കാവുന്നതാണു്. ഉദാഹരണമായി, ഇൻഡ്യയുടെ മാനസാന്തരം, വൈദികർ, സന്യാസികൾ, തിരുസ്സഭാശത്രുക്കൾ, അകത്തോലിക്കർ, അജ്ഞാനികൾ എന്നിവർക്കുവേണ്ടിയും ഓരോ മണിക്കൂറിലും പ്രത്യേകനിയോഗങ്ങൾ വയ്ക്കാവുന്നതാണു്. ഇപ്രകാരം തങ്ങൾക്കും മററുള്ളവർക്കും അനേകനന്മകൾ ചെയ്യുന്നതിനു സാധിക്കുന്നു. അനന്തനന്മയെ അവഗണിച്ചു വിഷമതകൾ ഒഴിച്ചുവിടുന്നതിനു ശ്രമിക്കുന്നവരെയല്ല നാം അനുകരിക്കേണ്ടതു്. കാരണം നമ്മുടെ വഴി ഇടുങ്ങിയതും മുള്ളുകൾ നിറഞ്ഞതുമാണു്. വിഷമതകളെ അവഗണിച്ചു നമുക്കു സധൈര്യം മുന്നോട്ടുപോകാം. മാസത്തിലൊരിക്കൽ എങ്കിലും, നിവൃത്തിയുണ്ടെങ്കിൽ പാതിരായോടു സമീപിക്കുന്ന ഒരു മണിക്കൂർസമയം ആരാധനയിൽ ദിവ്യനാഥനു സമർപ്പിക്കുന്നതിനു നമുക്കു ഇപ്പോൾത്തന്നെ ദൃഢനിശ്ചയം ചെയ്യാം. കേരളത്തിൽ ഭൂരിഭാഗം കത്തോലിക്കർക്കും അതു നിഷ്പ്രയാസം ചെയ്യാവുന്ന കാര്യവുമാണു്.

ഫാദർ മത്തായി ക്രൂള്ളി ഭക്തജനങ്ങളോടു ചെയ്ത അഭ്യർത്ഥന അപ്രതീക്ഷിതമായ ഒരു വിജയമാണു കൈവരിച്ചതു്. അദ്ദേഹത്തിനു ലഭിച്ച അനേകം പ്രോത്സാഹജനകങ്ങളായ എഴുത്തുകളിൽ ഒന്നുമാത്രം ഇവിടെ ചേർക്കുന്നു.

"ഈശോയുടെ തിരുഹൃദയത്തിൻെറ സ്തുതിക്കായി, കുടുംബങ്ങളിൽ രാത്ര്യാരാധന, തിരുമണിക്കൂർ, എന്നിവയെപ്പററി പ്രതിപാദിച്ചിരുന്ന മാസിക ഞാൻ വായിച്ചു. സ്നേഹരാജനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന എൻെറ കുടുംബത്തിൽ ഞങ്ങൾ എല്ലാവരും അച്ചൻെറ അഭ്യർത്ഥന സസന്തോഷം സ്വീകരിക്കാം എന്നു വാഗ്ദാനം ചെയ്യുന്നു. ഞാനും, എൻെറ രണ്ടു കുട്ടികളും ഒരു വേലക്കാരനുംമാത്രം ഉള്ള ഒരു ചെറിയ കുടുംബമാണു ഞങ്ങളുടേതു്. ആയതിനാൽ രാത്രി പത്തുമുതൽ പതിനൊന്നുവരെയുള്ള സമയം വേലക്കാരനും, അതിനുശേഷം ഓരോ മണിക്കൂർ കുട്ടികളും, ബാക്കി നാലുമണിവരെയുള്ള മണിക്കൂറുകളിൽ ഞാനും ആരാധനനടത്താമെന്നു നിശ്ചയിച്ചു. എന്നാൽ കുട്ടികൾ എന്നോടൊന്നിച്ചു രാവിലെവരെ കാത്തിരിക്കുന്നതിനു ആഗ്രഹിക്കുന്നു. അതിനു അനുവദിക്കണമോ എന്നതിൽ അങ്ങയുടെ ഉപദേശം ഞാൻ വിനീതമായി ചോദിച്ചുകൊള്ളട്ടെ. വഷകാലത്തിൽ പ്രതിജ്ഞ നിറവേററുന്നതു് അവരുടെ ആരോഗ്യത്തിനു ഹാനികരമല്ലേ? ദയവായി ഇക്കാര്യം അവിടുന്നു നിശ്ചയിച്ചുതന്നാലും. 'അമ്മേ, അച്ചനോടു ഇക്കാര്യം ചോദിക്കുക. അദ്ദേഹത്തിൻെറ നിശ്ചയം തീർച്ചയായും ഈശോയുടെ അഭിലാഷവുമായിരിക്കും,' എന്നു കുട്ടികൾ തുടർച്ചയായി പറയുന്നതുകൊണ്ടാണു ഞാൻ അച്ചനെ ബുദ്ധിമുട്ടിക്കുന്നതു്."

രാത്ര്യാരാധനാസംഘത്തിൻെറ അംഗങ്ങൾ അവരുടെ കർത്തവ്യം കൃത്യമായി നിർവഹിക്കുന്നതിനു ഇതുപോലുള്ള ഉദാഹരണങ്ങൾ ഉത്തേജനം നൽകട്ടെ; ചേർന്നിട്ടില്ലാത്തവർക്കു ഉടൻതന്നെ അംഗമായി പേരെഴുതിക്കുന്നതിനു് ഒരു പ്രോത്സാഹനവുമായിരിക്കട്ടെ. ഇതിനെ സംബന്ധിച്ചു കൂടുതൽ വിവരങ്ങൾ അറിയുന്നതിനു് ആഗ്രഹിക്കുന്നവർ താഴെക്കാണിച്ചിരിക്കുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക.

സെക്രട്ടറി, രാത്ര്യാരാധനാസംഘം
മംഗലപ്പുഴസെമിനാരി, ആലുവാ.

വിമർശനവിധി

# ശുദ്ധികർമ്മത്തിനായുള്ള കേസ് വിസ്താരപ്രഹസനം

കമ്മ്യൂണിസ്റ്റു പാർട്ടിയുടെ സിററി കമ്മിററിയുടെ ഒരു മീററിംഗു കഴിഞ്ഞു, ഫാക്ടറിഭരണത്തിൽ ഉദ്യോഗമുള്ള എൻെറ ഒരു ആത്മസുഹൃത്തുമൊത്തു് ഞാൻ ഗൃഹത്തിലേക്കു കാറിൽ പോവുകയായിരുന്നു. അദ്ദേഹം അന്നു കാലത്തു മോസ്കോയിൽനിന്നു മടങ്ങിവന്നതേയുള്ളു. അവിടെ പലതരമായി ബന്ധങ്ങളുണ്ടായിരുന്നതിനാൽ അദ്ദേഹത്തിൽനിന്നു അവിടത്തെ വാർത്തകൾ അറിയുവാൻ എളുപ്പമുണ്ടായിരുന്നു. സിനോവീവ്, കാമനവ് മുതലായി ബോൾഷെവിക്കു വിപ്ലവത്തിലെ നേതാക്കന്മാരായിരുന്നവർ അറസ്റ്റുചെയ്യപ്പെട്ടെന്നും വിസ്തരിക്കപ്പെടുവാൻപോകുന്നെന്നും അറിയപ്പെട്ടിരുന്നതിനാൽ തലസ്ഥാനത്തുനിന്നുള്ള ഏതു വർത്തമാനശകലംപോലും അറിയുവാൻ ഞാൻ ഉൽസുകനായിരുന്നു. ലെനിൻെറ "വിപ്ലവപ്രധാനികൾ" തടവിലടയ്ക്കപ്പെട്ടെന്നും, വധശിക്ഷയ്ക്കു വിധേയരാക്കപ്പെടുമെന്നുമുള്ള ആശയംപോലും അസ്വാഭാവികവും അവിശ്വസനീയവുമായിരുന്നു.

"എന്താ ബഹളം? തുറന്നുപറയൂ." ഞാൻ സ്നേഹിതനെ നിർബന്ധിച്ചു.

"മോസ്കോ തലകീഴ് മറിഞ്ഞുകിടക്കുകയാണു്. ലെനിൻഗ്രാഡു ഒട്ടും ഭേദമല്ലെന്നാണു വർത്തമാനം. അറസ്റ്റുകൾ ആയിരക്കണക്കിനാണു്. ഇതൊന്നും ഒളിവിലല്ല നടക്കുന്നതു്. കമ്മ്യൂണിസ്റ്റുകാരും അല്ലാത്തവരും, ഒരുപോലെ അവരുടെ ആഫീസുകളിൽനിന്നു സകലരും കാൺകെ പിടിച്ചുകൊണ്ടു പോകപ്പെടുന്നു. മോസ്കോയിൽ ചെന്നാൽ ഞാൻ സാധാരണയായി സന്ദർശിക്കാറുള്ള അരഡസൻ പ്രധാന പാർട്ടിയംഗങ്ങൾ എവിടെപ്പോയെന്നാർക്കറിഞ്ഞുകൂടാ. എൻ. കെ. വി. ഡി. (രഹസ്യപ്പോലിസ്) മുകളറ്റംവരെ എത്തിക്കിടക്കുകയാണു്. ഒന്നാംകിടക്കാരെയും കമ്മിസാരന്മാരേയും ഫാക്ടറി മേധാവികളേയും ക്രംലിൻെറ അകത്തുള്ളവരെപ്പോലും അവർ പിടികൂടി കൊണ്ടുപോകുന്നു. കാര്യങ്ങൾ ധൃതഗതിയിലാണു നടക്കുന്നതു്. സൂക്ഷിച്ചിരുന്നുകൊൾവിൻ."

അതെ, ധൃതഗതിയിൽത്തന്നെ നടന്നു. പിറേറദിവസം ഞാൻ എൻെറ ഫാക്ടറിയിൽ ചെന്നപ്പോൾ എൻെറ അസിസ്റ്റൻറുമാരിലൊരാൾ രഹസ്യമായി പറഞ്ഞു, അതിലെ രണ്ടു എഞ്ചിനിയറന്മാരെ അറസ്റ്റുചെയ്തുകഴിഞ്ഞെന്നു്. സോവ്യററുകാരുടെ മററനേകം "രഹസ്യങ്ങളെ"പ്പോലെ ഈ വാർത്തയും ഫാക്ടറി മുഴുവനും പരന്നു. ഉച്ചയ്ക്കുമുമ്പു ഫാക്ടറിയിലെ പാർട്ടി കമ്മിററിയുടെ രണ്ടാമത്തെ സെക്രട്ടറി ചെൻസ്കിയിൽനിന്നു് ഒരു ഫോൺവിളി എനിക്കു കിട്ടി.

"ക്രൗച്ചൻകോ സഖാവേ," അദ്ദേഹം തുടങ്ങി. "ഏററവും മുഖ്യമായ ഒരു കാര്യത്തെപ്പററി എനിക്കു നിങ്ങളോടാലോചിക്കാനുണ്ടു്; അക്കാഡിമിഖിമാൻസ്കിയെപ്പററിയാണതു്. നിങ്ങൾ അദ്ദേഹത്തിൻെറ പ്രവൃത്തികൾ സൂക്ഷിച്ചിട്ടുണ്ടല്ലോ. അയാൾ നിങ്ങളുടെ വീട്ടിൽ വരികയും നിങ്ങൾ അയാളുടെ വീട്ടിൽ പോവുകയും ചെയ്യുന്നുണ്ടല്ലോ. അയാളെപ്പോഴെങ്കിലും നിങ്ങളോടു രാഷ്ട്രീയങ്ങളെപ്പററി സംസാരിച്ചിട്ടുണ്ടോ? ഉദാഹരണമായി ലെനിൻഗ്രാഡിൽ അയാളുടെ കഴിഞ്ഞ കാലത്തെ രാഷ്ട്രീയങ്ങളെപ്പററി?"

"ഇല്ല, ഫാക്ടറികാര്യങ്ങളൊഴിച്ചു മറേറതിനെപ്പററിയും ഞങ്ങൾ അപൂർവ്വമായേ സംസാരിച്ചിട്ടുള്ളു. അയാളുടെ കീഴും എൻെറ കീഴുമുള്ള യന്ത്രങ്ങൾ പലപ്പോഴും ഒരുമിച്ചു നടത്തേണ്ടതായിട്ടുണ്ടു്. അങ്ങനെ ഞങ്ങൾതമ്മിൽ കൂട്ടിമുട്ടാൻ ഇടവരുന്നതാണു്. എന്നാൽ രാഷ്ട്രീയം ഞങ്ങൾ സംസാരിച്ചതായി ഞാനൊന്നും ഓർക്കുന്നില്ല."

അന്നു വൈകുന്നേരം പാർട്ടി ബ്യൂറോയുടെ രഹസ്യമീററിംഗു നടന്നു. ഉന്മേഷരഹിതനായി അതിൽ സംബന്ധിക്കുവാൻ ഖിമാൻസ്കിയും വന്നു. ഈ അടിയന്തിരനടപടിയുടെ വിഷയം താനാണെന്നു അയാൾക്കു സ്വപ്നത്തിൽപ്പോലും വിചാരമുണ്ടായിരുന്നില്ല. മീററിംഗു തുടങ്ങി. ചെൻസ്കിയാണു അദ്ധ്യക്ഷത വഹിച്ചതു്. അദ്ദേഹത്തിൻെറ അടുത്തു് ഒരു അപരിചിതൻ ഇരുന്നിരുന്നു — കനത്തു തടിച്ച ശരീരം, വെടിയുണ്ടയുടെ ആകൃതിയിലുള്ളതും പരററ വടിച്ചതുമായ ശിരസ്സു്, ഗർവം തുളുമ്പുന്ന മുഖഭാവം. പൗരന്മാരുടെ വേഷത്തിലായിരുന്നെങ്കിലും, ഒരു തികഞ്ഞ രഹസ്യപ്പോലീസിൻെറ ചുറുചുറുപ്പും കാര്യക്ഷമതയും അതിനടിയിൽ ഒളിഞ്ഞുകിടന്നിരുന്നു.

"സഖാക്കളെ," ചെൻസ്കി ആരംഭിച്ചു. "പാർട്ടി ബ്യൂറോയുടെ യോഗം നമുക്കു തുടങ്ങാം. ഇന്നത്തെ അജൻഡായിൽ ഒരു വിഷയം മാത്രമേയുള്ളു. അതായതു് ഈ ഫാക്ടറിയുടെ അസിസ്റ്റൻറു മേധാവിയും കമ്മ്യൂണിസ്റ്റുപാർട്ടിയംഗവുമായ അക്കാഡിമിഖിമാൻസ്കിയുടെ കാര്യം."

"എൻെറ കാര്യമോ?" ഖിമാൻസ്കി ഉൽഘോഷിച്ചു, ചാടി എഴുന്നേററുകൊണ്ടു്.

"അതെ, നിങ്ങളുടെ കാര്യം. നിങ്ങളോടു ചോദിക്കുന്നതുവരെ അടങ്ങിയിരുന്നുകൊള്ളുക."

ഖിമാൻസ്കി തൻെറ ഇരിപ്പിടത്തിലേക്കു പതുക്കെ താണു. ഒരു തുള്ളി രക്തംപോലും മുഖത്തില്ലാതായി. ഒരു കൈത്തൂവാലകൊണ്ടു നെററി തുടച്ചു.

"സഖാക്കളെ, നമ്മുടെ അന്വേഷണവിഷയത്തെപ്പററി നിങ്ങൾക്കാർക്കെങ്കിലും എന്തെങ്കിലും പറയാനുണ്ടോ?"

ആരും മിണ്ടിയില്ല.

"കൊള്ളാം, അങ്ങനെയെങ്കിൽ ഖിമാൻസ്കി എഴുന്നേററു നില്ക്കു. നിങ്ങളുടെ പ്രവർത്തനങ്ങളെപ്പററി, ലെനിൻഗ്രാഡിൽ വച്ചുള്ളവ പ്രത്യേകിച്ചും, ചുരുക്കത്തിൽ ഞങ്ങളോടു പറയൂ."

പാവം ഖിമാൻസ്കി അപ്പോഴേക്കും ജ്വരപ്പനി പിടിപെട്ടതുപോലെ വിറയ്ക്കുകയായിരുന്നു. തൻെറ ജീവചരിത്രത്തിലെ ഉൾവഴികളിൽക്കൂടി വിക്കിവിക്കി പറഞ്ഞു സഞ്ചരിക്കുവാൻ തുടങ്ങി. തുടങ്ങിയിടത്തുതന്നെ പിന്നെയും ചെന്നെത്തി. പരിഭ്രമത്താൽ അപ്രകൃതങ്ങളായ കാര്യങ്ങളും കൊണ്ടുവന്നു ചാടിച്ചു. അക്കൂട്ടത്തിൽ അയാളുടെ വിവാഹത്തിൻെറ കാര്യവും. ഇതെല്ലാം കേട്ടിരുന്ന ആ അപരിചിതൻ അക്ഷമനായിത്തീർന്നു.

"തൻെറ രഹസ്യജീവിതമല്ല ഞങ്ങൾക്കറിയേണ്ടതു്" അയാൾ പറഞ്ഞു. "തൻെറ കഴിഞ്ഞ കാലത്തിലെ രാഷ്ട്രീയകാര്യങ്ങൾ കേൾക്കയാണു ഞങ്ങൾക്കാവശ്യം."

"കൊള്ളാം, സഖാക്കളെ, അതിൽ രഹസ്യമൊന്നുമില്ല...... ഞാൻ ഒരു നൂറു പ്രാവശ്യം അതു വിശദീകരിച്ചിട്ടുണ്ടല്ലോ... ലെനിൻഗ്രാഡിലെ കാര്യത്തെപ്പററിയാണു ഞാൻ വിവക്ഷിക്കുന്നതു്. ഞാൻ അന്നു അല്പസ്വല്പം അനിശ്ചിതാവസ്ഥയിലായിരുന്നു... ഞാൻ ചഞ്ചലിച്ചു ചില ട്രോട്സ്കീക്കാരുമായി കൂടിക്കഴിയുവാനിടവന്നു. (ട്രോട്സ്കി ലെനിൻെറ വലംകൈയായിരുന്നെങ്കിലും സ്റ്റാലിനുമായി തെററുകയും രാജ്യം വിട്ടു ഒളിച്ചോടിപ്പോകയും മെക്സിക്കോയിൽവച്ചു സ്റ്റാലിൻെറ ദൂതന്മാരാൽ വധിക്കപ്പെടുകയും ചെയ്ത ആളാണു്.) ഇതൊന്നും രഹസ്യമല്ല. പാർട്ടി അതെല്ലാം ഔദാര്യമായി എന്നോടു ക്ഷമിച്ചിട്ടുമുണ്ടു്. അതെ, പാർട്ടി എന്നെ വിശ്വസിച്ചു. ഞാൻ നല്ലൊരു പേരു സമ്പാദിക്കുകയും ചെയ്തു. മാത്രമല്ല, സഖാക്കളെ, ഇതൊക്കെ എത്രയോ കൊല്ലങ്ങൾ മുൻപു നടന്ന കാര്യങ്ങളാണു്..."

"എത്രയോ മുമ്പോ!" ചെൻസ്കി അപഹസിച്ചു. "സിനോവീവിൻേറയും ട്രോട്സ്കിയുടേയും മററു "കാട്ടുപട്ടി"കളുടേയും വൃത്തികെട്ട പ്രവൃത്തികളും എത്രയോ മുമ്പുള്ളവയാണു്! മുമ്പുള്ളവയാണെന്നുള്ള ഒഴിവുകഴിവു പറഞ്ഞു ജനതതിയുടെ ശത്രുക്കൾക്കു ഇനി രക്ഷപെടാൻ സാദ്ധ്യമല്ല. ഒന്നു പറയൂ, ഖിമാൻസ്കി, സെൻട്രൽക്കമ്മിററിക്കും നമ്മുടെ പ്രിയപ്പെട്ട നേതാവായ സ്റ്റാലിൻ സഖാവിനും എതിരായി താനൊരിക്കലും സംസാരിച്ചിട്ടില്ലായോ?"

"ഇല്ല, ഒരിക്കലുമില്ല.

ചെൻസ്കി ആ രഹസ്യപ്പോലിസുകാരനോടു ആംഗ്യം കാണിച്ചു. അയാൾ അലറുവാൻ തുടങ്ങി.

"പൗരനായ ഖിമാൻസ്കി, താൻ പാർട്ടിയെ മുഖത്തു നോക്കി വഞ്ചിക്കുകയാണു്. (ഇന്ന) സ്ഥലത്തുവച്ചു ഈ എതിരാളികളുടെ മീററിംഗിൽ, ആഗസ്റ്റുമാസം (ഇന്ന) തിയതി താൻ നാവിട്ടു അലക്കിയില്ലയോ?"

ഈ ക്രോസ്സു ചോദ്യങ്ങൾ ഏകദേശം അരമണിക്കൂറോളം ദീർഘിച്ചു. അവയിലൊന്നും കാര്യമായതായിരുന്നില്ല. എങ്കിലും എല്ലാം കൂടി ചേർത്തു് ആ രഹസ്യപ്പോലിസുകാരനും അതിനോടൊത്തു ചെൻസ്കിയും ബഹളം കൂട്ടിയപ്പോൾ അവസ്ഥ വിഷമമായി.

* * *

എൻെറ ദുരവസ്ഥ

1936 നവംബറിൽ ഇതേ വലയിൽ അകപ്പെടുവാനുള്ള നിർഭാഗ്യം എനിക്കും വന്നു. ഖിമാൻസ്കിയുടെ കാര്യത്തിലെപ്പോലെ എനിക്കും പെട്ടെന്നവേയാണു വന്നുപിടിപെട്ടതു്. ഫാക്ടറിക്ലബ്ബിൻെറ ഒരു വിനോദശാലയിൽ ഞങ്ങൾ ഒരു പാർട്ടിമീററിംഗു നടത്തുകയായിരുന്നു. പാർട്ടി സെക്രട്ടറിയുടെ ജോലിക്കു പുതുതായി നിയമിക്കപ്പെട്ട, ഞങ്ങൾക്കെല്ലാം അപരിചിതനായിരുന്ന, ലോസു് എന്നു പേരുള്ള ഒരു വെകിളിപിടിച്ച മനുഷ്യൻ അദ്ധ്യക്ഷതവഹിച്ചു.

"സഖാക്കളെ," ലോസു് തുടങ്ങി, "ഈ ഫാക്ടറിയുടെ ഡയറക്ടറും കമ്മ്യൂണിസ്റ്റു പാർട്ടി അംഗവുമായ വിക്ടർ ക്രൗച്ചൻകോയുടെ കാര്യത്തെപ്പററി ചർച്ചചെയ്യണമെന്നാണു എൻെറ അഭിപ്രായം. ഈ സഖാവിൻെറ കഴിഞ്ഞ കാലത്തെയും ഇപ്പോഴത്തെയും പ്രവർത്തനങ്ങളെപ്പററി വളരെ ഗൗരവങ്ങളായ ആക്ഷേപണങ്ങളടങ്ങിയ റിപ്പോർട്ടുകൾ നമുക്കു ലഭിച്ചിട്ടുണ്ടു്."

"കുററാരോപണം ചെയ്യാനുള്ളവർ ആ കൃത്യം നിർവ്വഹിക്കട്ടെ." ഹാളിൻെറ പിന്നിലിരുന്നു ആരോ വിളിച്ചുപറഞ്ഞു.

"അങ്ങനെതന്നെ." ലോസു് സമ്മതിച്ചു. "എഞ്ചിനിയർ ഗ്രിനരിക്കാവു് മുന്നോട്ടുവന്നു സംസാരിക്കട്ടെ."

ഈ മക്കാവിനെ ഞങ്ങളുടെ പഠനകാലംമുതൽ ഞാനറിയും. യാതൊരു കാര്യപ്രാപ്തിയുമില്ലാത്ത, നിസ്സഹായനായ, മററുള്ളവരുടെ സഹതാപം ചൂഷണംചെയ്തുജീവിക്കുന്ന, ഒരുവനായിരുന്നു ഇയാൾ. നിക്കോപ്പോളിൽ ഞാനാണു അയാൾക്കു ജോലിയും താമസസ്ഥലവും ഉണ്ടാക്കിക്കൊടുത്തതു്. അയാൾ എന്നോടു കൃതജ്ഞനാണെന്നുള്ള വിശ്വാസം, എൻെറ പച്ചപ്പരമാർത്ഥതയിൽ, എനിക്കിപ്പോഴുമുണ്ടായിരുന്നു.

"ഞാൻ അനേകവർഷങ്ങളായി ക്രൗച്ചൻകോയെ അറിയാൻ തുടങ്ങിയിട്ടു്." അയാൾ പറയാൻ തുടങ്ങി "ഇദ്ദേഹം മെററലൂർജിക്കൽ ഇൻസ്റ്റിററ്യൂട്ടിൽവച്ചു പാർട്ടികമ്മിററി ബ്യൂറോയിലെ അംഗമായിരുന്നു. ആ കമ്മിററിയിലെ അദ്ദേഹത്തിൻെറ സഹകാരികൾ അധികംപേരും അറസ്റ്റു ചെയ്യപ്പെട്ടു. പ്രത്യേകിച്ചു, അയാളുടെ രണ്ടു സ്നേഹിതന്മാർ. സഖാക്കളേ, ഇതെല്ലാം യദൃശ്ചികമാണോയെന്നു ഞാൻ സംശയിക്കുന്നു. ഞാൻ പറയാൻ ആഗ്രഹിക്കുന്നതെന്തെന്നാൽ, ഇക്കാലങ്ങളിലെല്ലാം ഒരു പാർട്ടിയംഗമെന്നനിലയിൽ ക്രൗച്ചൻകോ പാർട്ടിയെ വഞ്ചിക്കുകയാണു ചെയ്തിട്ടുള്ളതു്. ഒരു പ്രധാനവസ്തുത അയാൾ പാർട്ടിയിൽനിന്നു മറച്ചുവച്ചു—അതായതു് അയാളുടെ പിതാവിൻെറ കഴിഞ്ഞകാലത്തിലെ രാഷ്ട്രീയനില. സോവ്യററു വിപ്ലവത്തിനുമുൻപു് അയാളുടെ പിതാവു് സജീവപ്രവർത്തകനായ ഒരു മെൻഷെവിക്കു (ബോൾഷെവിക്കിൻെറ എതിരാളിപ്പാർട്ടി) കക്ഷിയായിരുന്നുവെന്നു അയാളെന്തുകൊണ്ടു പാർട്ടിയോടു പറഞ്ഞില്ല? വിപ്ലവത്തിനുശേഷം അയാളുടെ പിതാവു് പാർട്ടിക്കാരല്ലാത്ത തൊഴിലാളികളെ നമ്മുടെ

പ്രിയപ്പെട്ട നേതാവിന്റെ നയപരിപാടികൾക്കെതിരായി കത്തിയിളക്കിയതും അയാളെന്തുകൊണ്ടെന്നു പറഞ്ഞില്ല?"

"ക്രൗച്ചൻകോയെപ്പററി വേണം സംസാരിക്കാൻ, അല്ലാതെ അയാളുടെ പിതാവിനെപ്പററിയല്ല." ആരോ ഇടയ്ക്കു കയറിപ്പറഞ്ഞു.

"ആപ്പിൾപ്പഴം ആപ്പിൾവൃക്ഷത്തിൽനിന്നു അധികം ദൂരെ ഉരുണ്ടുപോകുന്നില്ല" സഖാവു ലോസു് പ്രത്യുത്തരമായി ഉദ്ഘോഷിച്ചു. "മക്കാറോവു സഖാവേ, അടിച്ചമർത്തിക്കൊള്ളുക."

"അപ്പറഞ്ഞതു ശരി." മക്കാറോവു് തുടർന്നു. "ആപ്പിൾപ്പഴം വൃക്ഷത്തിൽനിന്നു വളരെ ദൂരം ഉരുണ്ടുപോകുന്നില്ല. ക്രൗച്ചൻകോ അയാളുടെ പിതാവിനെക്കാൾ ഒട്ടും ഭേദമല്ല. അയാൾ "വിദേശഘടകങ്ങളെ" തന്റെ ചുററും കൂട്ടിക്കൊണ്ടാണിരുന്നിട്ടുള്ളതു്. നമ്മുടെ പാർട്ടിയംഗങ്ങളല്ലാത്ത വളരെയധികം പേരെ അയാളുടെ ഡിപ്പാർട്ടുമെന്റിൽ തട്ടിക്കൂട്ടിയിട്ടുള്ളതു യാദൃച്ഛികമാണെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ? അയാളുടെ അസിസ്റ്റന്റുദ്യോഗസ്ഥന്മാർ ആരാണു്? അയാളുടെ ഫോർമന്മാർ ആരാണു്? അറസ്റ്റു ചെയ്യപ്പെട്ട മെൻഷവിക്കുകാരനായ ഡുബിനിസ്കി ആരാണു്? അറസ്റ്റു ചെയ്യപ്പെട്ട ജർമ്മൻ ഫാസിസ്റ്റുകാരനായ സെൽമാൻ ആരാണു്? ഇതുപോലെ മററു പലരുടേയും പേരുപറയുവാൻ എനിക്കു കഴിയും. നമ്മുടെ എൻ. കെ. വി. ഡി. (രഹസ്യപ്പോലീസു) നടത്തിയ അന്വേഷണത്താൽ തെളിഞ്ഞിട്ടുള്ള നശീകരണപ്രവൃത്തികളുടെ കർത്താക്കളും നമ്മുടെ പാർട്ടിയിൽ പെടാത്തവരും യഥാർത്ഥ ശത്രുക്കളും ആയവരാണു് ഇവരെല്ലാം."

* * *

"പാർട്ടിയംഗമായ എഞ്ചിനീയർ ഷെയ്ക്കെവിച്ചു് മുന്നോട്ടുവന്നു സംസാരിക്കട്ടെ." ലോസു് നിർദ്ദേശിച്ചു. ഷെയ്ക്കെവിച്ചു് സാധാരണയിൽ കുറഞ്ഞ പൊക്കവും വണ്ണവും ഉള്ള ആളാണു്. ചുരുങ്ങിയ കുരങ്ങുമുഖം. ചെറിയ ക്രൂരനേത്രങ്ങൾ.

"സഖാക്കളേ, സഖാവു ക്രൗച്ചൻകോയ്ക്കെതിരായി ഞാനും ചില കുററാരോപണങ്ങൾ ബോധിപ്പിച്ചിട്ടുണ്ടു്." അയാൾ കള്ളസ്വരത്തിൽ തട്ടിവിട്ടു. "വളരെനാളായി ഞാൻ ഇയാളെ അടുത്തു സൂക്ഷിച്ചുകൊണ്ടിരിക്കയാണു്. വർത്തമാനപ്പത്രങ്ങളും റേഡിയോയും ഇയാളെ ആകാശത്തോളം പുകഴ്ത്തിയിട്ടുണ്ടെന്നുള്ളതു ശരിതന്നെ. ഇയാളുടെ ഛായാപടം വർത്തമാനപ്പത്രങ്ങളിൽ എത്രവളരെ പ്രാവശ്യമാണു് പ്രത്യക്ഷപ്പെട്ടിട്ടുള്ളതു്! എന്നാൽ രാജ്യത്തിനുവേണ്ടിയുള്ള ഈ സേവനങ്ങളെല്ലാം ഒരു മൂടുപടം മാത്രമായിരുന്നു. അതിന്റെ പിന്നിൽനിന്നാണു് ഇയാൾ തന്റെ വഞ്ചനാപരമായ കൃത്യങ്ങളെല്ലാം നടത്തിയിട്ടുള്ളതു്. ഇൻസ്റ്റിറ്റ്യൂട്ടിലായിരുന്നപ്പോൾ ഇയാൾ കൂട്ടുകൃഷിസമ്പ്രദായത്തെ ആക്ഷേപിച്ചിരുന്നു. അതെല്ലാവർക്കും അറിയാം. ഫാക്ടറിയിൽവച്ചും അങ്ങനെതന്നെ. എപ്പോഴും ദുർമ്മുഖമായുള്ള. അയാളുടെ മഹത്തായ വാസനകൾക്കു് ഒന്നും യോജിച്ചിരിക്കുന്നതായി അയാൾ കാണുന്നില്ലത്രേ! ഇത്ര ഉന്നതമായ ഉദ്യോഗത്തിൽ അയാൾ ചെന്നുപററിയതെന്തുകൊണ്ടു്? മോസ്കോയിലും കാർക്കോവിലും മിത്രങ്ങളുള്ളതുകൊണ്ടു്! സാമർത്ഥ്യംകൊണ്ടല്ല, സംബന്ധങ്ങൾകൊണ്ടാണു്!"

ഷെയ്ക്കെവിച്ചിന്റെ പിന്നാലെ സംസാരിക്കാനെഴുന്നേററതു് യൂഡെവിൻ ആണു്. അയാളുടെ സ്വന്തം ശരിക്കു എൻ. കെ. വി. ഡി. യുടേതായിരുന്നു. ഒരു പോലീസ് ഏജന്റാണെന്നു് എനിക്കറിയാമായിരുന്നതിനാൽ ഇയാളുടെകൂട്ടു ഞാൻ വേണ്ടെന്നുവച്ചിരുന്നു. അതു പലിശയോടുകൂടി മടക്കിത്തരാൻ അയാൾ തയ്യാറായിരിക്കയാണു്.

"സഖാക്കളേ," അയാൾ പറഞ്ഞു, "മററുപ്രാസംഗികന്മാരുടെ അനുമാനങ്ങളെ ഞാൻ പിൻതാങ്ങുകമാത്രമല്ല, ഏററം ഗൗരവാവഹമായ ഒരു പോയിന്റിലേക്കു വരണമെന്നുമാണു് എന്റെ ആഗ്രഹം. ക്രൗച്ചൻകോ "ഒരു സബൊത്തേർ" (അകമേനിന്നു നശിപ്പിക്കുന്നവർ) ആണോ?"

ഈ ഭയങ്കരമായ പദം വലിയതോക്കുണ്ടപോലെ മുഴങ്ങി. സഭാവാസികൾ മൗനത്തിലാണ്ടു. അതുവരെയും ഞാൻ മനസ്സാന്നിദ്ധ്യം വിടാതിരുന്നു. ഇപ്പോൾ ഞാൻ വിയർപ്പിൽ കുളിച്ചു. എന്തുരീതിക്കാം ഇയാൾ ഉന്നംവയ്ക്കുന്നതെന്നു ഞാൻ ആശ്ചര്യപ്പെട്ടു. വെളിയിൽ നടക്കുന്ന ഈ രഹസ്യപ്പോലീസുകാരനും അവന്റെ യജമാനനായ ഗർഷാനും എനിക്കെതിരായി മനഞ്ഞുണ്ടാക്കുന്നതു് എന്തെന്നു ഞാനറിഞ്ഞില്ല.

"അതെ, ഒരു സബൊത്തേർ തന്നെ! ഈ ക്രൗച്ചൻകോ മനഃപൂർവ്വം പത്തുലക്ഷം റൂബിൾസു് വിലയുള്ള സോവ്യററു നാണയങ്ങൾ നിഷ്ഫലങ്ങളാക്കി. അതെങ്ങനെയാണെന്നറിയാമോ? എളുപ്പമായ ഒരു സൂത്രത്താൽ! വളരെ വിലപിടിച്ച എല്ലാത്തരം യന്ത്രോപകരണങ്ങൾ അയാൾ വരുത്തി തന്റെ ഫാക്ടറിയിൽ കെട്ടിപ്പൂട്ടിയായി വച്ചിരിക്കയാണു്. ഇതിൽ യാതൊന്നും ഉപയോഗിക്കുന്നില്ല. ചിലതു് കെട്ടഴിച്ചിട്ടുപോലുമില്ല. ഇതെല്ലാം ഗവമ്മെന്റിനും രാജ്യത്തിനും ദ്രോഹം ചെയ്യുവാൻ കരുതിക്കൂട്ടിച്ചെയ്ത വഞ്ചനയാണെന്നു ഞാൻ വാദിക്കുന്നു.

* * *

പിറേറന്നു കാലത്തു നിക്കോപ്പോളിലെ വർത്തമാനപ്പത്രം തുറന്നു നോക്കിയപ്പോൾ ഞാനതിൽ എന്നെ കുററക്കാരനായിട്ടാണു് കണ്ടതു്. അതിലെ പംക്തികളിൽ ഇതുവരെ എന്നെക്കുറിച്ചു സ്തുതിച്ചു വന്നതിനു പകരം പകക്കാരനെന്ന നിലയിൽ അവ എന്നെ ഇപ്പോൾ ചിത്രീകരിച്ചിരിക്കയാണു്. ചെമ്പടയെ സംഘടിപ്പിച്ച ട്രാട്സ്കി ഒരു 'ജർമ്മൻ ചാരൻ' ആയിത്തീർന്നെങ്കിൽ; ലെനിനോടുകൂടി വിപ്ലവമുണ്ടാക്കിയ മഹാരഥന്മാർ ഇപ്പോൾ വിദേശികളിൽനിന്നു കോഴ പററിക്കൊണ്ടിരിക്കുന്ന "കാട്ടുപട്ടികളായി"ത്തീർന്നെങ്കിൽ, നിക്കോപ്പോളിൽ ജോലിചെയ്യുന്ന ക്രൗച്ചൻകോ 10 ലക്ഷം റൂബിൾസു് വിലയുള്ള അനാവശ്യകങ്ങളായ യന്ത്രോപകരണങ്ങൾ വാങ്ങിച്ചു സോവ്യററു ഭരണകൂടത്തെ തട്ടിമറിക്കുവാൻ പാടില്ലെന്നുണ്ടോ!

നിക്കോപ്പോളിലെ ഈ സംഭവങ്ങൾക്കു് ഒത്തപോലെയായിരുന്നു എന്റെ ജന്മദേശത്തു നടന്നുകൊണ്ടിരുന്ന സംഭവങ്ങൾ. ഞങ്ങളുടെ അയൽപക്കത്തുള്ള 3 കുടുംബങ്ങളിലെ നായകന്മാർ ഒററരാത്രികൊണ്ടു് ഈ ശുദ്ധീകരണവിഭ്രാന്തിക്കു് വിധേയരായി ശിരച്ഛേദം ചെയ്യപ്പെട്ടു. അവരെല്ലാവരും പാർട്ടിയിൽ പെടാത്തവരായിരുന്നു.

* * *

എന്റെ കേസ്സു് വിചാരണയ്ക്കെടുക്കുവാൻ കുറെദിവസം കഴിഞ്ഞപ്പോൾ ഫാക്ടറിയിലെ പാർട്ടികമ്മിററിയുടെ ഒരു പ്രത്യേക രഹസ്യയോഗം വിളിച്ചുകൂട്ടപ്പെട്ടു. വീണ്ടും ഞങ്ങളുടെ ക്ലബ്ബിലെ വിനോദമന്ദിരത്തിലാണു് യോഗം ചേന്നതു്. പ്ലാററ്ഫോറത്തിൽ പാർട്ടിയുദ്യോഗസ്ഥന്മാർ ചെങ്കൊടികളുടേയും പാർട്ടിനേതാക്കന്മാരുടെ ഛായാപടങ്ങളുടേയും കീഴിൽ നിരന്നിരുന്നു. അവിടെ മുഴുവനും ദീപാവലിയാൽ പ്രകാശമാനമായി. ഒരു നാടകാഭിനയം നടക്കാൻ പോവുകയാണോയെന്നുള്ള പ്രതീതിയാണു് അനുഭവപ്പെട്ടതു്. അനാസ്ഥവിടാതെയും നിശ്ചലനായും ഇരിക്കണമെന്നുള്ള എന്റെ സകല പ്രതിജ്ഞകളേയും ഉല്ലംഘിച്ചുകൊണ്ടു, നഖശിഖാന്തം ഞാൻ വിറയ്ക്കുവാൻ തുടങ്ങി. ലോസു് തന്നെയാണു് നടപടിയാരംഭിച്ചതു്. അയാളുടെ പ്രസംഗം ദുസ്സൂചനകളുടേയും ജനക്കൂട്ടത്തെ ഇളക്കാൻ പോരുന്ന വികാരപ്രകടനങ്ങളുടേയും ഒന്നാംതരം മാതൃകയായിരുന്നു. എന്റെ കുററം "ചീക്കവാററം" തെളിഞ്ഞിരിക്കുന്നു. എന്റെ പിതാവു "സോവ്യററു വിരോധി"യാണെന്നുള്ളതിനു "സംശയമില്ല" എന്റെ നശീകരണപ്രവൃത്തികളുടെ വിശദവിവരങ്ങൾ "മററുവഴിക്കും" "മററു സ്ഥലങ്ങളിലും" തീരുമാനിക്കപ്പെട്ടും. ഇതായിരുന്നു പ്രസംഗത്തിന്റെ ചുരുക്കം.

[അനന്തരം ആർക്കെങ്കിലും സംസാരിക്കാനിഷ്ടമുണ്ടെങ്കിൽ ആകാമെന്നു അദ്ധ്യക്ഷൻ പ്രസ്താവിച്ചു. പലരും കുററം സ്ഥാപിച്ചു പ്രസംഗിച്ചു. ഒന്നുരണ്ടുപേർ കുററം തെളിഞ്ഞിട്ടില്ലെന്നു വാദിച്ച അപ്പോഴേക്കും ഹാളിന്റെ പിന്നിൽനിന്നു വെടിമുഴക്കംപോലെ ഒരു ശബ്ദം കേട്ടു. നിക്കോപ്പോളിലെ എൻ. കെ. വി. ഡി. യുടെ പ്രധാനി ഡൊറോഥെന്റേതായിരുന്നു അതു് "ഇനി മതി! ഈ പ്രഹസനം അവസാനിപ്പിച്ചു് ഈ ശത്രുവിനെ നമുക്കു ബഹിഷ്കരിക്കാം." എന്നു സ്വരം ഹാളിൽ മുഴങ്ങി. "അതു പാടില്ല സഖാക്കളേ, ക്രൗച്ചൻകോയ്ക്കു് ഇഷ്ടമുണ്ടെങ്കിൽ 5 മിനിററു സംസാരിക്കാം." എന്നു ലോസു് പ്രസ്താവിച്ചു. പിന്നെ നടന്നതു ഗ്രന്ഥകാരന്റെ വാക്കുകളിൽ ഉദ്ധരിക്കുന്നു]

ഞാൻ സ്റ്റേജിലേക്കു നടന്നുചെന്നു. ഈ സന്ദർഭത്തിലേക്കു വേണ്ടതെല്ലാം ഞാൻ മനസ്സിൽ ഒരുക്കിവച്ചിട്ടുണ്ടായിരുന്നു. എന്നാൽ ഇത്ര കുറച്ചുസമയമേ എനിക്കു ലഭിക്കുകയുള്ളുവെന്നു ഞാൻ വിചാരിച്ചില്ല. എന്റെ വാദങ്ങൾ ചുരുക്കിയപ്പോൾ അവ ദുർബ്ബലങ്ങളായിത്തീർന്നു. ഈ സന്ദർഭം ഞാൻ ഫലപ്രദമാക്കുന്നില്ലെന്നു എനിക്കുതന്നെ തോന്നി. സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ എന്റെ ദൃഷ്ടികൾ, അപ്പോഴും പത്തുമാവതോടുകൂടി ചാഞ്ചാടിക്കൊണ്ടിരുന്ന ഡൊറോഥെന്റെ മുഖത്തുനിന്നെടുക്കുവാൻ എനിക്കു സാധിച്ചില്ല. എന്റെ വാദം കഴിഞ്ഞു വോട്ടെടുപ്പു നടന്നു. ഡൊറോഥെന്റെ സാന്നിദ്ധ്യംതന്നെ സകലരേയും ഭീഷണിപ്പെടുത്തുന്ന ഘടകമാകുന്ന എന്റെ ബഹിഷ്കരണത്തിനെതിരായി 6 പേർ മാത്രമേ വോട്ടു ചെയ്തുള്ളു. ലോസ് ആ വോട്ടുകൾ അവഗണിച്ചു.

"ഏകകണ്ഠമായ വോട്ടുവഴിയായി" അദ്ദേഹം പ്രഖ്യാപിച്ചു, "വിക്ടർ ക്രൗച്ചൻകോയെ ബഹിഷ്കരിക്കാനെന്നു് ഈ യോഗം സിററിക്കമ്മിററിക്കു ശുപാർശചെയ്യുന്നു."

* * *

റഷ്യയിൽ ലെനിന്റെ കൂട്ടുപ്രവർത്തകന്മാരായിരുന്ന സോവ്യററു നേതാക്കന്മാർ തുടങ്ങി ആയിരക്കണക്കിനു് ആളുകളെ കൊന്നൊടുക്കിയ ശുദ്ധീകരണത്തിനെന്നകണക്കെ നടത്തപ്പെട്ട കേസ്സുവിസ്താരപ്രഹസനങ്ങളുടെ ഒരു മാതൃകയാണു് I Chose Freedom എന്ന ഗ്രന്ഥമെഴുതിയ അനുഭവസ്ഥൻ മുകളിൽ വിവരിച്ചിരിക്കുന്നതു്.

# തീർത്ഥകസ്മരണകൾ

## V

പ്രാതൽകഴിഞ്ഞു കുറച്ചുനേരം വിശ്രമിച്ചതിനുശേഷം ഷാർജയിൽനിന്നു 9 മണിക്കു യാത്ര പുറപ്പെടണമെന്നായിരുന്നു പ്രോഗ്രാം. ഇതിനിടയ്ക്കു ഇന്ത്യൻ സമയം ഒന്നരമണിക്കൂർ പിന്നിട്ടുകഴിഞ്ഞു. റോമായിലെത്തുമ്പോൾ അതു നാലര മണിക്കൂറായി കൂടുമെന്നും ക്യാപ്റ്റൻ പറഞ്ഞു. സംഭാഷണമധ്യേ ഞാൻ അദ്ദേഹത്തോടു ചോദിച്ചു: എത്രതവണ റോമായിലും മററു വിദേശരാജ്യകേന്ദ്രങ്ങളിലും വിമാനത്തിൽ പോയിട്ടുണ്ടു്? ഇതാദ്യമാണെന്നായിരുന്നു മറുപടി. പ്രതീക്ഷിക്കാത്ത ഈ പ്രത്യുത്തരം കേട്ടപ്പോൾ എനിക്കുണ്ടായ അമ്പരപ്പും അത്ഭുതവും അദ്ദേഹം ഗ്രഹിക്കാതിരുന്നില്ല. പുഞ്ചിരിതൂകിക്കൊണ്ടദ്ദേഹം തുടർന്നു: ഞങ്ങൾക്കു ഭൂമുഖത്തെവിടെയും മുൻപരിചയമൊന്നും കൂടാതെതന്നെ പറന്നെത്തുവാൻ തക്ക പരിശീലനവും സിദ്ധിച്ചിട്ടുണ്ടു്. അതെങ്ങനെയാണെന്നു വിമാനം പറന്നുകൊണ്ടിരിക്കുമ്പോൾ "കോക്ക്പിററ്" എന്നു പറയുന്ന യന്ത്രമുറിയിൽ വന്നാൽ വിശദീകരിച്ചു കാണിക്കാം. കോക്ക്പിററിൽ വിമാനസാരഥികളുടെ മുമ്പിൽ വിസ്തൃതവും വിശദവുമായ വ്യോമവീഥികളുടെ ചാർട്ടുകൾ വിടർത്തിവച്ചിട്ടുണ്ടു്. ലോൺജിററ്യൂഡ്, ലാററിററ്യൂഡു നോക്കി ആ ആകാശപാതകളിലൂടെ അവർ വിമാനം പറപ്പിച്ചു് പറഞ്ഞ സമയത്തു് അടുത്തുള്ള വിമാനസങ്കേതത്തിൽ ചെന്നിറങ്ങുന്നതു കണ്ടാൽ ആരും അത്ഭുതസ്തബ്ധരാകും; ചെപ്പട്ടിനെ ഹാർദ്ദമായി അഭിനന്ദിക്കും. അമരയന്ത്രങ്ങൾ നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന ക്യാപ്റ്റനും, കോപൈലട്ടു, പിന്നിട്ടുള്ളതും, മുമ്പിലുള്ളതുമായ വിമാനത്താവളങ്ങളിലേക്കു അപ്പഴപ്പോൾ സന്ദേശങ്ങൾ കൈമാററം ചെയ്തുകൊണ്ടിരിക്കുന്ന റേഡിയോ പ്രവർത്തകനും മാത്രമേ യന്ത്രമുറിയിൽ ഉണ്ടായിരിക്കയുള്ളു. യാത്രക്കാർക്കു് അവിടെ പ്രവേശനമില്ല. രാവായാലും പകലായാലും കണ്ണിൽ എണ്ണയൊഴിച്ചാലെന്നവണ്ണം വിമാനോദ്യോഗസ്ഥന്മാർ ഉണർന്നിരിക്കും. തങ്ങളുടെതന്നെയല്ല സഞ്ചാരികളുടേയും ജീവൻ തങ്ങളുടെ കൈയിലാണെന്ന ബോധം അവർക്കെല്ലാം ഉണ്ടു്. വിമാനത്തിൽ കയറുന്നതിനുമുമ്പു് വിമാനയാത്രയ്ക്കു മദ്യം അവർ തൊട്ടുകൂടെന്നാണു് നിശ്ചിതമായ നിയമം. ഈ നിയമം ലംഘിച്ചതായി സംശയം തോന്നിയാൽ, വിമാനത്താവളാധികാരികൾ വിമാനത്തിൽ കയറുവാൻ അവരെ അനുവദിക്കയില്ല. ഇതുപോലെയുള്ള ചട്ടവും ചിട്ടയും നമ്മുടെ നാട്ടിലെ മോട്ടോർ ഡ്രൈവർമാർക്കും ഉണ്ടായിരുന്നെങ്കിൽ എന്നു ഞാൻ സവിനയം ആശിച്ചു. എത്ര ബസ്സപകടങ്ങളും ജീവാപായങ്ങളും അങ്ങനെ അകററിനിറുത്താമായിരുന്നു!

കെ. എം. മാത്തൻ — ഇദ്ദേഹമായിരുന്നു കപ്പിത്താൻ. കേവലമൊരു യുവാവാണെങ്കിലും ഗൗരവപ്രകൃതിയും കാര്യപ്രാപ്തിയും പ്രതിബിംബിക്കുന്ന മുഖഭാവം. സർവ്വോപരി മിതഭാഷി. തൻമേലേറിയിരുന്ന ചുമതലയുടെ വലുപ്പവും ഭവിഷ്യത്തും വാക്കിലും നോക്കിലും പ്രസ്പഷ്ടമായി കാണാമായിരുന്നു. കോ-പൈലട്ട് മി. ചാണ്ടി ഒരു പാഴ്സിയുവാവാണു്. എഞ്ചിനീയർ മി. നേർലനും, റേഡിയോ ഓഫീസർ മി. സെറാവുവും കത്തോലിക്കരാണു്. ക്യാപ്റ്റൻ അകത്തോലിക്കനാണെങ്കിലും തിരുവിതാംകൂറിലെ ഒരു പ്രശസ്തകുടുംബാംഗമാണെന്നറിഞ്ഞപ്പോൾ കേരളീയരായ ഞങ്ങൾക്കുളവായ അഭിമാനവും ആഹ്ലാദവും വലുതാണു്. സത്യസഭയുടെ കേന്ദ്രവും പല പ്രമുഖസങ്കേതങ്ങളും സന്ദർശിക്കുവാൻ ഞങ്ങളെ സഹായിക്കയും, ഞങ്ങളോടൊന്നിച്ചു സന്ദർശിക്കയും ചെയ്ത അദ്ദേഹത്തിനും സഹപ്രവർത്തകനും സത്യദൈവത്തിൽനിന്നുളവാകേണ്ടുന്ന നൽവരങ്ങൾ സത്യമൂർത്തിയായ സർവ്വേശ്വരൻ സദാ നല്കിയനുഗ്രഹിക്കട്ടെയെന്നു ഞാനും കൂട്ടുകാരും പുണ്യക്ഷേത്രങ്ങളിൽ തീവ്രമായി പ്രാർത്ഥിച്ചുവന്നു ഞാനിന്നും ആ ഉദ്ദേശ്യസിദ്ധിക്കായി പ്രാർത്ഥിച്ചുവരുന്നുണ്ടു്. തീർത്ഥകേന്ദ്രങ്ങളിൽവച്ചുണ്ടായ അനുസ്മരണങ്ങളും അഭൗതികങ്ങളായ അനുഭവങ്ങൾ അവരുടെയും ഹൃദയങ്ങളെ ശാശ്വതമായി സ്പർശിച്ചിട്ടുണ്ടാകണം. പ്രാർത്ഥനകളുടേയും ത്യാഗങ്ങളുടേയും സഹായത്താൽ അവരിൽ ഉദ്ദിഷ്ടഫലമുളവാകുമെന്നു പ്രതീക്ഷിക്കാം. ജൂബിലിവർഷത്തോടനുബന്ധിച്ചു് അവർ ഞങ്ങൾക്കു ചെയ്ത വിശിഷ്ടസേവനങ്ങൾക്കു ഇതിലും ഉചിതമായൊരു പ്രതിസമ്മാനം ഊഹ്യമല്ലല്ലോ.

10500 അടി ഉയരത്തിലും 200 നാഴിക വേഗത്തിലുമാണു വിമാനം പറന്നിരുന്നതു്. കാടും മേടും, നാടും കടലും, കുന്നും മലയും, മൈതാനവും മരുഭൂമിയും, നഗരവും ഗ്രാമവും, പാടവും വാടിയും, പുഴയും തോടും ഒന്നൊന്നായിട്ടകൊണ്ടു പിന്നിട്ടുപോകുമ്പോളുണ്ടാകുന്ന കാഴ്ചകളുടെ മധുരിമയും മനോഹരതയും വിവരിക്കുവാൻ ഒരു മഹാകവിതന്നെ വേണം. മക്രാൻതീരംവരെ നാലുപാടും നീണ്ടുനിവർന്നു കിടക്കുന്ന പ്രകൃതിവിലാസത്തിന്റെ രമണീയകത ഒരു പക്ഷിയെപ്പോലെ മേലേനിന്നു നോക്കിക്കാണുമ്പോളുണ്ടാകുന്ന ആനന്ദപ്രകർഷം അനുഭവിച്ചറിയാവൂ. മനുഷ്യനിർമ്മിതികളൊന്നും ദൃഷ്ടിയിൽപെടുകയില്ല. വൻകെട്ടിടങ്ങൾ കൊച്ചുവീടുകളായി പ്രത്യക്ഷപ്പെടും. തേരട്ട ഇഴഞ്ഞു പോകുന്നതുപോലെ തോന്നും ഓടിക്കൊണ്ടിരിക്കുന്ന തീവണ്ടി കണ്ടാൽ. കടൽരാജാക്കളായ തീക്കപ്പലുകൾ ചെറുബോട്ടുകളെപ്പോലിരിക്കും. ഞങ്ങളുടെ മീതെ വായുവേഗത്തിൽ പാഞ്ഞുപോകുന്ന രാക്ഷസതുല്യനായ ഈ പുതിയതരം പറവയെ

(ശേഷം 7-ാം പേജിൽ)

## ഫാത്തിമാബാലസമിതി

ലക്ഷ്യം: ഫാത്തിമാസന്ദേശം പ്രയോഗത്തിൽ വരുത്തുവാൻ ശ്രമിക്കുക

മുദ്രാവാക്യം: പ്രാർത്ഥന, പ്രായശ്ചിത്തം, പരോപകാരം.

ചുമതലകൾ: (1) മറിയത്തിൻെറ വിമലഹൃദയത്തിൻെറ സ്തുതിക്കായി ദിവസവും ജപമാല ചൊല്ലുക; കുടുംബത്തിലെ മററംഗങ്ങളും മുടങ്ങാതെ ജപമാല ചൊല്ലുന്നതിനു പ്രേരണ നല്കുക. (2) പാപികളുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ത്യാഗകൃത്യങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്യുക. (3) നിവൃത്തിയുള്ളപക്ഷം, ആദ്യശനിയാഴ്ചഭക്തി ആചരിക്കുക. (4) സാധുക്കൾക്കു പാടുള്ള സഹായം ചെയ്യുക.

# പിന്നെയും ത്യാഗകൃത്യങ്ങൾ

പ്രിയകുഞ്ഞുങ്ങളേ,

പ്രായശ്ചിത്തം സംബന്ധിച്ച് ഫാത്തിമാബാലകർ ലോകത്തിന് നല്കിയിട്ടുള്ള നല്ല മാതൃകകളിൽ ചിലതിനെക്കുറിച്ചാണല്ലോ കഴിഞ്ഞലക്കങ്ങളിൽ പ്രസ്താവിച്ചിരുന്നത്. ലൂസിയുടെയും കൂട്ടരുടെയും വേറെ ചില സഹനപ്രവൃത്തികളെക്കുറിച്ചുകൂടി വല്യച്ചൻ പറയാം. ഇവ മുൻപ് നിങ്ങൾ കേട്ടിട്ടുള്ളവയെക്കാൾ വിശേഷിതങ്ങളാണ്.

ഒരു ദിവസം നമ്മുടെ കുട്ടികൾ കുററിക്കാടുകളിൽക്കൂടി നടന്നുപൊയ്ക്കൊണ്ടിരുന്നപ്പോൾ ചെറിയമുള്ളുകളോടുകൂടിയ ഒരുതരം ചെടിയുടെ ചില ശിഖരങ്ങൾ ലൂസിയുടെ കാലുകളിൽ തട്ടി. അതു കുറെ വേദനയ്ക്കു കാരണമായി. ആ വേദന അവൾ നല്ലമനസ്സോടുകൂടി സഹിച്ചു. എന്നുമാത്രമല്ല സ്വയം പീഡിപ്പിക്കുന്നതിന് ഒരു ഉപകരണം അവർക്കു ലഭിച്ചല്ലോ എന്നു വിചാരിച്ച് അവൾ സന്തോഷിച്ചു. ആ ചെടിയുടെ കുറെ ശിഖരങ്ങൾ അവൾ ഒടിച്ചെടുത്തു. അതിനുശേഷം അവളുടെ കൂട്ടുകാരോടായി ഇപ്രകാരം പറഞ്ഞു: "നോക്കൂ, നോക്കൂ, നമുക്ക് സഹനം അഭ്യസിക്കുവാൻ ഉപകരിക്കുന്ന ഒരു സാധനം." ഇതിനുശേഷം അതിൻെറ കുറെ കൊമ്പുകൾ ഫ്രാൻസിസിനും ജസീന്തയ്ക്കും അവൾ കൊടുത്തു. അവർ സന്തോഷപുരസ്സരം അവ വാങ്ങിയിട്ട് കാലുകളിൽ അടിച്ചു. അതുമൂലം ഉണ്ടായ വേദന പാപികളുടെ മാനസാന്തരത്തിന് അവർ കാഴ്ചവച്ചു. മേലിലും ഈ പീഡനം തുടർന്നുകൊണ്ടു പോകണമെന്നു അവർ തീർച്ചപ്പെടുത്തി. അത്തരം മുൾച്ചെടികൾ കാണുന്ന അവസരങ്ങളിലെല്ലാം ഈ താപസകൃത്യം അവർ അനുഷ്ഠിച്ചുപോന്നു.

പ്രിയകുഞ്ഞുങ്ങളേ, ഈ പ്രവൃത്തിയിൽ നമുക്കും അവരെ ഏറെക്കുറെ അനുകരിക്കുന്നതിനു സാധിക്കും. മുൾച്ചെടിയുടെ കമ്പുകൾ ഒടിച്ച് നമ്മുടെ ശരീരത്തെ അടിച്ച് വേദനിപ്പിക്കുന്നതിനുള്ള ആരോഗ്യവും ഉദാരബുദ്ധിയും നമുക്കില്ലായിരിക്കാം. എന്നുവരികിലും നാം അറിയാതെതന്നെ നമ്മുടെ കാലിൽ തട്ടി നമ്മെ വേദനിപ്പിക്കുന്ന മുള്ളുകളുടെ വേദന നല്ല മനസ്സോടുകൂടി നമുക്ക് കാഴ്ചവയ്ക്കാമല്ലോ. ചിലപ്പോൾ മുള്ളുകൾ പല്ലുകൾ മുതലായവ നമ്മുടെ കാലുകളിൽ തുളഞ്ഞുകയറും. മററു ചിലപ്പോൾ കാല് കല്ലിന്മേലും മററും തട്ടി ചതവും മുറിവും ഉണ്ടാകും. ഇതിൻെറ ഫലമായി അനുഭവിക്കേണ്ടിവരുന്ന വേദനകളെല്ലാം നമുക്ക് പാപികളുടെ മാനസാന്തരത്തിനുവേണ്ടി സമർപ്പിക്കാവുന്നതാണ്. കുഞ്ഞുങ്ങളിൽ പലർക്കും അറിവുള്ള ഒരു ചെടിയാണല്ലോ "ചൊറിയണം" എന്നതു്. ഇതു ഒരു നല്ല പീഡാനുഭവകാരണമാണ്. നാം പോകുന്ന വഴിയിൽ നില്ക്കുന്ന ചൊറിയണത്തിൽ നമ്മുടെ കാലുകൊണ്ട് പലപ്പോഴും ഒന്നു തട്ടിയാൽമതി. അതിൽനിന്നുമുണ്ടാകുന്ന അല്പനേരത്തെ അസുഖം നാം ക്ഷമയോടെ സഹിച്ചാൽ അതു നമുക്ക് നല്ല ഒരു നേട്ടമായിരിക്കും. നാം നടന്നുപോകുമ്പോൾ അറിയാതെതന്നെ ചില എറുമ്പിൻ കൂട്ടത്തിൽ ചവിട്ടി എന്നുവരാം. പ്രതികാരം ചെയ്യുന്നതിനു തലയുയർത്തിവരുന്ന പ്രസ്തുത എറുമ്പുകളുടെ കടിയും നമുക്ക് ഒരു സമ്പാദ്യമാണ്. ചരൽനിരത്തിയിട്ടുള്ള വഴികളിൽക്കൂടി നടന്നുപോകുമ്പോൾ അനുഭവിപ്പാനിടയാകുന്ന വേദനയും ഒരു പരിത്യാഗമായിരിക്കും. ഇതും ഇതുപോലെ പലതും കുഞ്ഞുങ്ങൾക്കു ചെയ്യുവാൻ കഴിയും. പക്ഷെ ഒരു സംഗതി പ്രത്യേകം സൂക്ഷിച്ചുകൊള്ളണം. അതായതു്, ആരോഗ്യത്തിന് സാരമായി കേടുതട്ടുന്ന പ്രായശ്ചിത്തങ്ങൾ കുഞ്ഞുമക്കൾ ചെയ്യരുതു്. മാതാവ് നിങ്ങളിൽനിന്നും അതു് ആവശ്യപ്പെടുന്നില്ല. ഫാത്തിമാബാലകർക്കു മാതാവ് നൽകിയ നിർദ്ദേശം ഇതു നമ്മെ മനസ്സിലാക്കുന്നു.

മാതാവിൻെറ നാലാമത്തെ ദർശനം കഴിഞ്ഞ് കുട്ടികൾക്ക് വഴിയിൽക്കിടന്ന് ഒരു കഷണം കയറുകിട്ടി. ലൂസി അതു അവളുടെ കൈയിൽ ചുററി. ശരീരത്തെ പീഡിപ്പിക്കുവാൻ അതു നല്ല ഒരു സാധനമാണെന്ന് അവൾക്കു മനസ്സിലായി. അവൾ കൂട്ടുകാരോടു പറഞ്ഞു: "ഇതു് നല്ല ഒരു സാധനമാണ്. ഇതു് ദേഹത്തു ചുററിയാൽ അല്പവേദനയുണ്ടാകും. നമുക്ക് ഇതു് അരയിൽ കെട്ടാം. തന്മൂലം ഉണ്ടാകുന്ന വേദന നമുക്കു ദൈവത്തിനു കാഴ്ചവയ്ക്കാം." മൂന്നുപേർക്കും സന്തോഷമായി. കത്തി അവരുടെ കൈവശമില്ലാതിരുന്നതുകൊണ്ട് കയറ് ഒരു കല്ലിൻെറ മീതെ വച്ചിട്ട് കൂർത്ത മറെറാരു കല്ലുകൊണ്ട് മുട്ടിമുട്ടി അതു് അവർ മൂന്നായി മുറിച്ചു. ഓരോരുത്തരും അവരുടെ കഷണം അരയിൽകെട്ടി. കയറ് അല്പം വണ്ണമുള്ളതായിരുന്നതുകൊണ്ട് കൂടുതൽ വേദന അവർ സഹിക്കേണ്ടിവന്നു. അതിൻെറ വേദന സഹിക്കവയ്യാതെ ജസീന്ത വാവിട്ടു കരഞ്ഞുപോയി. കുറെസമയത്തേക്കെങ്കിലും കയറ് അഴിച്ചുവയ്ക്കുവാൻ ലൂസി അവളെ ഉപദേശിച്ചു. പക്ഷെ ജസീന്ത പറഞ്ഞു: "ഇല്ല, എനിക്കു ഇതു സഹിക്കണം, പാപപരിഹാരത്തിനായും, പാപികളുടെ മാനസാന്തരത്തിനുവേണ്ടിയും ഞാൻ ഇതു സഹിക്കും." രാത്രിയും പകലും തുടർച്ചയായി അവർ പ്രസ്തുത കയറു ധരിച്ചിരുന്നു. അടുത്തപ്രാവശ്യം മാതാവ് അവർക്കു ദർശനമരുളിയപ്പോൾ മാതൃസഹജമായ കരുണയോടുകൂടെ അവരോടു പറഞ്ഞു: "നിങ്ങളുടെ പ്രായശ്ചിത്തപ്രവൃത്തികൾകൊണ്ട് നമ്മുടെ കർത്താവു സന്തുഷ്ടനായിരിക്കുന്നു. എന്നാൽ രാത്രിയിൽ കിടക്കുമ്പോൾ നിങ്ങൾ കയറുധരിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നില്ല. പകൽമാത്രം ധരിച്ചാൽമതി." മാതാവിൻെറ പ്രസ്തുതവാക്കുകളിൽനിന്നും ഒരു സംഗതി മനസ്സിലാക്കാം. സ്വമേധയാ ചെയ്യുന്ന പ്രായശ്ചിത്തപ്രവൃത്തികളിൽ വിവേകം ഉണ്ടായിരിക്കണം. ആരോഗ്യത്തിനു ഹാനിവരുത്തുന്നവ തിരഞ്ഞെടുക്കരുതു്. ആകയാൽ ആത്മീയഗുരുവിൻെറ അഥവാ കുമ്പസാരിപ്പിക്കുന്ന പട്ടക്കാരൻെറ അനുവാദത്തോടുകൂടി മാത്രമേ പ്രായശ്ചിത്തകൃത്യങ്ങൾ ചെയ്യാവൂ. പക്ഷെ മററുവിധത്തിൽ നാം അനുഭവിക്കേണ്ടിവരുന്ന വേദനകളെല്ലാം ദൈവത്തിനു കാഴ്ചവച്ചുകൊണ്ട് എളുപ്പത്തിൽ ഫലമെടുക്കുന്നതിനു സാധിക്കുന്നതാണ്. ദൈവം ഏവരേയും അനുഗ്രഹിക്കട്ടെ.

എന്നു സ്വന്തം വല്യച്ചൻ

## നിങ്ങൾക്കറിയാമോ?

ഐക്യരാഷ്ട്രസംഘടനയുടെ കീഴിലുള്ള "എക്കണോമിക് ആൻറ് സോഷ്യൽ" (സാമ്പത്തികസാമൂഹിക), കൗൺസിലിൻെറ സ്വഭാവം വിശദമാക്കുക.

ഉത്തരം

മനുഷ്യാവകാശങ്ങളും മൗലികസ്വാതന്ത്ര്യങ്ങളും പരിരക്ഷിക്കുന്നതിനായുള്ള ഐക്യരാഷ്ട്രസംഘടനയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച ഉത്തരവാദിത്വം വഹിക്കുന്ന സമിതിയാണിതു്. ജനറൽ അസംബ്ലി തിരഞ്ഞെടുക്കുന്ന 18 അംഗങ്ങളാണ് ഇതിനുള്ളതു്. ഇതിൻെറ കീഴിൽ താഴെ പറയുന്ന കമ്മീഷനുകൾ ഇതഃപര്യന്തം പ്രവർത്തനം നടത്തിയിട്ടുണ്ട്. (1) സാമ്പത്തിക—ജീവനമാനകമ്മീഷൻ (2) വാഹനഗതാഗതകമ്മീഷൻ (3) നികുതികമ്മീഷൻ (4) സ്ഥിതിവിവരകമ്മീഷൻ (5) ജനസംഖ്യാകമ്മീഷൻ (6) സാമൂഹികകമ്മീഷൻ (7) മനുഷ്യാവകാശകമ്മീഷൻ (8) മയക്കുമരുന്നുകമ്മീഷൻ (9) സ്പെഷലൈസ്ഡ് ഏജൻസികളുമായി ആലോചനയ്ക്കുള്ള കമ്മീഷൻ (10) ഗവൺമെൻറല്ലാത്ത ഏജൻസികളുമായി ആലോചനയ്ക്കുള്ള കമ്മീഷൻ (11) വനിതാകമ്മീഷൻ.

വില്പനയ്ക്കു് തയ്യാർ! വില്പനയ്ക്കു് തയ്യാർ!

"ഹിന്ദിശിക്ഷക്"

By Pandit C. V. Joseph R. B. V. P. H. P.

തിരുവിതാംകൂർ കൊച്ചി ഗവമ്മെൻറ് 3-ം ഫാറത്തിലെ ഹിന്ദി പാഠപുസ്തകമായി പ്രിസ്ക്രൈബ് ചെയ്തിട്ടുള്ളതും 3-ം ഫാറം പാഠപദ്ധതി അനുസരിച്ച് ശാസ്ത്രീയമായവിധത്തിൽ സശ്രദ്ധം തയ്യാർ ചെയ്തിട്ടുള്ളതും അഖിലേന്ത്യാപ്രചാരവും പ്രശംസയും ലഭിച്ചിട്ടുള്ളതുമായ "ഹിന്ദിശിക്ഷക്" 4-ം പതിപ്പ് വില്പനയ്ക്കു് തയ്യാറായിരിക്കുന്നു. 15 കൊല്ലത്തെ ഹിന്ദി അദ്ധ്യാപനപരിചയം വച്ചുകൊണ്ട് എഴുതിയ ഏകപുസ്തകം ഉടൻ ആവശ്യപ്പെടുക:—

സി. ഡി. വക്കി, മാനേജർ

ഹിന്ദിപുസ്തകാലയം, നെല്ലിമററം A. O., കോതമംഗലം

# മരിയൻകോൺഗ്രസ്

മരിയൻകോൺഗ്രസിൻെറ ആഭിമുഖ്യത്തിൽ നടത്തുവാനിരിക്കുന്ന പ്രത്യേകയോഗത്തിൽ ലീജിയൻ ഓഫ് മേരി അഥവാ മരിയാസൈന്യത്തെക്കുറിച്ച് പ്രതിപാദിക്കേണ്ട വിഷയത്തിൻെറ ആസൂത്രണം.

## ലീജിയൻ ഓഫ് മേരി

### 1. ഉത്ഭവം

ദാരിദ്ര്യംനിമിത്തവും വേറെ അവശതകൾമൂലവും ലോകത്തിൽ ദുരിതം അനുഭവിക്കുന്ന പാവങ്ങൾക്ക് വല്ല സഹായവും ചെയ്തുകൊടുക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പററി 1921-ൽ അയർലണ്ടിലെ ഒരു പട്ടക്കാരനും ഒരു ഗവൺമെൻറുജോലിക്കാരനും 15 യുവതികളുംകൂടി ഒരു ഭവനത്തിൽവച്ച് ചിന്തിച്ചുകൊണ്ടിരിക്കുകയായിരുന്നു. ആ അവസരത്തിലായിരുന്നു അവിടത്തെ ഉപവിയുടെ സഹോദരികൾ, തങ്ങൾ നടത്തിക്കൊണ്ടിരുന്ന ആശുപത്രികളിൽ കിടന്നിരുന്ന രോഗികൾക്കുവേണ്ടി ഒരു അഭ്യർത്ഥന പുറപ്പെടുവിച്ചതു്. അതിൻെറ സാരം, അവരുടെ സംരക്ഷണയിൽ കിടന്നിരുന്ന പ്രസ്തുത രോഗികളെ സന്ദർശിച്ച് ആ പാവപ്പെട്ടവർക്ക് മാനസികമായ ആശ്വാസവും ധൈര്യവും വരുത്തിക്കൊടുക്കുന്നതിന് സന്മനസ്സുള്ളവർ സന്നദ്ധത പ്രകടിപ്പിക്കണമെന്നല്ലാതെ വേറൊന്നുമായിരുന്നില്ല. ഇതുതന്നെ ആയിരുന്നല്ലോ മേല്പറഞ്ഞ ചെറിയസംഘവും ആലോചിച്ചുകൊണ്ടിരുന്നതു്. ലീജിയൻ ഓഫ് മേരിയുടെ സംഘടനയും ആരബ്ധമായി.

### 2. ഉദ്ദേശം

ആത്മപരിത്യാഗപൂർവ്വകവും സേവനസമന്വിതവുമായ ജീവിതം നയിച്ചുകൊണ്ട് ദൈവത്തിനും അയൽക്കാർക്കുംവേണ്ടി വല്ലതുമെങ്കിലും ചെയ്യുന്നതിന് മനുഷ്യരെ പരിശീലിപ്പിക്കുന്ന കൃത്യം നിർവ്വഹിക്കണമെന്നുള്ളതാണ് ലീജിയൻ ഓഫ് മേരി അഥവാ മരിയാസൈന്യത്തിൻെറ ഉദ്ദേശം. വിചാരത്തിലും, വചനത്തിലും, പ്രവൃത്തിയിലും പരിശുദ്ധ കന്യകാമറിയം ഈ സംഘടനയിലെ ഓരോ അംഗത്തിൻെറയും എപ്പോഴുമുള്ള ആദർശമായിരിക്കണം. ഇവ്വിധം വർത്തിച്ചാൽ മറിയംവഴിയായി എല്ലാവരെയും ഈശോയുടെ പക്കലേക്കാകർഷിക്കാം.

### 3. സംഘടന

ക്രിസ്തുവിനുവേണ്ടി സമരംചെയ്യുന്നതിന് സന്നദ്ധരാകുന്ന യോധാക്കളിൽ ആത്മപരിത്യാഗം, ധൈര്യം, സഹനം, സേവനം, ശിക്ഷണം എന്നിവയുടെ ബോധം ഉദിപ്പിക്കുന്നതിനുവേണ്ടി പൗരാണികമായ റോമൻപട്ടാളത്തിലെ സൈനികസംജ്ഞകൾതന്നെയാണ് ഈ സംഘടനയ്ക്കും നൽകപ്പെട്ടിരിക്കുന്നതു്. അവയുടെ നാമധേയങ്ങളും വിവരണവും. എവിടെയെങ്കിലും ഇതാരംഭിക്കണമെങ്കിൽ അതതു സ്ഥലത്തുള്ള രൂപതാദ്ധ്യക്ഷൻെറ അനുമതിയും അംഗീകരണവും അത്യാവശ്യമാണെന്നു പറയേണമെന്നില്ലല്ലോ. അംഗങ്ങൾക്കു തീക്ഷ്ണമായ പ്രാർത്ഥനയും നിഃസ്വാർത്ഥമായ പ്രവർത്തനവും കൂടിയേ കഴിയുകയുള്ളു.

### 4 ശിക്ഷണരീതിയും നിയമങ്ങളും

മിശിഹായുടെ നിഗൂഢശരീരത്തിലെ ഓരോരോ അംഗങ്ങളേയും ഉത്തമാംഗങ്ങളാക്കിത്തീർക്കത്തക്കവണ്ണം പരിശീലിപ്പിക്കുന്ന കൃത്യമാണ് ലീജിയൻ നടത്തിക്കൊണ്ടിരിക്കുന്നതു്. അതു മറിയം വഴിയും മറിയത്തിനെ ആദർശമാക്കിക്കൊണ്ടും സാധിക്കേണ്ടിയിരിക്കുന്നു. ആകയാൽ, ഒരു മരിയാസൈനികൻ ആദ്യമായി ചെയ്യേണ്ടതു് മറിയത്തിൽ വിളങ്ങിയിരുന്ന ഓരോ പുണ്യത്തെക്കുറിച്ച് ചിന്തിക്കുകയും പഠിക്കുകയും അനുകരിക്കുകയും ചെയ്യുകയാണ്. കൂടാതെ അവരുടെ പ്രാർത്ഥനപുസ്തകത്തിൽ (തെസേര) കൊടുത്തിരിക്കുന്ന ജപങ്ങൾ ചൊല്ലുകയും അനുദിനം വിശുദ്ധ കുർബാന കാണുകയും, ഉൾക്കൊള്ളുകയും, ജപമാല എത്തിക്കുകയും ചെയ്യണം. പരസ്നേഹത്തെ ലക്ഷ്യമാക്കി നിശ്ചിതമായ രണ്ടു സൽപ്രവൃത്തികളെങ്കിലും അനുഷ്ഠിക്കണം. ആഴ്ചതോറുമുള്ള യോഗങ്ങളിലെ സാന്നിധ്യവും വാർഷികധ്യാനവും കടമയാണെന്നും കരുതണം.

### 5. പ്രേഷിതപ്രവൃത്തികൾ

കഴിയുന്നിടത്തോളം ആളുകളെ മറിയംവഴി മിശിഹായ്ക്കു നേടിക്കൊടുക്കുന്നതിന് അനുയോജ്യങ്ങളായ ഏതാനും സൽപ്രവൃത്തികൾ; രോഗികളുടെ സന്ദർശനം; പ്രത്യേകിച്ച് ഓരോരോ കാരണങ്ങളാൽ കൂദാശകൾ ഉപേക്ഷിച്ചു ജീവിക്കുന്നവരേയും, അധഃപതിച്ചവരേയും. ദരിദ്രരും നിസ്സഹായരുമായ ആളുകൾക്ക് ആശ്വാസവും, സഹായവും നൽകുന്നതു്. ഉത്തമസാഹിത്യപ്രചരണം, ബാലികാബാലന്മാരുടെ ഞായറാഴ്ചനാചരണവും, മതപഠനവും.

വിജ്ഞാപനം

ഈ ആസൂത്രണത്തിൽ കൊള്ളിച്ചിരിക്കുന്ന പ്രതിപാദ്യകോടികളെ ക്രോഡീകരിച്ച് രചിക്കപ്പെടുന്ന പ്രബന്ധം ഒരു പ്രമേയരൂപേണ അവതരിപ്പിച്ച് അരമണിക്കൂർനേരത്തേക്ക് പ്രതിപാദിക്കുകയും അഭിപ്രായപ്രകടനങ്ങൾക്കു നിശ്ചിതമായ അനുമാനത്തിനും വിധേയമാക്കുകയും ചെയ്യേണ്ടതാണ്. (പ്രസിദ്ധീകരണകമ്മററി)

## മലബാർമെയിൽ ആവശ്യമുള്ളവർ?

തൈക്കാട്ടുശ്ശേരി, മണപ്പുറം, പൂച്ചാക്കൽ, ഈ സ്ഥലങ്ങളിലേക്ക് ഞങ്ങളുടെ മലബാർമെയിൽ ഏജൻറായി മി. ജോസഫ് കൊല്ലേഴത്തിനെ നിയമിച്ചിരിക്കുന്നു. പത്രം ആവശ്യമുള്ളവർ ടിയാനോട് ചോദിച്ചാൽ ലഭിക്കുന്നതാണ്.

മാസവരിസംഖ്യ 1 ക. 8 ണ. മാത്രം

മാനേജർ

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ.

Vol. 24 || ERNAKULAM. SEPTEMBER 6, 1950 || No. 4


# മാതാവിന്റെ സ്വർഗ്ഗാരോഹണം

ദൈവത്തിന്റെ മാതാവും നമ്മുടെ മാതാവുമായ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോഹണത്തെ, അടുത്തുവരുന്ന നവംബർ 1-ാം-നു സകല വിശുദ്ധരുടെ തിരുനാളിൽ, വിശ്വാസസത്യമായി പ്രഖ്യാപിക്കുവാൻ പരിശുദ്ധ പിതാവു 12-ാം പിയൂസ് തിരുമനസ്സുകൊണ്ടു തീരുമാനിച്ചിരിക്കുന്ന വിവരം കഴിഞ്ഞ ലക്കത്തിൽ പ്രസ്താവം ചെയ്തിരുന്നല്ലോ.

ദേവമാതാവിന്റെ സ്വർഗ്ഗാരോഹണം എന്നു പറഞ്ഞാൽ, സകല നീതിമാന്മാർക്കും ലോകാവസാനത്തിൽ ലഭിക്കാനിരിക്കുന്ന സൗഭാഗ്യം മാതാവിനു മരണം കഴിഞ്ഞയുടനെ ലഭിച്ചുവെന്നാണർത്ഥം. സകല നീതിമാന്മാരും ലോകാവസാനത്തിൽ മഹിമയോടുകൂടി ഉയിർക്കുകയും, ആത്മശരീരങ്ങളോടുകൂടി സ്വർഗ്ഗീയസൗഭാഗ്യം അനുഭവിച്ചുതുടങ്ങുകയും ചെയ്യും. ദേവമാതാവാകട്ടെ, മരിച്ചിട്ടുടനെ മഹിമയോടുകൂടി ഉയിർക്കുകയും, ആത്മശരീരങ്ങളോടുകൂടി സ്വർഗ്ഗീയസൗഭാഗ്യം അനുഭവിച്ചുതുടങ്ങുകയും ചെയ്തു. ദൈവത്തിന്റെ മാതാവെന്ന നിലയിൽ, അനന്യസാധാരണങ്ങളായ വരങ്ങളും അനുഗ്രഹങ്ങളും ദൈവത്തിൽനിന്നു ലഭിച്ചവളെന്ന നിലയിൽ, പരിശുദ്ധകന്യകയ്ക്കു് അവയുടെയെല്ലാം മകുടമായി സ്വർഗ്ഗാരോഹണമെന്ന ഈ അന്യാദൃശമായ വരവും അനുഗ്രഹവും ലഭിക്കുക ഏററവും സമുചിതമാണല്ലോ.

## സ്വർഗ്ഗാരോഹണം യഥാർത്ഥ വസ്തുതയാണ്

മാതാവിനു ഈ അനുഗ്രഹവും യഥാർത്ഥത്തിൽ ലഭിച്ചുവെന്നാണ് കത്തോലിക്കർക്കുള്ള ബോദ്ധ്യം. മാതാവിന്റെ സ്വർഗ്ഗാരോഹണം ഒരു വസ്തുതയാണെന്നു, ഒരു സത്യമാണെന്നു, കത്തോലിക്കർ സാർവ്വത്രികമായിത്തന്നെ സമ്മതിക്കുന്നു. ഈ ബോദ്ധ്യത്തിനും സമ്മതത്തിനും അവർക്കുള്ള ആധാരം, ദൈവകാര്യങ്ങൾ അവരെ പഠിപ്പിക്കുവാൻ ദൈവത്താൽത്തന്നെ തെററാവരത്തോടുകൂടി സ്ഥാപിക്കപ്പെട്ടിട്ടുള്ള കത്തോലിക്കാതിരുസ്സഭയുടെ ബോദ്ധ്യവും സമ്മതവുമാകുന്നു. തിരുസ്സഭയ്ക്കു മാതാവിന്റെ സ്വർഗ്ഗാരോഹണം ബോദ്ധ്യമാണെന്നുള്ളതിനു പല ലക്ഷ്യങ്ങളുമുണ്ട്. അവയിൽ പ്രധാനമായ ഒന്നു്, തിരുസ്സഭ ഏർപ്പെടുത്തിയിട്ടുള്ള സ്വർഗ്ഗാരോഹണത്തിരുനാൾ തന്നെയാണ്. അനേകം നൂററാണ്ടുകളായി മാതാവിന്റെ സ്വർഗ്ഗാരോഹണം ഒരു തിരുനാളായി തിരുസ്സഭ ആചരിച്ചുവരുന്നു. തിരുനാളിന്റെ തലേദിവസം മാംസവർജ്ജനമാചരിക്കുവാനും, തിരുനാൾ കടമുള്ള ദിവസമായി കൊണ്ടാടുവാനും തിരുസ്സഭ കല്പിച്ചിട്ടുള്ളതിൽനിന്നു കാണാം അതിനെത്രമാത്രം പ്രാധാന്യമാണ് തിരുസ്സഭ നൽകിയിട്ടുള്ളതെന്നു്. ആരാധനാസമ്പ്രദായവും വിശ്വാസസംഹിതയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. ഈ ബന്ധം തിരുസ്സഭതന്നെ പ്രാചീനകാലം മുതൽ അംഗീകരിച്ചിട്ടുള്ളതുമാണ്. ഒന്നാം സെലസ്റ്റീനോസ് മാർപ്പാപ്പാ, 431-ൽ, പ്രസ്തുതബന്ധം താഴെക്കാണുന്ന വാക്കുകളിൽ പ്രകാശിപ്പിച്ചിട്ടുണ്ട്. "Legem credendi lex statuit supplicandi" ഏതൊരു തത്വത്തെ അഥവാ വസ്തുതയെ വിഷയമാക്കി തിരുസ്സഭയിൽ സാർവ്വത്രികമായി പ്രാർത്ഥനകൾ നടത്തുമ്പോഴോ, തിരുനാളുകൾ ആചരിക്കുമ്പോഴോ ആ തത്വവും വസ്തുതയും യഥാർത്ഥമാണെന്നു സമ്മതിക്കേണ്ടതാണെന്നാണ് ഈ പ്രമാണവാക്യത്തിന്റെ അർത്ഥം. തന്മൂലം മാതാവിന്റെ സ്വർഗ്ഗാരോഹണം തെററാവരമുള്ള തിരുസ്സഭ ഔദ്യോഗികമായിത്തന്നെ പഠിപ്പിക്കുന്ന ഒരു വസ്തുതയാണെന്നു, ഒരു സത്യമാണെന്നു, വിശദമാകുന്നു.

## സ്വർഗ്ഗാരോഹണതത്വം അപ്പസ്തോലകാലം മുതൽ

മാതാവിന്റെ സ്വർഗ്ഗാരോഹണം തിരുസ്സഭ സ്വീകരിച്ചിട്ടുള്ളതും പഠിപ്പിക്കുന്നതുമായ ഒരു തത്വമാണെന്നുമാത്രമല്ല, അതു് അപ്പസ്തോലന്മാരുടെ കാലം മുതൽ സ്വീകരിച്ചുപോന്നിട്ടുള്ളതാണെന്നും തെളിയുന്നുണ്ട്. സ്വർഗ്ഗാരോഹണത്തിരുനാൾ തിരുസ്സഭയുടെ പാശ്ചാത്യവിഭാഗത്തിലും പൗരസ്ത്യവിഭാഗത്തിലും സാർവ്വത്രികമായി, കുറഞ്ഞപക്ഷം 7-ാം നൂററാണ്ടുമുതൽ, ആചരിക്കപ്പെട്ടുപോന്നുവെന്നതിനു സ്പഷ്ടമായ രേഖകൾ നമുക്കു ലഭിച്ചിട്ടുണ്ട്. എന്നുവേണ്ട, പ്രസ്തുത തിരുനാൾ 6-ാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഗാളിൽ (ഫ്രാൻസിൽ) ആഘോഷിച്ചിരുന്നുവെന്നു ടൂർസിലെ മെത്രാനായിരുന്ന വിശുദ്ധ ഗ്രിഗോറിയോസ് (Gregory of Tours; 544-593) സാക്ഷീകരിക്കുന്നു. തിരുനാൾ ആ കാലത്തോടടുത്തു പുതുതായി സ്ഥാപിക്കപ്പെട്ടതാണെന്നുള്ള യാതൊരു സൂചനയും, അദ്ദേഹത്തിന്റെ വാക്കുകളിൽ കാണുന്നില്ല. തന്മൂലം സ്വർഗ്ഗാരോഹണത്തിരുനാളും അതിലന്തർഭവിച്ചിരിക്കുന്ന സ്വർഗ്ഗാരോഹണതത്വവും തിരുസ്സഭയിൽ 6-ാം നൂററാണ്ടിനുമുമ്പുതന്നെ നിലവിലിരുന്നുവെന്നു ന്യായമായി അനുമിക്കാം. 6-ാം നൂററാണ്ടിനുമുമ്പുള്ള സ്പഷ്ടമായ രേഖകൾ ഈ വസ്തുതയ്ക്കു തെളിവായി നമുക്കു കൈവന്നിട്ടില്ല. എന്നാൽ അതിൽനിന്നു സ്വർഗ്ഗാരോഹണത്തിരുനാളും സ്വർഗ്ഗാരോഹണതത്വവും 6-ാം നൂററാണ്ടിനുമുമ്പു തിരുസ്സഭയിൽ നിലവിലിരുന്നില്ലെന്നു അനുമിച്ചുകൂടാ. ഒന്നാമതായി, ആദിമശതകങ്ങളിലെ ക്രിസ്തീയഗ്രന്ഥങ്ങൾ വളരെയധികം നഷ്ടപ്പെട്ട കൂട്ടത്തിൽ പ്രസ്തുത രേഖകളും നഷ്ടപ്പെട്ടതായിരിക്കാം. രണ്ടാമതായി, ആദിമശതകങ്ങളിലെ ക്രിസ്തീയഗ്രന്ഥങ്ങൾ അപ്പോഴപ്പോഴുണ്ടായ ആവശ്യങ്ങൾ പ്രമാണിച്ചു രചിക്കപ്പെട്ടതാണെന്നു കാണുന്നതുകൊണ്ടു്, പ്രസ്തുത രേഖകളൊന്നും ലഭിക്കാത്തതിനു കാരണം അവയുടെ ആവശ്യം അക്കാലങ്ങളിൽ ഉണ്ടാകാതിരുന്നതാണെന്നും വരാം. എന്നാൽ തിരുസ്സഭാചരിത്രത്തിൽനിന്നു് ഒരു സംഗതി സ്പഷ്ടമാകുന്നുണ്ട്. അപ്പസ്തോലകാലത്തിൽ നിലവിലിരിക്കാത്ത ഒരു തത്വവും തിരുസ്സഭ ഔദ്യോഗികമായി അംഗീകരിക്കുകയോ വിശ്വാസികൾ സാമാന്യമായി സ്വീകരിക്കുകയോ ചെയ്തിരുന്നില്ല. തന്മൂലം 6-ാം നൂററാണ്ടിൽ തിരുസ്സഭയിൽ സ്വീകരിക്കപ്പെട്ടിരുന്നതായി സ്പഷ്ടമായികാണുന്ന സ്വർഗ്ഗാരോഹണതത്വം അപ്പസ്തോലകാലംമുതൽ നിലവിലുള്ളതാണെന്നു യുക്തിപൂർവ്വം അനുമിക്കേണ്ടിയിരിക്കുന്നു.

## സ്വർഗ്ഗാരോഹണം വിശ്വാസസത്യമാക്കുന്നതിന്റെ അർത്ഥമെന്തു്?

മാതാവിന്റെ സ്വർഗ്ഗാരോഹണം സത്യമാണെന്നു തിരുസ്സഭ പഠിപ്പിക്കുന്ന സ്ഥിതിക്കു്, ആ സത്യം അപ്പസ്തോലകാലംമുതൽ തിരുസ്സഭയിൽ നിലവിലിരിക്കുന്നതാണെന്നു വിചാരിക്കുവാൻ ന്യായമുള്ള സ്ഥിതിക്കു്, അതൊരു വിശ്വാസസത്യമായി മാർപ്പാപ്പാ ഇനി പ്രഖ്യാപിക്കേണ്ടതിന്റെ ആവശ്യമെന്തു്, പ്രഖ്യാപിക്കുന്നതിന്റെ അർത്ഥമെന്തു്? ഇതാണ് ഇനി ആലോചിക്കാനുള്ളതു്. പഴയ നിയമത്തിൽ പ്രവാചകന്മാർവഴിയായും, പുതിയ നിയമത്തിൽ നമ്മുടെ കർത്താവും അവിടുത്തെ ശ്ലീഹന്മാരും വഴിയായും ദൈവം പല തത്വങ്ങളും ലോകർക്കു വെളിപ്പെടുത്തിത്തന്നിട്ടുണ്ടല്ലോ. ഈ വെളിപാടു ദൈവം മനുഷ്യവർഗ്ഗത്തിനു പരസ്യമായും ഔദ്യോഗികമായും നൽകിയിട്ടുള്ള അറിയിപ്പുകളാണ്. ചില പുണ്യാത്മാക്കൾക്കു ദൈവം നൽകിയിട്ടുള്ള രഹസ്യമായ അറിയിപ്പുകൾ പ്രസ്തുത വെളിപാടിൽ ഉൾപ്പെടാത്തതും അതിൽനിന്നു ഭിന്നങ്ങളുമാണ്. മേൽപ്പറഞ്ഞ അർത്ഥത്തിലുള്ള ദൈവവെളിപാടു് അവസാനത്തെ ശ്ലീഹായുടെ മരണത്തോടുകൂടി സമാപിച്ചിരിക്കുന്നുവെന്നാണ് തിരുസ്സഭയുടെ ബോദ്ധ്യം. ഇങ്ങനെ വെളിപ്പെടുത്തപ്പെട്ടിട്ടുള്ള തത്വങ്ങളുടെ ശേഖരത്തെയാണ് വിശ്വാസസത്യങ്ങളെന്നു വേദശാസ്ത്രത്തിൽ വിളിക്കുന്നതു്. ഈ തത്വങ്ങൾ വിശ്വസിക്കുവാൻ ഓരോ കത്തോലിക്കനും (ഓരോ മനുഷ്യനുതന്നെയും) കടമയുണ്ട്. സ്രഷ്ടാവായ ദൈവത്തിന്റെ വാക്കു വിശ്വസിക്കുവാൻ സൃഷ്ടിയായ മനുഷ്യനു കടമയുണ്ടാകാതിരിക്കുവാൻ നിവൃത്തിയില്ലല്ലോ. വേണ്ടത്ര ജ്ഞാനവും വേണ്ടത്ര സത്യസന്ധതയുമുള്ള മനുഷ്യരുടെ വാക്കുകൾ യുക്തിപൂർവ്വം നാം വിശ്വസിക്കുന്നു. അങ്ങനെയെങ്കിൽ ജ്ഞാനസ്വരൂപനും സത്യസ്വരൂപനുമായ ദൈവത്തിന്റെ വാക്കു് എത്രയോ കൂടുതൽ ന്യായത്താൽ നാം വിശ്വസിക്കണം!

ദൈവവെളിപാടിലടങ്ങിയിട്ടുള്ള സത്യങ്ങളുടെ ഗണത്തിൽ മാതാവിന്റെ സ്വർഗ്ഗാരോഹണവും സ്പഷ്ടമായോ അസ്പഷ്ടമായോ ഉൾപ്പെട്ടിട്ടുണ്ടോയെന്നാണ് പ്രശ്നം. തിരുസ്സഭ തെററാവരമുപയോഗിച്ചു പഠിപ്പിക്കുന്നതും, തന്നിമിത്തം കത്തോലിക്കർ അവശ്യം സ്വീകരിക്കേണ്ടതും സ്വീകരിക്കുന്നതുമായ എല്ലാ തത്വവും വെളിപാടിലടങ്ങിയ വിശ്വാസസത്യങ്ങളുടെ ഗണത്തിൽ ഉൾപ്പെട്ടതായിരിക്കണമെന്നില്ല. ഉദാഹരണമായി, മരിച്ച ഒരു പുണ്യശ്ലോകനെ വിശുദ്ധനെന്നു തിരുസ്സഭ നാമകരണം ചെയ്യുമ്പോൾ അദ്ദേഹത്തിന്റെ ആത്മാവു സ്വർഗ്ഗസൗഭാഗ്യം അനുഭവിച്ചുകൊണ്ടിരിക്കുകയാണെന്നു് അബദ്ധശങ്കയുടെ കണികപോലും കൂടാതെ കത്തോലിക്കർക്കു ബോദ്ധ്യമാണ്. എന്നാൽ പ്രസ്തുതവിശുദ്ധന്റെ സ്വർഗ്ഗപ്രാപ്തി വെളിപാടിലടങ്ങിയ വിശ്വാസസത്യങ്ങളിൽ ഉൾപ്പെട്ടതല്ലതന്നെ. അപ്പസ്തോലകാലം മുതൽ തിരുസ്സഭയിൽ സ്വീകരിക്കപ്പെട്ടിരിക്കുന്നതും, തിരുസ്സഭ ഔദ്യോഗികമായി അംഗീകരിച്ചിട്ടുള്ളതുമായ ഏതു തത്വവും, മേൽപ്രകാരം തന്നെ, വെളിപാടിലടങ്ങിയ വിശ്വാസസത്യങ്ങളിൽ ഉൾപ്പെട്ടതായിരിക്കണമെന്നില്ല. ദൈവത്തിൽനിന്നുള്ള വെളിപാടുകൂടാതെ, കേവലം ചരിത്രവസ്തുതയെന്ന നിലയിൽ, ചരിത്രദൃഷ്ടിയിൽ സ്വീകാര്യമായ തെളിവുകൾവഴിയായി, ശ്ലീഹന്മാർ ഏതെങ്കിലും പ്രകൃത്യതീതമായ മതതത്വം അറിഞ്ഞുവെന്നും അവർ അതു പഠിപ്പിച്ചുവെന്നും, അക്കാരണത്താൽ അപ്പസ്തോലകാലംമുതൽ തിരുസ്സഭയിൽ അതു സ്വീകരിക്കപ്പെട്ടുപോന്നുവെന്നും വരാം. മാതാവിന്റെ സ്വർഗ്ഗാരോഹണം ഇങ്ങനെയുള്ള തത്വമാണോ, അതോ ദൈവം ശ്ലീഹന്മാർക്കു വെളിപ്പെടുത്തിക്കൊടുത്തതും തദ്വാരാ വെളിപാടിലടങ്ങിയ വിശ്വാസസത്യങ്ങളിൽ ഉൾപ്പെട്ടതുമാണോയെന്നാണു പ്രശ്നം. ഈ പ്രശ്നത്തിനു് അധികൃതമായി മറുപടി പറയേണ്ടതു തിരുസ്സഭമാത്രമാണ്. കാരണം ദൈവവെളിപാടിൽ സ്പഷ്ടമായോ അസ്പഷ്ടമായോ അടങ്ങിയിട്ടുള്ള സത്യങ്ങൾ തിരുസ്സഭയുടെ സൂക്ഷത്തിലാണ് ദൈവം ഏല്പിച്ചുകൊടുത്തിട്ടുള്ളതു്. വേണ്ട പരിശോധനകളും പഠനങ്ങളും നടത്തിയശേഷം ഏതെങ്കിലും തത്വം വെളിപാടിലടങ്ങിയ വിശ്വാസസത്യങ്ങളിൽ ഉൾപ്പെട്ടതാണോ എന്നു വിധിപറയേണ്ടതും തിരുസ്സഭതന്നെയാണ്. മാതാവിന്റെ സ്വർഗ്ഗാരോഹണം വെളിപാടിലടങ്ങിയ വിശ്വാസസത്യങ്ങളിൽ സ്പഷ്ടമായോ അസ്പഷ്ടമായോ ഉൾപ്പെട്ടതാണെന്നു്, തിരുസ്സഭയുടെ നാമത്തിൽ അതിന്റെ പരമാദ്ധ്യക്ഷനായ മാർപ്പാപ്പാ തനിക്കു നൽകപ്പെട്ടിട്ടുള്ള തെററാവരമുപയോഗിച്ചു വിധി പറയുകയെന്നതാണ്, മാതാവിന്റെ സ്വർഗ്ഗാരോഹണം വിശ്വാസസത്യമായി മാർപ്പാപ്പാ പ്രഖ്യാപിക്കുമെന്നു പറയുന്നതിന്റെ അർത്ഥം.

## മാതാവിന്റെ അമലോത്ഭവം ഇതിനു ദൃഷ്ടാന്തം

അനേകനൂററാണ്ടുകളായി കത്തോലിക്കർ വിശ്വസിച്ചുപോരുന്നതും, തിരുസ്സഭ ഔദ്യോഗികമായിത്തന്നെ പഠിപ്പിക്കുന്നതും, തന്മൂലം സത്യമാണെന്നു സകലർക്കും ബോദ്ധ്യമുള്ളതുമായ ഒരു തത്വം പിന്നീടൊരിക്കൽ വിശ്വാസസത്യമായി തിരുസ്സഭയുടെ നാമത്തിൽ മാർപ്പാപ്പാ പ്രഖ്യാപിച്ചിട്ടുള്ളതിനു് ഒന്നാന്തരം ദൃഷ്ടാന്തം ദേവമാതാവിന്റെ അമലോത്ഭവമാണ്. മാതാവു് ഉത്ഭവത്തിൽത്തന്നെ പാപരഹിതയായിരുന്നുവെന്ന തത്വം തിരുസ്സഭയിൽ നൂററാണ്ടുകളായി സ്വീകരിച്ചുപോന്നിരുന്നു. എങ്കിലും ആ തത്വം ദൈവവെളിപാടിലടങ്ങിയ വിശ്വാസസത്യങ്ങളിലൊന്നാണെന്നു് 1854 ൽ 9-ാം പിയൂസ് മാർപ്പാപ്പായാണ് പ്രഖ്യാപിച്ചതു്. തൽസംബന്ധം തിരുമനസ്സുകൊണ്ടു പ്രസിദ്ധപ്പെടുത്തിയ തിരുവെഴുത്തിൽ പ്രഖ്യാപനത്തെ സംബന്ധിച്ച വാക്യം ഇപ്രകാരമായിരുന്നു. "പരിശുദ്ധ കന്യകാമറിയം......ഉത്ഭവപാപത്തിന്റെ സകല കറകളിൽനിന്നും സംരക്ഷിക്കപ്പെട്ടു എന്ന തത്വം ദൈവത്താൽ വെളിപ്പെടുത്തപ്പെട്ടതും തന്നിമിത്തം സകല വിശ്വാസികളാലും ഉറപ്പായും ഭയരഹിതമായും വിശ്വസിക്കപ്പെടേണ്ടതുമാകുന്നു." ഞങ്ങൾ കീഴ്‌വരയിട്ടിരിക്കുന്ന വാക്കുകൾ പ്രത്യേകം സൂക്ഷിക്കുക. പ്രഖ്യാപനത്തിന്റെ മർമ്മം മുഴുവൻ അവയിലാണടങ്ങിയിരിക്കുന്നതു്. മാതാവിന്റെ അമലോത്ഭവം സത്യമായ തത്വമാണെന്നല്ല, പ്രത്യുത സത്യമായ ആ തത്വം ദൈവത്താൽ വെളിപ്പെടുത്തപ്പെട്ടതാണെന്നാണ്, ദൈവവെളിപാടിലടങ്ങിയ വിശ്വാസസത്യങ്ങളിൽ ഉൾപ്പെട്ടതാണെന്നാണ്, മാർപ്പാപ്പാ പ്രഖ്യാപിച്ചതു്. ആ പ്രഖ്യാപനം മുതൽ മാതാവിന്റെ അമലോത്ഭവം കത്തോലിക്കർ അവശ്യം വിശ്വസിക്കേണ്ട തത്വങ്ങളിൽ ഒന്നായിത്തീർന്നു. അതുമുതൽ ആ തത്വം വിശ്വസിക്കാത്തവൻ യഥാർത്ഥ കത്തോലിക്കനായിരിക്കുകയില്ല; അവൻ ഏടത്തുട്ടുകാരനായിരിക്കും (Heretic). ഇതുപോലെയാണ് മാതാവിന്റെ സ്വർഗ്ഗാരോഹണത്തിന്റെ കാര്യവും. ഇതുവരെ മാതാവിന്റെ സ്വർഗ്ഗാരോഹണം വിശ്വസിക്കാത്ത കത്തോലിക്കൻ ഏടത്തുട്ടുകാരനല്ല. തിരുസ്സഭ പഠിപ്പിക്കുന്ന തത്വത്തിനെതിരായി തന്റെ സ്വന്തം അഭിപ്രായത്തിനു പ്രാമാണ്യം കല്പിക്കുന്ന ഗൗരവാവഹമായ പാപത്തിൽ അവൻ തീർച്ചയായും ഉൾപ്പെടുന്നുണ്ട്. എന്നുവരികിലും അവനെടത്തുട്ടുകാരനാകുന്നില്ല. സ്വർഗ്ഗാരോഹണതത്വം മാർപ്പാപ്പാ വിശ്വാസസത്യമായി പ്രഖ്യാപിച്ചശേഷം അവനതു സ്വീകരിക്കുന്നില്ലെങ്കിൽ, വിശ്വാസത്തിനെതിരായ പാപത്തിൽ അവനുൾപ്പെടും. അതായതു് അവനെടത്തുട്ടുകാരനായിത്തീരും.

## ആംഗ്ലിക്കൻ മെത്രാപ്പോലീത്താമാരുടെ പ്രതിഷേധം അർത്ഥശൂന്യം

ഇംഗ്ലണ്ടിലെ ആംഗ്ലിക്കൻ സഭാധികാരികൾ, ക്യാന്റർബറിയിലെയും യോർക്കിലെയും മെത്രാപ്പോലീത്താമാർ, ഒരു പ്രതിഷേധം പുറപ്പെടുവിച്ചിരുന്നതു് റോയിട്ടറുടെ കമ്പിസന്ദേശത്തിൽ പലരും കണ്ടിരിക്കണം. മാർപ്പാപ്പാ മാതാവിന്റെ സ്വർഗ്ഗാരോഹണം വിശ്വാസസത്യമായി പ്രഖ്യാപിക്കുന്നതു "ക്രിസ്ത്യാനികൾ തമ്മിലുള്ള ധാരണയുടെ വളർച്ചയ്ക്കു ഹാനികരമാണ്" എന്നും, "ആംഗ്ലിക്കൻസഭ പ്രസ്തുത തത്വം സ്വീകരിക്കുന്നില്ലെന്നും സ്വീകരിക്കുവാൻ അവർക്കു സാദ്ധ്യമല്ലെന്നും," പ്രസ്തുത തത്വത്തിനു "വേദപുസ്തകത്തിൽ ഏററവും ദുർബലമായ തെളിവുപോലും ഇല്ലെന്നുമാണ്" ഈ വൈദികസ്ഥാനികൾ പ്രതിഷേധിച്ചിരിക്കുന്നതു്. ആംഗ്ലിക്കൻ സഭയും കത്തോലിക്കാസഭയും തമ്മിൽ വിശ്വാസവിഷയത്തിൽ സാര

മായ പല വ്യത്യാസങ്ങളുമിപ്പോൾത്തന്നെ ഉള്ളതിനാൽ, മാതാവിന്റെ സ്വർഗ്ഗാരോഹണം വിശ്വാസസത്യമായി മാർപ്പാപ്പാ പ്രഖ്യാപിക്കുന്നതു് ക്രിസ്ത്യാനികൾ തമ്മിലുള്ള ധാരണയ്ക്കു ഭംഗംവരുത്തുമെന്നുള്ള ആക്ഷേപത്തിൽ വലിയ കഴമ്പൊന്നുമില്ലെന്നു സ്പഷ്ടമാണല്ലോ. മാതാവിന്റെ സ്വർഗ്ഗാരോഹണം ആംഗ്ലിക്കൻസഭ സ്വീകരിക്കുന്നില്ലെന്നും സ്വീകരിക്കുവാൻ അവർക്കു സാദ്ധ്യമല്ലെന്നും പറയുന്നതിലും അർത്ഥമില്ല. കാരണം, വിശ്വാസവിഷയങ്ങളുടെ കാര്യത്തിൽ ആംഗ്ലിക്കൻസഭയ്ക്കു യാതൊരു നിർബന്ധവുമില്ല. ക്രിസ്തു സാക്ഷാൽ ദൈവമാണെന്നുള്ള തത്വംപോലും വിശ്വസിക്കാത്ത, വിശ്വസിക്കുന്നില്ലെന്നു പരസ്യമായി പ്രസ്താവിക്കുവാൻ മടിക്കാത്ത, മെത്രാന്മാർപോലും ആംഗ്ലിക്കൻ സഭയിലുണ്ടു്—ഉദാഹരണമായി ബെർമ്മിംഗ്ഹാമിലെ മെത്രാനായിരുന്ന ഡോക്ടർ ബാൺസ്. എന്നാൽ മൂന്നാമതു പറഞ്ഞ ആക്ഷേപം നമ്മുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതും സംക്ഷിപ്തമായിട്ടെങ്കിലും മറുപടി പറയേണ്ടതുമാണു്.

### വേദപുസ്തകവും പാരമ്പര്യവും

മാതാവിന്റെ സ്വർഗ്ഗാരോഹണത്തിനു വേദപുസ്തകത്തിൽ ഇദമിത്ഥമായ തെളിവുപോലും ഇല്ലെന്നുള്ളതാണല്ലോ ആംഗ്ലിക്കൻസഭയുടെ കാര്യമായ ആക്ഷേപം. ഇതു് ഉന്നംപിഴച്ചുള്ള ആക്ഷേപമാണു്. കാരണം, മാതാവിന്റെ സ്വർഗ്ഗാരോഹണം കത്തോലിക്കർ സ്വീകരിക്കുന്നതു് വേദപുസ്തകസാക്ഷ്യങ്ങളെ ആധാരമാക്കിയല്ല. വേദപുസ്തകത്തിൽ അതിനു തെളിവുണ്ടെന്നു കത്തോലിക്കർ വാദിക്കുന്നുമില്ല. എന്നാൽ വേദപുസ്തകം മാത്രമാണോ വിശ്വാസസത്യങ്ങൾക്കു് ആധാരമായി സ്വീകരിക്കേണ്ടതു്? ദൈവവെളിപാടു മുഴുവനും വേദപുസ്തകത്തിൽ അടങ്ങിയിട്ടുണ്ടോ എന്നുമററുമുള്ള മൗലികമായ പ്രശ്നമാണു് ആംഗ്ലിക്കൻസഭയുടെ പ്രസ്തുത ആക്ഷേപത്തിൽ അടങ്ങിയിരിക്കുന്നതു്. ഈ പ്രശ്നം കത്തോലിക്കാസഭയും പ്രോട്ടസ്റ്റൻറുസഭയും തമ്മിലുള്ള ഏററവും മൗലികമായ തർക്കവിഷയമാണു്. അതു സംബന്ധിച്ചു പല ലേഖനങ്ങളും പല ചോദ്യോത്തരങ്ങളും ഈ പംക്തികളിൽ പലപ്പോഴായി പ്രസിദ്ധീകരിച്ചിട്ടുള്ളതിനാൽ അതിലേക്കു [illegible] കടക്കുന്നില്ല.

ഇത്രമാത്രം പറഞ്ഞുകൊള്ളുന്നു: ദൈവവെളിപാടു വരമൊഴിയായും വായ്മൊഴിയായും നമുക്കു ലഭിച്ചിട്ടുണ്ടു്. വരമൊഴിയായ വെളിപാടു വേദപുസ്തകത്തിലും, വായ്മൊഴിയായ വെളിപാടു് സഭാപാരമ്പര്യത്തിലും (Tradition) കാണാം. വാസ്തവം പറഞ്ഞാൽ ഇവ രണ്ടിൽ വായ്മൊഴിയായ വെളിപാടാണു് വരമൊഴിയായ വെളിപാടിനെക്കാൾ മുൻപുള്ളതു്. ശ്ലീഹന്മാർ വായ്മൊഴിയായി പഠിപ്പിച്ചു് എത്രയോ വർഷങ്ങൾ കഴിഞ്ഞശേഷമാണു് അവരും അവരുടെ അടുത്ത ശിഷ്യന്മാരും വേദപുസ്തകമെന്നു നാം വിളിക്കുന്ന ഗ്രന്ഥങ്ങളെഴുതിയതു്. വേദപുസ്തകം വേദപുസ്തകമാണെന്നുതന്നെയും വായ്മൊഴിയായ വെളിപാടുവഴി മാത്രമേ നാമറിയുന്നുള്ളു. ആ അറിവു സുനിശ്ചിതമായും തെററുകൂടാതെയും ക്രിസ്ത്യാനികൾക്കു പൊതുവിൽ നല്കിയിട്ടുള്ളതു കത്തോലിക്കാസഭതന്നെയാണു്. ദൈവവെളിപാടു് അടങ്ങിയിരിക്കുന്ന ഗ്രന്ഥങ്ങൾ ഇന്നവയാണെന്നു് തെററാവരത്തോടുകൂടി പ്രഖ്യാപിച്ച തിരുസ്സഭതന്നെയാണു്, തിരുസ്സഭയുടെ നാമത്തിൽ അതിന്റെ അദ്ധ്യക്ഷനായ മാർപ്പാപ്പാതന്നെയാണു് ആ ദൈവവെളിപാടിൽ, മാതാവിന്റെ സ്വർഗ്ഗാരോഹണവും ഉൾപ്പെട്ടിട്ടുണ്ടെന്നു പ്രഖ്യാപിക്കുവാൻ പോകുന്നതു്. എത്രയോ വർഷങ്ങളായി ആ പ്രഖ്യാപനത്തിനാവശ്യമായ പരിശോധനകളും പഠനങ്ങളും വായ്മൊഴിയായ ദൈവവെളിപാടടങ്ങിയ സഭാപിതാക്കന്മാരുടെ ഗ്രന്ഥങ്ങളും മററു രേഖകളും ആധാരമാക്കി തിരുസ്സഭ നടത്തിക്കൊണ്ടിരിക്കുന്നു! ആകയാൽ ആംഗ്ലിക്കൻ മെത്രാപ്പോലീത്താമാരുടെ പ്രസ്തുത പ്രതിഷേധം മാതാവിന്റെ സ്വർഗ്ഗാരോഹണത്തെ സംബന്ധിച്ചുള്ള കത്തോലിക്കാസഭയുടെ നിലയെന്തെന്നു ശരിയായി മനസ്സിലാക്കാൻ ശ്രമിക്കുകപോലും ചെയ്യാതെ പുറപ്പെടുവിച്ചിട്ടുള്ളതാണെന്നും, ലേശം അതിനു യാതൊരു വിലയും കല്പിക്കേണ്ടതില്ലെന്നും പ്രസ്താവിച്ചുകൊള്ളുന്നു.

മാതാവിന്റെ സ്വർഗ്ഗാരോഹണം പരിശുദ്ധ പിതാവിന്റെ അറിയിപ്പനുസരിച്ചു വിശ്വാസസത്യമായി പ്രഖ്യാപിച്ചുകാണുവാൻ നമുക്കു തീക്ഷ്ണമായി പ്രാർത്ഥിക്കാം.

## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | " | 6—8—0 |
| ഇൻഡ്യക്കു പുറമെ | " | 8—0—0 |
| ഒററപ്രതി | | 0—2—0 |

## അടുത്തയാഴ്ചയിൽ

സെപ്റ്റംബർ

10 ഞാ: പന്തക്കുസ്താ 15-ാം ഞായർ ക. മറിയത്തിന്റെ തിരുനാമം
11 തി: പഫ്നൂസിയൂസ്
12 ചൊ: ഗയി
13 ബു: എവുലോജിയൂസ്
14 വ്യാ: കുരിശിന്റെ പുകഴ്ച
15 വെ: ജെനോവായിലെ കത്രീന
16 ശ: സിപ്രിയാൻ

## ജപാപ്പസ്തോലത്വം

സെപ്റ്റംബർമാസത്തിലെ പൊതുനിയോഗം: തിരുസഭയുടെ ആവശ്യങ്ങൾ സംരക്ഷിപ്പാൻ.

മിഷൻനിയോഗം: ലാററിൻ അമേരിക്കയിലെ ഇന്ത്യാക്കാർക്കുവേണ്ടി.

## ഫാ. സിറിൽ ബർണ്ണാഡ്

### പ്രൊപ്പഗാന്താകോളെജ് പ്രൊഫസർ

മഞ്ഞുമ്മൽ കർമ്മലീത്തമൂന്നാംസഭ പ്രിയോർ ജനറൽ റവ. ഫാദർ സിറിൽ ബെർണ്ണാഡ് ടി. ഒ. സി. ഡി. യെ റോമിലെ പ്രൊപ്പഗന്താകോളെജിൽ ഭാരതീയമതങ്ങളുടെയും, സംസ്കൃതത്തിന്റെയും പ്രൊഫസറായി നിയമിച്ചിരിക്കുന്നു. ഈ മാസത്തിൽ അദ്ദേഹം ഇവിടെനിന്നു റോമിലേക്കു പുറപ്പെടുന്നതാണു്. പകരം പ്രിയോർ ജനറലായി നിയമിതനായിരിക്കുന്നതു് റവ. ഫാ. ജറോം ടി. ഒ. സി. ഡി. യാണു്.

—

## തീർത്ഥകസ്മരണകൾ

(4-ാം പേജ് തുടർച്ച)

കണ്ടതിലുള്ള കൗതുകാതിശയത്താലായിരിക്കാം, സമുദ്രത്തിലെ തിരമാലകൾ കെട്ടിപ്പിടിച്ചു പൊട്ടിച്ചിരിക്കുന്ന രംഗം കാണേണ്ടതുതന്നെയാണു്. പച്ചപ്പട്ടു വിരിച്ചപോലെ പരന്നുകിടക്കുന്ന സസ്യനിബിഡമായ പാടങ്ങൾ. അവയുടെ ഇടയിലൂടെ പോകുന്ന പാതകളും ഒഴുകുന്ന തോടുകളും ആ പ്രദേശമാനിയെ ചേതോഹരമാക്കുന്ന കരകളായുണ്ടു്. ഇങ്ങനെ "ആകാശവും ഭൂമിയും അത്യുന്നതന്റെ മഹിമപ്രതാപം വിളിച്ചറിയിക്കുന്നു," എന്ന സങ്കീർത്തനവാക്യത്തിന്റെ തന്മയത്വം ശരിക്കറിയണമെങ്കിൽ ഒരാകാശസഞ്ചാരം തന്നെ കഴിക്കണം. സ്രഷ്ടാവായ സർവ്വേശ്വരൻ സൃഷ്ടികളായ മനുഷ്യരുടെ കണ്ണും കരളും കുളിർപ്പിച്ചുല്ലസിപ്പിക്കുവാനായി നാലുപാടും ലോഭമെന്യേ വാരിവിതറിയിരിക്കുന്ന നയനാഭിരാമമായ കാഴ്ചകളിൽ മനംമയങ്ങിയും, ഇടയ്ക്കിടെ സുഖസുഷുപ്തിയിൽ ലയിച്ചും, മേഘങ്ങൾക്കു മീതെ പറന്നുപൊയ്ക്കൊണ്ടിരുന്നപ്പോൾ അല്പമെന്നും പറയത്തക്ക ഉൾഭീതിയനുഭവപ്പെടുകയുണ്ടായില്ല. ഇന്നോർക്കുമ്പോൾ അറിയാതെതന്നെ ഒരു ഞെട്ടൽ അടിതൊട്ടു മുടിവരെയും പാറിപ്പരക്കുന്നു.

സായാഹ്നത്തിൽ 3 മണിയോടെ ഇറാക്കിലെ പ്രമുഖനഗരാവരോധമായ ബസ്രായിൽ ചെന്നിറങ്ങി. പെട്രോളും മണ്ണെണ്ണയും സുലഭമായുണ്ടാകുന്ന ഈ സ്ഥലം ജഗൽപ്രസിദ്ധമാണല്ലോ. കേളികേട്ട ഈന്തപ്പഴവും, ഇറാക്കിലെ പ്രധാനോല്പന്നമാണു്. തേനമ്പുവയലും ഈന്തപ്പനത്തോപ്പുകളും സുലഭമായി കാണാം. അന്നുരാത്രി വിശ്രാമാർത്ഥം അവിടെ താമസമായിരുന്നതിനാൽ ഞാനും ഏതാനും സഖാക്കളുംകൂടി പട്ടണം ചുററിക്കാണുവാൻ പുറപ്പെട്ടു കുറച്ചുചെന്നപ്പോൾ കൂട്ടുകാരിൽ ഒരാൾ ചൂണ്ടിക്കാണിച്ചുകൊണ്ടു് ആശ്ചര്യഭാവത്തിൽ ചോദിച്ചു: ഇത്രയധികം കന്യാസ്ത്രീകളുണ്ടോ ഇവിടെ? അടുത്തെത്തിയപ്പോൾ കാര്യം മനസ്സിലായി. തലതൊട്ടു കണ്ണിക്കാൽവരെയും കറുത്ത വസ്ത്രം ധരിച്ച മുഹമ്മദീയസ്ത്രീകൾ കൂട്ടംകൂട്ടമായി സായാഹ്നസവാരി കിറങ്ങിയിരിക്കയാണു്. പലരുടേയും മുഖംപോലും മൂടുപടംകൊണ്ടു മൂടിയിരിക്കുന്നു. കണ്ണുകളുടേയും മൂക്കിന്റേയും സ്ഥാനത്തുമാത്രം ഓരോ ചെറിയ ദ്വാരംകാണാം. കൊച്ചുകുട്ടികൾ കണ്ടാൽ ഭൂതങ്ങളാണെന്നു ഭയപ്പെട്ടു നിലവിളിക്കും. അവിടത്തെ മുസ്ലീം വനിതകളുടെ വസ്ത്രധാരണസമ്പ്രദായം ഇതാണത്രെ. ഇന്നത്തെ [illegible] ചട്ടയുടേയും, നഗ്നതയെ മറയ്ക്കുന്നതിനു പകരം, ഉപരി സ്പഷ്ടീകരിക്കുന്നതിനുതകുന്ന ഉണ്ണിത്തരങ്ങളുടെയും പരിഷ്കാരങ്ങളൊന്നും അവിടെ എത്തിനോക്കിട്ടുപോലുമില്ല. എന്നിരുന്നാലും ഇറാക്കിലെ സ്ത്രീജനങ്ങൾക്കു ധാരാളം സ്വാതന്ത്ര്യമുണ്ടെന്നു ആരും സമ്മതിക്കും, അവർ ഒററയ്ക്കും സംഘമായും സ്വൈരവിഹാരം ചെയ്യുന്നതു കണ്ടാൽ.

പുരുഷന്മാരെല്ലാവരുംതന്നെ സ്നേഹിതരുമായി സ്വൈരസല്ലാപം ചെയ്തുകൊണ്ടു് ഉലാത്തുമ്പോഴായാലും, കാറിൽ സവാരിചെയ്യുമ്പോഴായാലും കൈയിൽ ഒരു ജപമാല പിടിച്ചു് മണികളങ്ങനെ ഉരുട്ടിക്കൊണ്ടിരിക്കുന്ന കാഴ്ച കൗതുകാവഹമാണു്. മണികൾ ഉരുട്ടുന്നതല്ലാതെ ജപമൊന്നും ഉച്ചരിക്കുന്നില്ലെന്നുവേണം കരുതുവാൻ. സംസാരിച്ചുകൊണ്ടിരിക്കുമ്പോഴും യാന്ത്രികമായി മണിയുരുട്ടൽ ഇടതടവില്ലാതെ നടന്നുകൊണ്ടിരിക്കും. എങ്കിലും ഏതുദേശക്കാരും അവരുടെ മതഭക്തി ഇങ്ങനെ പരസ്യമായി പ്രകടിപ്പിക്കുന്നതിൽ അശേഷം സങ്കോചം കാണിക്കുന്നില്ല. ഇതു കണ്ടപ്പോൾ എന്റെ ചിന്തകൾ സ്വാഭാവികമായി കേരളത്തിലേക്കു പറന്നെത്തിയെന്നു പറയേണ്ടതില്ലല്ലോ. ഫാത്തിമാമാതാവിന്റെ തിരുസ്വരൂപസന്ദർശനത്തോടുകൂടി ജപമാലഭക്തി ഇവിടെയും കുറച്ചൊന്നു ഉത്ജ്ജീവിക്കപ്പെട്ടിട്ടുണ്ടു്; പലരും കഴുത്തിൽ കൊന്തയിടുവാനും തുടങ്ങീട്ടുണ്ടു്. പക്ഷേ ബഹുജനസമക്ഷം അതെടുത്തുപയോഗിക്കുന്നവരും, അങ്ങനെ ചെയ്യുന്നതു അഭിമാനാവഹമായി കരുതുന്നവരും എത്രപേരുണ്ടാകും? വിശിഷ്യ യോഗ്യരായ ചെറുപ്പക്കാർ താദൃശപ്രവൃത്തി തങ്ങളുടെ യോഗ്യതയ്ക്കു കുറച്ചിലായി കരുതുന്നില്ലേ എന്നുപോലും സംശയിക്കുന്നതിൽ തെററുണ്ടെന്നു തോന്നുന്നില്ല. ആ ഇറാക്കുകാരുടെ മതാഭിമാനപ്രകടനം നമ്മുടെ നാട്ടുകാരും ആത്മാർത്ഥമായി അനുകരിച്ചെങ്കിൽ എന്നു ഞാനും സഖാക്കളും അഭിലഷിച്ചതിൽ അസാംഗത്യമില്ലല്ലോ.

വിമാനസങ്കേതത്തിൽനിന്നു ആറേഴു നാഴിക പോയാൽ ലത്തീൻ, ഗ്രീക്ക്, അർമ്മീനിയൻ, അന്ത്യോക്യൻ, കോപ്ററിക്ക് ആദിയായ വിവിധ റീത്തുകളിൽപെട്ട കത്തോലിക്കരുടെ മഠങ്ങളും പള്ളികളും സ്ഥിതിചെയ്യുന്നുണ്ടു്. സമയം അതിക്രമിച്ചിരുന്നതിനാൽ പ്രസ്തുതസ്ഥലങ്ങൾ സന്ദർശിക്കുവാൻ ഞങ്ങൾക്കു തരപ്പെട്ടില്ല.

(പി. കാക്കശ്ശേരി)

—

പുസ്തകാഭിപ്രായം

## ആത്മാവലോകനം

(വിവർത്തകൻ: റവ. ഫാ. ഇസിഡോർ ടി. ഒ. സി. ഡി., ബി. എ, ദീപിക പ്രസ്സ്, കോട്ടയം. പക്കം 31)

"മിഷൻ രംഗങ്ങളിൽ പ്രവർത്തനം നടത്തുന്നയാളുകൾക്കു പരിതസ്ഥിതികളുടെ പ്രതികൂലഭാവംകൊണ്ടു് അന്തരംഗജീവിതം അക്ഷയമായി പാലിക്കുക പ്രയാസമായിത്തീരാറുണ്ടു്. ഏകാന്തവും മൗനവുമാണു് അന്തരംഗജീവിതത്തിന്റെ ജീവനാഡികൾ. കർമ്മപരമായ ജീവിതത്തിൽ പലപ്പോഴും ഇവയുടെ അനുഷ്ഠാനം അസാദ്ധ്യമായിത്തീരും. അപ്പോൾ അന്തരംഗജീവിതത്തിനു ക്ഷയം സംഭവിക്കുന്നു. അതു പരിഹരിക്കുന്നതിനു യഥാവസരം പ്രതിവിധി പ്രയോഗിക്കണം. ഇത്തരം പ്രതിവിധികളാണു് ആത്മാവലോകനം എന്ന ഈ ചെറുഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുള്ളതു്. ഈ പുസ്തകം റവ. ലോറൻസ് ജി. ലൊവാസിക്ക് എസ്. വി. ഡി. അവർകളാൽ വിരചിതമായ "The Spiritual Check-up For Religious" എന്ന ലഘുഗ്രന്ഥത്തിന്റെ തർജ്ജമയാണു്."

"ആത്മാവലോകന"ത്തിന്റെ ഉദ്ദേശത്തെപ്പററി പരിഭാഷകന്റെ അഭിമതമാണു മേലുദ്ധരിച്ചിട്ടുള്ളതു്. പല ആദ്ധ്യാത്മികജീവകങ്ങളും ഒരു സന്യാസി നടത്തേണ്ട ആത്മപരിശോധനയ്ക്കു പററിയ വിഷയങ്ങളും കർമ്മവ്യഗ്രത ജീവിതത്തിൽ ഏർപ്പെട്ടിരിക്കുന്നവർ അറിഞ്ഞിരിക്കേണ്ട തത്വങ്ങളും ഭംഗിയായി ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥം എല്ലാസന്യാസാശ്രമങ്ങൾക്കും ഭൂഷണമായിരിക്കും. ആദ്ധ്യാത്മികജീവിതത്തെ തട്ടിയുണർത്തുവാൻ ഇതരർക്കും ഈ ഗ്രന്ഥം ഉപയോഗിക്കാവുന്നതാണു്. ഭാഷയും അച്ചടിയും എല്ലാം നല്ലതുതന്നെ. ഗ്രന്ഥത്തിനും ഗ്രന്ഥകാരനും സകലവിജയങ്ങളും ആശംസിക്കുന്നു. (T. M.)

**Thanks giving**

For favours received through Sr. Alphonsa.

Antony Paul. N. Parur.




"നിങ്ങൾ എന്തൊക്കെയാണു വായിക്കുന്നതെന്നു പറയുക. എന്നാൽ നിങ്ങൾ എന്തു സ്വഭാവക്കാരനാണെന്നു ഞാൻ പറയാം."

"ഞാൻ വായിക്കാത്തതൊന്നും ഉണ്ടെന്നു തോന്നുന്നില്ല. ചിലപ്പോൾ ഷേക്സ്പിയർ വായിക്കും. ചിലപ്പോൾ മിൽട്ടൺ എടുക്കും. ഇടയ്ക്കിടയ്ക്കു കാളിദാസന്റേയും എഴുത്തച്ഛന്റേയും കൃതികൾ വായിക്കും. ചിലപ്പോൾ പാണിനീയിൽക്കൂടി കണ്ണോടിക്കും. ചിലപ്പോൾ തോന്നുന്നതു് ഐൻസ്റ്റീന്റേയും എമേഴ്സന്റേയും ന്യൂട്ടന്റേയും മററും കൃതികൾ വായിക്കാനായിരിക്കും. ...ഇനി, എന്റെ സ്വഭാവം എന്തെന്നു പറയുക."

"നിങ്ങൾ ഒന്നാന്തരം നുണയനാണു്."

* * *

"ഡോക്ടരെ ഞാൻ വിളിപ്പിക്കുന്നു മാത്രമേയുള്ളു. പക്ഷെ ഇപ്പോഴത്തെ ഈ ചികിത്സാസമ്പ്രദായത്തിൽ എനിക്കശേഷം വിശ്വാസമില്ലെന്ന സംഗതി തുറന്നുപറയാതെ നിവൃത്തിയില്ല."

"അതു സാരമില്ല. കഴുതയ്ക്കു മൃഗഡോക്ടരിൽ വിശ്വാസമില്ലല്ലോ. എന്നിട്ടു് അതിനെയും അദ്ദേഹം സുഖപ്പെടുത്തുന്നുണ്ടല്ലോ."

* * *

ഒരു ഉദ്യോഗസ്ഥപ്രമുഖൻ സ്വന്തം ഭവനത്തിന്റെ പൂമുഖത്തിരുന്നു ആത്മപ്രശംസാലഹരി ആസ്വദിക്കയായിരുന്നു. പടികടന്നുവന്ന ഒരു വൃദ്ധൻ അങ്ങോട്ടൊന്നു നോക്കിക്കൊണ്ടു്, ആരെയും അലട്ടേണ്ട എന്നഭാവത്തിൽ ഭവനത്തിന്റെ മറുവശത്തേക്കു പോയി. അപ്പോൾ ഉദ്യോഗസ്ഥന്റെ സഖാക്കളിൽ ഒരാൾ ചോദിച്ചു: "അപ്പോൾ ആ പോയ മൂപ്പിന്ന് ആരാണു്?"

ഉദ്യോഗസ്ഥൻ: "ഞങ്ങളുടെ നാട്ടുകാരനാണു്—ഞങ്ങളുടെ വീട്ടിൽ വേലയ്ക്കു നില്ക്കുന്ന ഒരു കിഴവൻ."

വൃദ്ധനു കോപം സഹിക്കവയ്യാതായി. അയാൾ തിരിച്ചുവന്നു് ആ സദസ്സിനോടു് ഇപ്രകാരം പറഞ്ഞു, ദൃഢസ്വരത്തിൽ: "അവൻ പറഞ്ഞതു ശരിയാണു്. ഞാൻ അവന്റെ വീട്ടിൽ വേലയ്ക്കു നില്ക്കുകയാണു്. പക്ഷെ ഞാനവന്റെ അപ്പനാണു്."

* *

വിദ്യാർത്ഥി: "തലച്ചോറില്ലാതെ ഒരാൾക്കു എത്ര കൊല്ലം ജീവിക്കാൻ സാധിക്കും?"

അദ്ധ്യാപകൻ: "എനിക്കറിഞ്ഞുകൂടാ. നിനക്കിപ്പോൾ എത്രവയസ്സായി?"

## കൊച്ചി-തിരുവിതാംകൂർ വാർത്തകൾ

തിരുവിതാംകൂർ നാണയങ്ങൾ സെപ്റ്റംബർ 1-ാംനു മുതൽ നിർത്തൽ ചെയ്തിരിക്കുന്നതിനാൽ ട്രഷറിയിൽ ചെല്ലുന്നവ ഇനി തിരിച്ചുകൊടുക്കുന്നതല്ലെന്നറിയുന്നു.

—തിരു-കൊച്ചി പോലീസ്സേനയിലേക്ക് 100 പേരെ റിക്രൂട്ടുചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നു. ഇതു സംബന്ധിച്ച തിരഞ്ഞെടുപ്പ് തിരുവനന്തപുരം, കൊല്ലം, കോട്ടയം എന്നി കേന്ദ്രങ്ങളിൽവച്ചു നടത്തപ്പെടുന്നതാണ്.

—വിസ്താരം അവസാനിച്ചിരിക്കുന്ന അഞ്ചൽപേഷ്കാർ കേസിന്റെ വിധി അടുത്ത ശനിയാഴ്ച പ്രസ്താവിക്കുന്നതാണെന്നു പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു.

—നെയ്യാററിൻകര ഉപതിരഞ്ഞെടുപ്പിൽ ഇൻഡ്യൻ സോഷ്യലിസ്റ്റ് പാർട്ടി സ്ഥാനാർത്ഥി ശ്രീ എൻ. കെ. കൃഷ്ണപിള്ള വിജയിയായിരിക്കുന്നു.

—സ്റ്റേററ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിലെ കൺഡക്ടർമാരെ ഉദ്ദേശിച്ച് സെൻട്രൽ ഓഫീസിനോടനുബന്ധിച്ച് ഒരു പരിശീലനക്ലാസ് ആരംഭിച്ചിരിക്കുന്നു. യാത്രക്കാരോടു പെരുമാറേണ്ട വിധം, യന്ത്രത്തകരാറു വല്ല അപകടവും നേരിട്ടാൽ ഉടനടി നിർവ്വഹിക്കേണ്ട പ്രഥമശുശ്രൂഷകൾ, വണ്ടികൾക്കുണ്ടാകാവുന്ന ചെറിയ കേടുകൾ പരിഹരിക്കേണ്ടവിധം മുതലായവ സംബന്ധിച്ച് അവിടെ പരിശീലനം നല്കപ്പെടുന്നതാണ്. ഡ്രൈവർമാർക്കും ഈ മാതിരി പരിശീലനങ്ങൾ നല്കുവാനുദ്ദേശമുണ്ടെന്നറിയുന്നു.

## ക. കോൺഗ്രസ്
### വിദ്യാഭ്യാസപ്രശ്നത്തെപ്പററി

അഖിലകേരള കത്തോലിക്കകോൺഗ്രസ് വർക്കിംഗ് കമ്മിററിയുടെ ഒരു യോഗവും കോൺഗ്രസ് കൗൺസിലിന്റെ ഒരു അടിയന്തിരയോഗവും സെപ്റ്റംബർ 3-ാംനു കോട്ടയത്തുവച്ച് സ്ഥിരം പ്രസിഡണ്ടു ശ്രീ ഇ. പി. വറതിസ് അവർകളുടെ അദ്ധ്യക്ഷതയിൽ സമ്മേളിക്കുകയുണ്ടായി. യോഗങ്ങളിൽ ഏതാനും കത്തോലിക്കാ അദ്ധ്യാപകപ്രതിനിധികളും കത്തോലിക്കാ മാനേജർമാരും സന്നിഹിതരായിരുന്നു. പ്രൈവററുസെക്കണ്ടറിസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളവർദ്ധനവു സംബന്ധിച്ച് 1950 ആഗസ്റ്റ് 19-ാം തിയതി ഗവമ്മെണ്ടു പുറപ്പെടുവിച്ചിട്ടുള്ള പ്രൊസീഡിംഗ്സ്, കത്തോലിക്കാവിദ്യാലയങ്ങളെ എങ്ങനെ ബാധിക്കുമെന്നതിനെപ്പററി സൂക്ഷ്മമായി ചർച്ചചെയ്തശേഷം കൗൺസിൽ താഴെ പറയുന്ന പ്രമേയങ്ങൾ സ്വീകരിച്ചു.

### പ്രമേയങ്ങൾ

1 തിരുവിതാംകൂർ-കൊച്ചി ഗവർമ്മെണ്ടിന്റെ 1950 ആഗസ്റ്റ് 19-ാം തിയതിയിലെ (Ed 71202148) പ്രൊസീഡിംഗ്സ് അവധാനപൂർവ്വം ആലോചിച്ചശേഷം കോൺഗ്രസ് കൗൺസിൽ താഴെ പറയുന്ന പ്രമേയങ്ങൾ പാസാക്കിയിരിക്കുന്നു. ഈ പ്രമേയങ്ങൾ അംഗീകരിക്കുന്നതുമൂലം ഇവിടെ പ്രത്യേകമായി എടുത്തു പറയുന്നതൊഴികെ പ്രസ്തുത ഗവമ്മെൻറു പ്രൊസീഡിംഗ്സിലെ മററു വ്യവസ്ഥകളെപ്പററി കൗൺസിൽ യാതൊരു അഭിപ്രായവും ഇപ്പോൾ പ്രകടിപ്പിക്കുന്നില്ല.

2 ഒരു ഇടക്കാലപ്രവർത്തനം എന്ന നിലയിൽ പ്രൈവററുസെക്കണ്ടറി സ്കൂളുകളിലെ ഫീസ്പിരിവിന്റെ 80 ശതമാനം ഗവമ്മെൻറു ഖജനാവുകളിൽ നിക്ഷേപിക്കണമെന്ന നിർദ്ദേശത്തെ കൗൺസിൽ അംഗീകരിക്കുന്നതോടുകൂടി ഇങ്ങനെ നിക്ഷേപിക്കണമെന്നു നിർബന്ധിക്കുന്നതു മൗലികാവകാശങ്ങളുടെ കൈയേററമായി ഈ കൗൺസിൽ ആശങ്കിക്കുകയും ചെയ്യുന്നു.

3 ആവശ്യമായ വിദ്യാഭ്യാസയോഗ്യതയുള്ളവരിൽനിന്നു ഹെഡ്മാസ്റ്റർമാരെയും അദ്ധ്യാപകന്മാരെയും ഇഷ്ടാനുസരണം നിയമിക്കുവാൻ മാനേജ്മെൻറിനു ഇപ്പോഴുള്ള അവകാശം യാതൊരുവിധത്തിലും ഭംഗപ്പെടാതെ ഇരിക്കണമെന്നാണ് ഈ കമ്മിററിയുടെ ബലമായ അഭിപ്രായം.

4 മൗലികാവകാശങ്ങളുടെ വെളിച്ചത്തിൽ ഈ ഗവർമ്മെൻറ് പ്രൊസീഡിംഗ്സിലെ വ്യവസ്ഥകളെപ്പററി പഠിച്ച്, വിദഗ്ദ്ധാഭിപ്രായങ്ങൾ ആരാഞ്ഞ് പ്രസിഡണ്ട്, വൈസ്പ്രസിഡണ്ട്, മി. കെ. സി. ചാണ്ടി എന്നിവരടങ്ങിയ ഒരു കമ്മിററി രണ്ടുമാസത്തിനുള്ളിൽ വർക്കിംഗ് കമ്മിററിക്കു റിപ്പോർട്ടു സമർപ്പിക്കേണ്ടതും റിപ്പോർട്ടിനെപ്പററി വർക്കിംഗ് കമ്മിററി ആവശ്യമായ നടപടികൾ എടുക്കേണ്ടതുമാകുന്നു.

5 മേൽപ്രമേയങ്ങൾ പ്രാവർത്തികമാക്കുന്ന വിഷയത്തിൽ മാനേജർമാരും അദ്ധ്യാപകന്മാരും ഗവർമ്മെൻറും സഹകരിക്കണമെന്നു ഈ കമ്മിററി പ്രത്യാശിക്കുകയും ചെയ്യുന്നു.

## ഇൻഡ്യാവാർത്തകൾ

കാശ്മീർ പ്രശ്നപരിഹാരാർത്ഥം ഐക്യരാഷ്ട്ര സമിതിയിൽനിന്നും നിയുക്തനായ സർ ഓവൻ ഡിക്സൺ തന്റെ ദൗത്യം പരാജയപ്പെട്ടതിനെത്തുടർന്ന് ആഗസ്റ്റ് 23-ാംനു മടങ്ങിപ്പോയിരിക്കുന്നു.

—അടുത്ത പൊതുതിരഞ്ഞെടുപ്പിൽ ഇൻഡ്യയൊട്ടുക്ക് 18 കോടിയോളം വോട്ടർമാരുണ്ടായിരിക്കുമെന്നും ആയിരം വോട്ടർമാർക്ക് ഒരു പോളിംഗ് ബൂത്തുവീതമുണ്ടായിരിക്കുന്നതാണെന്നും ചീഫ് ഇലക്ഷൻ കമ്മീഷണർ പ്രസ്താവിച്ചിരിക്കുന്നു. ഹൗസ് ഓഫ് ദി പീപ്പിൾ, സ്റ്റേററ് അസംബ്ലി ഇവയിലേക്ക് ഒന്നിച്ചായിരിക്കും തിരഞ്ഞെടുപ്പു നടത്തുന്നതെന്നും അദ്ദേഹം വിശദമാക്കുകയുണ്ടായി.

—ഇൻഡ്യൻ നാഷനൽ കോൺഗ്രസ് പ്രസിഡണ്ടായി ശ്രീ പുരുഷോത്തമദാസ് ടാണ്ഡൻ (വോട്ട് 1306) തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ആചാര്യ കൃപലാനി (വോട്ട് 1092), ശ്രീ ശങ്കരറാവുദേവ് (വോട്ട് 202) എന്നിവരായിരുന്നു എതിർസ്ഥാനാർത്ഥികൾ.

—ഇൻഡ്യാഗവർമ്മെൻറിന്റെ കാർഷികബോർഡിൽ ഒ. കൃഷ്ണനെഴുത്തച്ഛൻ, കെ. ആർ. ഇലങ്കത്ത് എന്നിവരെ നോമിനേററു ചെയ്തിരിക്കുന്നു.

—ആസാമിൽ ഭൂകമ്പംനിമിത്തം നാശത്തിനു വിധേയമായ ഭാഗങ്ങൾ സന്ദർശിക്കുന്നതിനായി പ്രധാനമന്ത്രി പണ്ഡിററു നെഹ്റു സെപ്റ്റംബർ 4-ാംനു ആസാമിലെത്തിയിരിക്കുന്നു. അദ്ദേഹം 3 ദിവസം അവിടെ ചെലവഴിക്കുന്നതാണെന്നറിയുന്നു.

## വിദേശവാർത്തകൾ

കോമൺവെൽത്തു ധനകാര്യമന്ത്രിമാരുടെ ഒരു രഹസ്യസമ്മേളനം സെപ്റ്റംബർ 18-ാംനു ലണ്ടനിൽവച്ചുകൂടി ധനകാര്യപ്രശ്നങ്ങളെപ്പററി ചർച്ചചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നു.

—സെക്യൂരിററി കൗൺസിൽ സമ്മേളനത്തിലെ ഈ മാസത്തെ പ്രസിഡണ്ട് ബ്രിട്ടീഷ് പ്രതിനിധിയായ സർ ഗ്ലാഡ്വിൻ ജബ്ബാണ്.

—സിലോണിലെ തോട്ടങ്ങളിലും മററും കൂലിക്കാരെയും സാങ്കേതിക വിദഗ്ദ്ധന്മാരെയും ജോലിചെയ്യുന്ന വിദേശികളെ, പ്രത്യേകിച്ച് ഇൻഡ്യാക്കാരെ, സിലോണിൽനിന്നു ബഹിഷ്കരിക്കുവാൻ തീരുമാനിച്ചിരിക്കുന്നതായറിയുന്നു.

—കെയ്റോവിൽനിന്നു റോമിലേക്കു പോയിരുന്ന ഒരു യാത്രാവിമാനം കെയ്റോക്കു 30 മൈൽ വടക്കുള്ള ഒരു മരുഭൂമിയിൽ വീണു തകർന്നിരിക്കുന്നു. ആകെ അതിലുണ്ടായിരുന്ന 55 യാത്രക്കാരിൽ 8 പേർ ഇൻഡ്യാക്കാരായിരുന്നു. അന്വേഷണഫലമായി 33 മൃതദേഹങ്ങൾ കണ്ടുകിട്ടീട്ടുണ്ട്.

## ചരമം

എടത്വാ: കിഴക്കേ അംബിയാത്തു വീട്ടിൽ ശ്രീ വർക്കി ഔസേപ്പിന്റെ ഭാര്യ ശ്രീമതി ഏലി ആഗസ്റ്റ് 24-ാംനു 60-ാമത്തെ വയസ്സിൽ നിര്യാതയായിരിക്കുന്നു.

—വരാപ്പുഴ: പുത്തൻവീട്ടിൽ മത്തായി തൊമ്മൻ ആഗസ്റ്റ് 24-ാംനു നിര്യാതനായിരിക്കുന്നു

—ആരക്കുഴ: പൂവക്കടിയിൽ മാണി ഭാര്യ ശ്രീമതി മറിയം 101-ാമത്തെ വയസ്സിൽ ആഗസ്റ്റ് 24-ാംനു നിര്യാതയായിരിക്കുന്നു

—തങ്കപ്പള്ളി ഇടവക പാല്യത്തറ ജോസഫ് ഗസ്പാരിയുടെ മാതാവ് 83-ാമത്തെ വയസ്സിൽ ആഗസ്റ്റ് 22-ാംനു നിര്യാതയായിരിക്കുന്നു.

—മംഗലപ്പുഴ ജൂബിലി മെമ്മോറിയൽ പ്രസ് മാനേജരായിരുന്ന റവ. ബ്രദർ ജയിംസ് ടി. ഒ. സി. ഡി. ആഗസ്റ്റ് 27-ാംനു നിര്യാതനായിരിക്കുന്നു. നാഗപട്ടണം സ്വദേശിയായിരുന്ന ഇദ്ദേഹം മുണ്ടക്കയത്തുള്ള കൊററയാ കമ്പനിയുടെ മാനേജരായിരിക്കുമ്പോഴാണ് തൽസ്ഥാനം രാജിവച്ച് 1924-ൽ സന്യാസജീവിതം കൈവരിച്ചതു.

—മുട്ടചിറ: ചങ്ങനാശേരി ശ്രീ ചാക്കോ ഔസേപ്പ് ആഗസ്റ്റ് 22-ാംനു 70-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു.

(പരേതർക്കുവേണ്ടി വായനക്കാർ പ്രാർത്ഥിപ്പാറാകണം.)

R. I. P.

—

അനുഭവപംക്തി

## പാമ്പുവിഷം

(A Catholic Missionary)

പാമ്പുവിഷത്തിനു പ്രതിവിധിയായി പല പ്രയോഗങ്ങളും ഈയിടെ സത്യദീപത്തിൽ കാണുന്നതിനിടയായി. കോഴിപ്രയോഗവും മററും എങ്ങനെ പ്രായോഗികമാണെന്നു മനസ്സിലാകുന്നില്ല. ചില പാമ്പുകടിച്ചാൽ ഉടനെ മരുന്നുകൊടുത്തില്ലെങ്കിൽ രോഗി മരിക്കും. വേറെ ചില പാമ്പുകടിച്ചാൽ രോഗി ഉടനെ ബോധംകെട്ടുവീഴും. മനുഷ്യർ രാത്രിയിൽ ഉറങ്ങിക്കിടക്കുമ്പോഴാണ് മററു ചില പാമ്പു സാധാരണയായി കടിക്കുന്നത്. അധികം താമസിയാതെ ശരിയായ പ്രതിവിധി ചെയ്യാത്തപക്ഷം ഈ രോഗികൾ എല്ലാം മരിക്കുകയാണ് പതിവ്. വിഷമേറിയതും വിവിധങ്ങളുമായ സാഹചര്യങ്ങളിൽ നിർദ്ദിഷ്ടതരത്തിലുള്ള കോഴി ഇത്രമാത്രം ഉടനെ എവിടെനിന്നും ലഭിക്കും! എന്നാൽ പ്രായോഗികവും വളരെ ഫലപ്രദവുമായ ചില മരുന്നുകൾ വാങ്ങിച്ചു സൂക്ഷിക്കുന്നതിനും ആവശ്യപ്പെടുമ്പോൾ ഉടനെ ഉപയോഗിക്കുന്നതിനും നിഷ്പ്രയാസം എല്ലാവർക്കും സാധിക്കും. എന്റെ അറിവിൽപ്പെട്ട ഒരു മരുന്നിനെക്കുറിച്ച്, പരസ്നേഹത്തെപ്രതി, എല്ലാവരെയും അറിയിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

"Fr. Muir's Homeo Poor Dispensary, P. O. Kankanady, Mangalore" എന്ന മേൽവിലാസത്തിൽ എഴുതിയാൽ പാമ്പുവിഷത്തിനും മററു പല വിഷത്തിനും പ്രതിവിധിയായുള്ള ഒരു മരുന്നു ലഭിക്കും. അതിന്റെ പേര് തിരിയാക്ക് (Tiry qrant-snakebite) എന്നാണ്. ഒരു കുപ്പിക്കു വില രണ്ടുരൂപാമാത്രം. ഉപയോഗിക്കേണ്ടവിധം എങ്ങനെയെന്ന് ഓരോ പാക്കററിലും അടക്കം ചെയ്തിരിക്കുന്ന കടലാസിൽ ഇംഗ്ലീഷിൽ വിവരിച്ചിട്ടുണ്ട്. അതിൻപ്രകാരം കൃത്യമായി ചെയ്യുന്നപക്ഷം ഫലം തീർച്ചയായും സിദ്ധിക്കും. എനിക്കിപ്പോൾ ഇതുപ്പററി 16 കൊല്ലത്തെ പരിചയമുണ്ട്. കഴിഞ്ഞ 3 വർഷത്തിനിടയിൽ 30-ൽ അധികം രോഗികളെ ഈ മരുന്നുകൊണ്ട് ഞാൻ സുഖപ്പെടുത്തിയിട്ടുണ്ട്. പാമ്പുകടിച്ചു ഉടനെ ബോധംകെട്ടു മരിച്ചയാളെപ്പോലെ കിടന്ന രോഗികളും ഈ മരുന്നുകൊണ്ടു സുഖംപ്രാപിച്ചിട്ടുണ്ട് എന്നു പ്രത്യേകം പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

ഈ മരുന്നിനെസംബന്ധിച്ച് കുറെ വർഷങ്ങൾക്കുമുമ്പ് ദീപികയിൽ ഒരു വാദപ്രതിവാദം നടന്നതായി ഓർക്കുന്നുണ്ട്. അതുപ്പററി നിരൂപണം ചെയ്യുന്നതിനു ഞാൻ ഉദ്ദേശിക്കുന്നില്ല. ഞാൻ ഈ മരുന്ന് കൊടുത്തിട്ടു സുഖപ്പെടാത്ത ഒരു രോഗിയുമില്ല എന്നുമാത്രം പറയുന്നു. ഈ മരുന്നുകൊണ്ട് ആർക്കെങ്കിലും സുഖം കിട്ടിയില്ലെങ്കിൽ അതു ചികിത്സയുടെ ദോഷമെന്നേ എനിക്കു വിചാരിക്കാൻ നിവൃത്തിയുള്ളൂ. ഒരു കുപ്പി മരുന്ന് ഓരോ വീട്ടിലും സൂക്ഷിച്ചാൽ ആവശ്യപ്പെടുമ്പോൾ ഉടനെ ഉപയോഗിക്കാം. ചില അവസരത്തിൽ രണ്ടോ മൂന്നോ നാലോ കുപ്പി മരുന്ന് ആവശ്യപ്പെട്ടേക്കാം. സാധാരണ വിഷം ഒന്നോ രണ്ടോ മണിക്കൂർകൊണ്ടു സുഖപ്പെടും. എന്നാൽ ചിലപ്പോൾ മൂന്നോ നാലോ മണിക്കൂർ സമയംകൊണ്ടേ സുഖമാകയുള്ളു. മററു മരുന്നു കൊടുത്തശേഷം ഈ മരുന്നു കൊടുത്താൽ, കൂടുതൽ സമയവും മരുന്നും ആവശ്യപ്പെടും. ഒരു കുപ്പിയിൽ കൂടുതൽ മരുന്ന് ആവശ്യപ്പെടുന്നപക്ഷം അടുത്ത വീട്ടിൽനിന്നും എടുക്കത്തക്കവിധത്തിൽ എല്ലാ വീടുകളിലും ഓരോ കുപ്പി സൂക്ഷിച്ചാൽ എല്ലാവർക്കും നിഷ്പ്രയാസം കാര്യം സാധിക്കാം. പഴകിയതുകൊണ്ടോ തുറന്നതുകൊണ്ടോ മരുന്നു നഷ്ടപ്പെടുകയില്ല. ഒഴിക്കാം. അരക്കോച്ചു ശരിയായി അടച്ചുസൂക്ഷിക്കണമെന്നേയുള്ളൂ. പേപ്പട്ടിവിഷത്തിനും ഇതു ഉപകരിക്കുമോ എന്ന് ഞാൻ പരീക്ഷിച്ചിട്ടില്ല. മററു പല വിഷത്തിനും (പഴുതാര, തേൾ, കൊളുവി, എലി ഇത്യാദി) ഇതു നല്ലമരുന്ന് അനുഭവംകൊണ്ടും എനിക്കു മനസ്സിലായി. ചികിത്സാരീതി ആ കടലാസിൽ പറഞ്ഞിരിക്കുന്നതുപോലെ അക്ഷരംപ്രതി നിറവേററണം എന്നുള്ളതു ഫലസിദ്ധിക്ക് ആവശ്യമായ ഒരു പ്രധാനസംഗതിയാണ്. വേറെ പലരും ഈ മരുന്നു ഉപയോഗിച്ചതായും ഫലംസിദ്ധിച്ചതായും ഈ എഴുത്തുകാരനു സൂക്ഷ്മമായി അറിയാം.

—

## സിനിമാതാരം
### മൂന്നാം സഭാംഗമാകുന്നു

ഫ്രാൻസിലെ ഒരു പ്രസിദ്ധസിനിമാതാരമായിരുന്ന സെസിൽ സോറേൽ എന്നുവനിത ബെയ്യോണയിലെ കപ്പൂച്ചിൻ ആശ്രമത്തിൽവച്ചു ഫ്രാൻസിസ്കൻ മൂന്നാം സഭയിൽ പ്രവേശിച്ചിരിക്കുന്നു. ഒരു കൊല്ലത്തിനകം ഒരു ഫ്രാൻസിസ്കൻ സന്യാസിനിയാകാൻ സാധിക്കുമെന്നാണ് അവരുടെ പ്രതീക്ഷ. ഇപ്പോൾ അവർക്ക് 70 വയസ്സു പ്രായമുണ്ട്. 1933-ലാണ് അവർ അഭിനയവൃത്തി ഉപേക്ഷിച്ചത്.

## ബാലൻ
### സിദ്ധപദത്തിലേക്ക്

1914-ൽ 14-ാമത്തെ വയസ്സിൽ നിര്യാതനായ ബെർനർഡ് ലെഹ്നർ എന്ന ബവേറിയർ ബാലനെ സിദ്ധൻ എന്നു പേർവിളിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിരിക്കുന്നു. അവന്റെ സഹായത്താൽ പലർക്കും അത്ഭുതകരമായ രോഗശമനങ്ങൾ ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്നു. വൈദികവൃത്തി സ്വീകരിക്കുവാൻ നിശ്ചയിച്ചിരുന്ന ഒരു മൈസ്റ്റർ വിദ്യാർത്ഥിയായിരുന്നു അവൻ.

## പ്രസിഡൻറ്
### വിശ്വാസം സംരക്ഷിക്കുമെന്ന്

പെറുവിലെ പ്രസിഡൻറായ ജനറൽ മാനുവൽ ഓഡ്രിയ പ്രസ്തുതസ്ഥാനം കൈയേൽക്കുന്നതിനുമുമ്പായി സത്യപ്രതിജ്ഞ ചെയ്തപ്പോൾ പരിശുദ്ധ പിതാവിന്റെ നേർക്കുള്ള ഭക്ത്യാദരവുകൾ പ്രദർശിപ്പിക്കുകയും കത്തോലിക്കാസഭയുമായി ഏററവും ഗാഢമായ ബന്ധം പുലർത്തുന്നതാണെന്നു വാഗ്ദാനം ചെയ്യുകയും ചെയ്യുകയുണ്ടായി. പെറുവിലെ ജനത എല്ലാംകൂടി സുദൃഢമായ വിശ്വാസം പ്രകാശിപ്പിച്ചിട്ടുണ്ടെന്നും ആ വിശ്വാസം അഭംഗം പാലിച്ചുകൊണ്ടേ താൻ തന്റെ ഭരണകാലത്തു എല്ലാ ഒത്താശകളും ചെയ്തുകൊടുക്കുന്നതാണെന്നും അദ്ദേഹം പ്രസ്താവിച്ചു.

വേദശാസ്ത്രപംക്തി

# പാപസങ്കീർത്തനം

## XXX

### കൂദാശാഫലങ്ങൾ

സകലകൂദാശകളും 'വിശുദ്ധീകരണ കൃപാവര പ്രദാനംചെയ്യുന്നു. പുറമെ, ഓരോ കൂദാശയ്ക്കും കൂദാശാപരമായ ഒരു പ്രത്യേകവരപ്രസാദവു കൂടിയുണ്ടെന്നുള്ള വസ്തുത പലർക്കും അജ്ഞാതമാണെന്നു തോന്നുന്നു. വിവിധങ്ങളായ അദ്ധ്യാത്മാവശ്യങ്ങളെ നിറവേറ്റുവാൻവേണ്ടിയാണല്ലോ ക്രിസ്തുനാഥൻ കൂദാശകളെ സ്ഥാപിച്ചിട്ടുള്ളതു. കൂദാശകളുടെയെല്ലാം ഫലം ഒന്നുതന്നെയാണെങ്കിൽ ഏഴു വ്യത്യസ്തകൂദാശകളുടെ സ്ഥാപനം കേവലം അർത്ഥശൂന്യമായിപ്പോകുമായിരുന്നു. പോരെങ്കിൽ ഓരോ കൂദാശയും അതു സൂചിപ്പിക്കുന്ന ഇഷ്ടപ്രസാദത്തെ ഉല്പാദിപ്പിക്കുവാൻ യോഗ്യതയുള്ളതുമാണ്. വിവിധകൂദാശകളാകട്ടെ വിവിധങ്ങളായ കൃപാവരദാനങ്ങളെ ലക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു. ആകയാൽ ഏതെങ്കിലുമൊരു കൂദാശ കൈക്കൊള്ളുന്ന ആൾക്കു വിശുദ്ധീകരണവരപ്രസാദം സിദ്ധിക്കുന്നതുകൂടാതെ, പ്രസ്തുത കൂദാശയുടെ പ്രത്യേകാന്ത്യപ്രാപ്തിക്കുതകുന്ന ദൈവസഹായം ലഭിക്കുവാനുള്ള അവകാശവും കൈവരുന്നു. തക്കസമയത്തു തക്ക കൃപാവരാനുകൂല്യം കിട്ടുവാനുള്ള അവകാശത്തിനാണു കൂദാശാത്മകമായ പ്രസാദവരം എന്നു പറയപ്പെടുന്നതു്.

പാപസങ്കീർത്തനത്തിന്റെ കൂദാശാപരമായ കൃപാവരം എന്തായിരിക്കാം? ഈ കൂദാശയുടെ പ്രത്യേകോദ്ദേശ്യം പാപത്തിൽനിന്നുള്ള വിമുക്തിയാണല്ലോ. തന്നിമിത്തം മാരിപ്രലോഭനങ്ങളിൽനിന്നു നമ്മെ കാത്തുരക്ഷിക്കുവാനും, പ്രലോഭനങ്ങൾക്കടിപ്പെടാതെ നോക്കുവാനുമുപകരിക്കുന്ന പ്രവർത്തക കൃപാവരങ്ങൾ ആവശ്യപ്പെടുന്ന സന്ദർഭങ്ങളിൽ സിദ്ധിക്കുവാനുള്ള അവകാശംകൂടി പാപസങ്കീർത്തനപരോരാ നാം സമ്പാദിക്കുന്നു. പാപസാഹചര്യങ്ങളിൽ ഉൾപ്പെടാതിരിപ്പാനും, ഉൾപ്പെട്ടാൽതന്നെയും അവയിൽ വഴങ്ങിക്കൊടുക്കാതിരിപ്പാനും, പ്രതിജ്ഞകളിൽ സ്ഥിരനിഷ്ഠരായിരിപ്പാനും അവ നമ്മെ യഥാസമയം സഹായിക്കും. പക്ഷെ അവ മാന്ത്രികശക്തിപോലെയോ, യാന്ത്രികസമ്പ്രദായത്തിലോ പ്രവർത്തിക്കുകയില്ലെന്നോർക്കണം. നമ്മുടെ സന്മനോഭാവത്തോടുകൂടിയ സഹകരണംമൂലം മാത്രമേ അവ ഫലിക്കയുള്ളു. എന്നാൽ ഈ ദൈവപ്രസാദവരങ്ങൾക്കുള്ള അവകാശം പാപസങ്കീർത്തനമെന്നകൂദാശയുടെ യോഗ്യതയോടുകൂടിയ സ്വീകരണത്താലല്ലാതെ ആർക്കും സ്വായത്തമാക്കുവാൻ സാദ്ധ്യമല്ല.

പാപസങ്കീർത്തനത്തിന്റെ ഇത്തരത്തിലുള്ള വിവിധങ്ങളും വിശിഷ്ടങ്ങളുമായ ഫലങ്ങളും ഗുണങ്ങളും യഥാവിധി ഗ്രഹിക്കാത്തതുകൊണ്ടായിരിക്കണം ചൈതന്യരഹിതരായ ... പ്രസ്തുതകൂദാശ അടുത്തടുത്തു സ്വീകരിക്കുന്നതിൽ അലസരും അശ്രദ്ധരുമായി വർത്തിക്കുന്നതു്. സംഭാഷണമദ്ധ്യേ ഒരിക്കൽ ഒരു കത്തോലിക്കൻ ഇങ്ങനെ പറയുകയുണ്ടായി: "ആണ്ടുവട്ടത്തിൽ ഒന്നോ രണ്ടോ പ്രാവശ്യം ഞാൻ കുമ്പസാരം കഴിക്കും; ഇഷ്ടമുള്ള പ്പോഴൊക്കെയും വി. കുർബാന ഉൾക്കൊള്ളുകയും ചെയ്യും. പാപമുണ്ടെങ്കിലല്ലേ കുമ്പസാരിക്കേണ്ട ആവശ്യമുള്ളു!" ഇങ്ങനെ ഭീമ്യകഥണ്യസ്വീകരണം നടത്തുവാൻ മുതിരുന്നവർ അധികംപേരുണ്ടാകയില്ല. പക്ഷെ പാപസങ്കീർത്തനം നടത്തുന്നതിൽ ഔദാസീന്യമനോഭാവം വെച്ചുകൊണ്ടിരിക്കുന്നവർ അത്ര ദുർലഭമല്ലെന്നു അനുഭവസാക്ഷിയാണ്.

രാജാക്കളുടെ പുസ്തകത്തിൽ ഇങ്ങനെയൊരു സംഭവം രേഖപ്പെടുത്തിയിട്ടുള്ളതായിക്കാണാം. സിറിയാ രാജാവിന്റെ സേനാനിയായ നാമാൻ കുഷ്ഠരോഗബാധിതനായി. രാജ്യത്തെ ഭിഷഗ്വരന്മാരുടെ സാമർത്ഥ്യമെല്ലാം പ്രയോഗിച്ചിട്ടും രോഗശമനം കിട്ടിയില്ല. ആയാളുടെ ഭൃത്യഗണത്തിൽപ്പെട്ട ഒരു യഹൂദബാലിക, അവളുടെ സ്വദേശീയനായ എലീസേവൂസ് ദീർഘദർശിയെക്കുറിച്ചും അദ്ദേഹത്തിന്റെ അത്ഭുതപ്രവർത്തനങ്ങളെക്കുറിച്ചും ആയാളെ അറിയിക്കയും, അദ്ദേഹത്തെ സമീപിക്കാൻ അഭ്യർത്ഥിക്കയും ചെയ്തു. തദനുസാരം നാമാൻ പ്രവാചകന്റെ താമസസ്ഥലത്തെത്തി, വിവരം അറിയിച്ചു. ഏഴു പ്രാവശ്യം യോർദ്ദാനാൻനദിയിൽ മുങ്ങിക്കുളിക്കുക—ഇതായിരുന്നു എലീസേവൂസിന്റെ വൈദ്യവിധി. ഇതിൽ പാരം കുപിതനായ നാമാൻ ആക്രോശിച്ചു: അദ്ദേഹം എന്റെ പക്കൽവന്നു കുഷ്ഠം ബാധിച്ചിട്ടുള്ള ഭാഗം സ്വന്തം കരംകൊണ്ടു സ്പർശിച്ചു സുഖപ്പെടുത്തുമെന്നായിരുന്നു എന്റെ പ്രതീക്ഷ. ഡമാസ്കസ്സിലെ അബാനാ, ഫാർഫർ എന്ന നദികൾ, ഇസ്രായേലിലെ പുഴകളെല്ലാററിനേയുംകാൾ മെച്ചപ്പെട്ടവയല്ലേ? അവയിൽ കുളിച്ചാൽപോരേ, എനിക്കു സൗഖ്യം പ്രാപിക്കുവാൻ?" വിവേകമതികളായ സേവകർ പ്രവാചകന്റെ പ്രതിവിധി വളരെ എളുപ്പമാണെന്നും അതൊന്നു പരീക്ഷിച്ചുനോക്കുന്നതു ബുദ്ധിപൂർവ്വമായിരിക്കുമെന്നും യജമാനനോടു് ഉപദേശിച്ചു. നാമാൻ തദനുസാരം പ്രവർത്തിക്കയും തൽക്ഷണം രോഗശമനം പ്രാപിക്കയും ചെയ്തു. ആത്മാവിനെ ഉടനടി കൊന്നുകളയുന്ന ഉഗ്രകുഷ്ഠരോഗമാണു് മാരകദോഷം. അതിൽനിന്നു അനായാസേന വിമുക്തിനേടുവാനുള്ള ഉപശാന്തിയാണു പാപസങ്കീർത്തനം. ആരുടേയും സ്വാധീനതയിലുള്ള ഈ സ്വർഗ്ഗീയമായ പ്രത്യൗഷധം പ്രയോഗിപ്പാൻ പണച്ചെലവില്ല; യാത്രാക്ലേശം സഹിക്കേണ്ടതില്ല. എന്നിട്ടും ആത്മീയമായി പലരും ജീവച്ഛവങ്ങളായികഴിഞ്ഞുകൂടുന്നതു് അത്ഭുതമല്ലേ? ശാരീരികമായ രോഗശമനം പ്രാർത്ഥിക്കയും പ്രത്യാശിക്കയും ചെയ്തുകൊണ്ടു് എത്രപേർ വിദൂരദേശങ്ങളിൽ



തച്ചിൽ ലോന ലോനപ്പൻ
ജനനം 15 6 1877
മരണം 20 8 1950
R. I. P.

നിന്നു ലൂർദ്ദിലേക്കു തീർത്ഥാടനം കഴിക്കുന്നു; ദീർഘക്ഷമരായവരെ വർഷങ്ങൾ പോലും പലരും അവിടെ കഴിച്ചുകൂട്ടുന്നു! എന്നാൽ ആദ്ധ്യാത്മമരണത്തിൽ നിന്നും ഉയിർത്തെഴുന്നേല്പവാൻ ഇടവകപ്പള്ളിവരെയും പോകുവാൻ സന്നദ്ധതയില്ലാത്തവരുടെ മനോഭാവത്തെക്കുറിച്ചെന്താണു പറയുക!

ഒരു ലഘുവായ പാപത്തിനു നീതിവിധിയാലുള്ള ശിക്ഷകല്പിക്കുകയാണു്: ഒന്നുകിൽ നീ നൂറുവർഷം ശോധനസ്ഥലത്തുകിടന്നു വേദനയനുഭവിക്കുക; അല്ലെങ്കിൽ പത്തുകൊല്ലം ഉഗ്രമായ ഉപവാസം അനുഷ്ഠിക്കുക. വിവേകമുള്ള ആരും രണ്ടാമത്തെ പരിഹാരമാർഗ്ഗം സസന്തോഷം സ്വീകരിക്കും. എന്നാൽ അനുഗ്രഹമൂർത്തിയായ അവിടുന്നു് ഇതാണു് കല്പിക്കുന്നതു് പാപികളായ നമ്മോടാവശ്യപ്പെടുന്നതു്: അവിടുത്തെ പ്രതിനിധിയായ പുരോഹിതനോടു അനുതാപത്തോടും പരമാർത്ഥഹൃദയത്തോടുംകൂടി പാപം ഏററുപറയുക. തൽക്ഷണം അവിടുന്നു പാപമെല്ലാം പൊറുത്തുകളയും. ഇത്ര എളുപ്പമാർഗ്ഗം സ്വാധീനതയിലുണ്ടായിട്ടും നിത്യരക്ഷയെ അപകടത്തിലാക്കികൊണ്ടു പാപത്തിൽ വർത്തിക്കുന്നവരില്ലേ!

(പി. കെ.)

# അനുഭവസാക്ഷ്യം No. 61.

കാളത്തു് പാവുണ്ണി ഔസേപ്പു് വൈദ്യൻ അവർകൾക്കു്, നെല്ലായി P. O.
പ്രിയ വൈദ്യരെ,

ശോധനക്കുറവു്, കഴുത്തു് കഴപ്പു്, അധികവിയർപ്പു്, കൈകാലുകളിന്മേൽ തരിപ്പു്, മൂലക്കുരു, കാലിന്മേൽ നീരിറക്കം, ചുമ, ശ്വാസംമുട്ടു്, (ആസ്ത്മ.) തുടങ്ങിയ രോഗങ്ങൾക്കു് ഞാൻ 9 കൊല്ലമായി ഇഞ്ചക്ഷൻ തുടങ്ങിയ പലചികിത്സകളും ചെയ്തുകൊണ്ടിരുന്നെങ്കിലും താൽക്കാല ശമനമേ കിട്ടാറുള്ളു. ഈപ്രകാരം ഇടക്കിടെയുള്ള ചുമയും ശ്വാസംമുട്ടും മൂലം ഞാൻ നിരാശയിൽ കഴിയുമ്പോഴാണു് തൃശ്ശൂർവെച്ചു് താങ്കളെ കണ്ടതു്. അപ്പോൾ എന്നോടു് നിർദ്ദേശിച്ചിരുന്നപ്രകാരം നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാദിതൈലം എന്നി ഔഷധങ്ങൾ 3 മാസം ഉപയോഗിച്ചതിനാൽ മേൽവിവരിച്ചിട്ടുള്ള രോഗങ്ങൾ എല്ലാം എന്നിൽനിന്നു് വളരെ അധികം വിട്ടിരിക്കുന്നു. മാത്രമല്ല ഉന്മേഷവും ഓജസ്സും സിദ്ധിച്ചിട്ടുണ്ടു്. ഈ വിവരങ്ങൾ താങ്കളെ അറിയിക്കുന്നതിൽ എനിക്കു് അതിയായ സന്തോഷമുണ്ടു്.

ദീർഘകാലമായി രോഗപീഡ അനുഭവിച്ചുകൊണ്ടിരുന്ന ഞാൻ ആരോഗ്യസംരക്ഷണാർത്ഥം ഈ ഔഷധങ്ങൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നുണ്ടു്.

ഞാൻ നിങ്ങളോടും നിങ്ങളുടെ സ്ഥാപനമായ കാളൻ ആയുർവ്വേദിക് ഫാർമസിയോടും എന്റെ അകൈതവമായ നന്ദി പ്രകടിപ്പിച്ചുകൊള്ളുന്നു.

14—8—'50 തണത്തറ തൊമ്മൻ ഔസേപ്പു് (ഒപ്പു്.)
ശങ്കരയ്യർ റോഡ്—തൃശ്ശൂർ

ഭൂമി, ജലം, അഗ്നി, വായു, ആകാശം, എന്നി പഞ്ചഭൂതങ്ങളാൽ നിർമ്മിതമായ ശരീരത്തിലെ ഭൂമിജലാംശങ്ങൾ (സൗമ്യാംശം—കഫം.) ക്ഷയിക്കുമ്പോളാകുന്നു (അഗ്നി, വായു, ആകാശം എന്നി ഭൂതാംശങ്ങൾ—ഉഷ്ണാംശം വർദ്ധിക്കുമ്പോളാകുന്നു) ശോധനക്കുറവു്, കഴുത്തു കഴപ്പു്, തുടങ്ങിയവ ഉത്ഭവിക്കുന്നതു്. ശോധനക്കുറവിന്റെ ആരംഭം മുതൽ ദേഹം പൂർവ്വാധികം ചൂടുപിടിപ്പാൻ തുടങ്ങുന്നു. ശരീരം മുഴുവൻ വ്യാപിച്ചതാണെങ്കിലും ഹൃദയം മുതൽ മേല്പോട്ടുള്ള ഭാഗത്തിൽ പ്രകൃത്യാതന്നെ കൂടുതലായി സ്ഥിതിചെയ്യുന്ന കഫവും, ദേഹത്തിലെ ധാതുക്കളും ചൂടിന്റെ ആധിക്യത്താൽ ഉരുകി ദുഷിച്ചു് (പ്രകൃതമററംവന്നു്.) കൊണ്ടു് തുമ്മലും മററുമായി കഫം മൂക്കിലും വായിലുംകൂടി പുറത്തേക്കു് പോകുന്നു. ചിലരിൽ ഈ ദുർനീരുകൾ കഴുത്തിലെ പിൻഞരമ്പുകൾവഴി (കഴുത്തുകഴപ്പോടെ.) കീഴ്പ്പോട്ടു് ഇറങ്ങി നാനാവിധരോഗങ്ങളെ ഉണ്ടാക്കുന്നു. ദേഹത്തിലെ സ്രോതസ്സുകൾ ദുഷിച്ചിട്ടുള്ളവരിൽ ഈ ദുർനീരുകൾ കഴുത്തിനു് ചുററുമുള്ള ഞരമ്പുകളിൽതന്നെ തടഞ്ഞുനിന്നുകൊണ്ടു് കഴലകളും കുരുക്കളും ഉണ്ടാകുന്നു. മററു ചിലരിൽ ഈ ദുർനീരുകൾ ശ്വാസകോശങ്ങളിലേക്കു് ഇറങ്ങി ശ്വാസഗതിക്കു് തടസ്സം (ശ്വാസംമുട്ടൽ, ചുമ, വേദന തുടങ്ങിയവകളെ) ഉണ്ടാക്കുന്നു. (കഫക്ഷയത്താലുള്ള ചുമ, ഏങ്ങൽ, വേദന, തുടങ്ങിയവ വേറെയും ഉണ്ടു്.) വേറെ ചിലരിൽ ഈ ദുർനീരുകൾ വയററിലേക്കു് ഇറങ്ങി കഫംകലർന്നു കൊഴുത്തും പതഞ്ഞും, ഞെളിച്ചും പലവിധമായി മലത്തെ ഇളക്കിവിടുന്നു കാർന്നമായി മലം വന്നു് പോകുന്നവരുടെ കുടലിലേക്കു് ഇറങ്ങുന്ന ദുർനീരുകൾ യഥാസമയം മലത്തോടുകൂടി പുറത്തു് പോകാത്തതിനാൽ മലദ്വാരത്തിനു് അടുത്തുള്ള കുടലിലേക്കു് വ്യാപിച്ചുകൊണ്ടു് അവിടെ ആകെ തടിപ്പുകളെ ഉണ്ടാക്കുന്നു. ഇതുമുതൽ മലം നേർമ്മയായിപ്പോയി തുടങ്ങുന്നു. പിന്നേയും ഉഷ്ണവർദ്ധനങ്ങളായ സഹചര്യങ്ങൾമൂലം തടിപ്പു് ക്രമേണ വർദ്ധിച്ചു് കുരുവായി രൂപാന്തരപ്പെടുന്നതാണു് മൂലക്കുരു എന്നു് പറയുന്നതു്. ഈ കുരുക്കളിൽനിന്നു് ഇടക്കു് രക്തം പോകുന്നവർക്കാണു് രക്തക്ഷയത്താലുള്ള അനവധിരോഗങ്ങൾ ഉണ്ടാകുന്നതു്. ചിലരിൽ ഈ ദുർനീരുകളുടെ ഒരു ചെറിയ ഭാഗം മാത്രം കുടലിൽ തടിപ്പുകൾ ഉണ്ടാക്കുകയും, ശേഷമുള്ളവ അരക്കു് കീഴ്പ്പോട്ടു് പ്രത്യേകിച്ചു് മുട്ടിന്നു് താഴെ വ്യാപിച്ചുകൊണ്ടു് പാലടത്തും കുരുക്കളും ചൊറിഞ്ഞു് വെള്ളവും ചലവും അപൂർവ്വമായി രക്തംവരുന്നതും ഇടക്കിടെ ഉണങ്ങിയും പഴുത്തും കറുപ്പുനിറത്തോടും തൊലിക്കു് കട്ടിയോടുംകൂടിയതരമായ വ്രണങ്ങളെ (ചൊറികളെ) ഉണ്ടാക്കുന്നു. (ഈ തരം വ്രണങ്ങൾക്കു് ഉഷ്ണവീര്യമുള്ളവയായ ഗന്ധകരസായനം, ഗുൽഗുലുതിക്തകം, ഏലാദിഗണം തുടങ്ങിയ ഔഷധങ്ങളും അതേഫലം ഉല്പാദിപ്പിക്കുന്നതരം ഇഞ്ചെക്ഷനുകളും ഫലപ്രദമല്ലെന്നുള്ളതിന്നു് ഈ തരം ഔഷധങ്ങൾ ധാരാളമായി ഉപയോഗിച്ചിട്ടും സുഖം കിട്ടാതിരിക്കുന്ന രോഗികളുടെ എണ്ണം ഈ കാലത്തു് ധാരാളമായി കാണുന്നതു്തന്നെ പ്രത്യക്ഷതെളിവാണു്.) ചിലരുടെ കാലുകളിലേക്കു് ഇറങ്ങുന്ന ഈ ദുർനീരുകൾ പൊട്ടി ഒലിക്കാതെ ഇടക്കു് കൂടിയും കുറഞ്ഞും കാണുന്ന ഒരുതരം നീരു് ഈ കൂട്ടരുടെ പാദങ്ങളിന്മേൽ ഉണ്ടാക്കുന്നുണ്ടു്. വേറെ ചിലരുടെ കാലിന്നടിയിൽ ആണി എന്നു് പറഞ്ഞുവരുന്ന വേദനയുള്ള ഒരുതരം രോഗത്തെ ഉണ്ടാക്കുന്നതും ഈ ദുഷിച്ച അംശങ്ങൾ തന്നെയാണു്. തലയിൽകുരു, ചൊറി, മുഖത്തും മററും കറുത്തു കരുവാളിച്ചു ഉണ്ടാകുന്ന നിറം തുടങ്ങിയ അനേകം രോഗങ്ങൾ ദേഹത്തിലെ ചൂടു് വർദ്ധിച്ചു് ധാതുക്കളും കഫവും ഉരുകിയും ദുഷിച്ചും തുടങ്ങുന്നതിനാൽ ഉത്ഭവിക്കുന്നതാണു്.

ദേഹത്തിലെ പഞ്ചഭൂതാംശങ്ങൾക്കു് വന്നിട്ടുള്ള ക്രമക്കേടുകളെ തീർക്കുവാൻ—ദേഹത്തിലെ ശീതോഷ്ണാവസ്ഥകളെ പ്രകൃതിനിയമംപോലെ ക്രമീകരിപ്പാൻ സാധിക്കുന്ന ഔഷധങ്ങൾക്കു് മാത്രമേ രോഗശമനംകൊണ്ടു സാമർത്ഥ്യമുള്ളു എന്ന പരമാർത്ഥമാണു് 61-ാം നമ്പ്ര് അനുഭവസാക്ഷ്യംകൊണ്ടു് വ്യക്തമായിട്ടുള്ളതു്.

ഔഷധങ്ങളുടെ വില തുടങ്ങിയ കൂടുതൽ വിവരങ്ങൾക്കു് ആഗസ്റ്റ് 30-ാംനു-യിലെ സത്യദീപം നോക്കുക.

N. B. ഞങ്ങളുടെ പരസ്യങ്ങൾ അതുപോലെതന്നെയോ വ്യത്യാസപ്പെടുത്തിയോ മററാരും പകർത്തുവാൻ പാടുള്ളതല്ല.

ഡോ: കാളത്ത് പാവുണ്ണി ഔസേപ്പ് വൈദ്യൻ,
കാളൻ ആയുർവ്വേദിക് ഫാർമസി, (റെയിൽവെ സ്റ്റേഷനു സമീപം) നെല്ലായി P.O.
TELE: 'KALAN', TRICHUR.

## അറിയിപ്പ്

മി. ടി. യു. വർഗ്ഗീസ്, തോട്ടാപ്പള്ളിയെ മാള, കുന്ദ്യാരാട്ടു, വല്ലക്കാട്ടു, പറയകാട്ടു, കോടംകുളത്തു, കരിമാമ്പേരി എന്നി സ്ഥലങ്ങളിലെ ഏജൻറായി നിയമിച്ചിരിക്കുന്നു.

മാനേജർ

## അറിയിപ്പ്

സത്യദീപത്തിന്റെയും മലബാർമെയിലിന്റെയും ചെറിയങ്ങാടത്തിലെ ഏജൻറായി മി പി. എം. സെബാസ്റ്റ്യനെ നിയമിച്ചിരിക്കുന്നു.

മാനേജർ

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

എന്നു്
കെ. എം. മത്തായി
കരിമണ്ണൂർ




# മൂന്നു മാതാക്കൾ

"പിന്നീട്ട് അവിടുന്നു് തന്റെ ശിഷ്യന്മാരോടും ഒരു വലിയ ജനാവലിയോടും അനുഗതനായി നായിം പട്ടണത്തിലേക്കു പോകവേ സംഭവിച്ചതായതു്: അവിടുന്നു നഗരവാതിലിനെ സമീപിച്ചപ്പോൾ മൃതനായ ഒരു മനുഷ്യനെ സംസ്കരിക്കുവാൻ പുറത്തേക്കു കൊണ്ടുപോകുന്നതു കണ്ടു. അവൻ സ്വമാതാവിന്റെ ഏകപുത്രൻ: അവൾ വിധവയുമായിരുന്നു. പട്ടണത്തിൽനിന്നു് ഒരു വലിയ ജനക്കൂട്ടം അവളെ പിന്തുടർന്നു. കർത്താവു് അവളെ കണ്ടു്, അനുകമ്പാർദ്രനായി, നീ കരയേണ്ട എന്നരുളിച്ചെയ്തു. അനന്തരം അവിടുന്നു് അടുത്തുചെന്നു ശവമഞ്ചത്തിന്മേൽ തൊട്ടു. അപ്പോൾ അതു് വഹിച്ചിരുന്നവർ നിശ്ചലരായിനിന്നു. ഉടനെ അവിടുന്നു് അരുളിച്ചെയ്തു: യുവാവേ, നിന്നോടു ഞാൻ കല്പിക്കുന്നു, എഴുന്നേൽക്കുക. മൃതനായവൻ ഉടൻ എഴുന്നേറ്റിരുന്നു സംസാരിച്ചു. ഈശോ അവനെ അവന്റെ അമ്മയ്ക്കു ഏല്പിച്ചുകൊടുക്കയും ചെയ്തു. അവരെല്ലാവരും ഭയവിഹ്വലരായി ദൈവത്തെ പ്രകീർത്തിച്ചുകൊണ്ടു്, നമ്മുടെമദ്ധ്യേ ഒരു വലിയ പ്രവാചകൻ പ്രത്യക്ഷപ്പെട്ടിരിക്കുന്നു; ദൈവം തന്റെ ജനത്തെ സന്ദർശിച്ചിരിക്കുന്നു, എന്നു പറഞ്ഞു. (പന്തക്കുസ്താ 15-ാം ഞായർ; സുവിശേഷം ലൂക്കാ VII,11—16.)

ഒരു ക്രൈസ്തവകലാലയത്തിൽ പഠിച്ചിരുന്ന ഒരു ഹൈന്ദവവിദ്യാർത്ഥി ഒരിക്കൽ ചോദിക്കുകയുണ്ടായി: "ജ്ഞാനസ്നാനം സ്വീകരിച്ചാൽ ഒരുവനിൽ വലിയ പരിവർത്തനങ്ങൾ സംഭവിക്കുമെന്നു നിങ്ങൾ പറയുന്നുണ്ടല്ലോ. എന്നാൽ ജ്ഞാനസ്നാനം സ്വീകരിച്ച വിദ്യാർത്ഥിയും അതു സ്വീകരിച്ചിട്ടില്ലാത്ത ഒരു വിദ്യാർത്ഥിയും തമ്മിൽ യാതൊരു മാററവും എനിക്കു ദൃഷ്ടിഗോചരമാകുന്നില്ലല്ലോ?" എന്നു്. നിഷ്കളങ്കമായ ഒരു ജീവിതം അഭംഗമായി അനുഷ്ഠിച്ചുവരുന്ന ഒരു യുവാവു് ഇതാ ആദ്യമായി പാപത്തിൽ നിപതിക്കുന്നു. ബാഹ്യമായി അവനിൽ എന്തൊരു മാററമാണുണ്ടാകുന്നതു്? അവൻ പിശാചിനെപ്പോലെ കറുത്തു് വിരൂപനാകുന്നുണ്ടോ? അവൻ ബോധംകെട്ടു വീഴുകയോ മരിച്ചുപോകയോ ചെയ്യുന്നുണ്ടോ? അവൻ ചുററും നോക്കുന്നു: ഭൂമി വായ്പിളർന്നു് അവനെ വിഴുങ്ങുന്നില്ല; സൂര്യൻ മുമ്പേപ്പോലെതന്നെ പ്രകാശിക്കുന്നുണ്ടു്; പക്ഷിമൃഗാദികളുടെ മധുരഗാനങ്ങൾ ഇപ്പോഴും കേൾക്കപ്പെടുന്നു; വൃക്ഷവല്ലരികൾ യാതൊരു കോട്ടവും, വാട്ടവും കൂടാതെ മന്ദമാരുതനിൽ കളിയാടുന്നു. പാപത്തിനുശേഷം ആ യുവാവിൽ എന്തെങ്കിലും മാററം സംഭവിച്ചിട്ടുള്ളതായി അവന്റെ യുവസ്നേഹിതന്മാർ ദർശിക്കുന്നില്ല. അവൻ അവർക്കു് ഇപ്പോഴും പണ്ടത്തെ യുവകോമളനും സരസനുമായ സ്നേഹിതൻതന്നെ. ചീകി മിനുക്കിയ അവന്റെ കേശഭാരത്തിനൊ അലക്കിത്തേച്ച ലിഡർ ഷർട്ടിനൊ റിസ്റ്റ്‌വാച്ച്, ചെരിപ്പ്, ചെയിൻ, കണ്ണട, വാസലൈൻ തുടങ്ങിയ അലങ്കാരവിഭൂഷകൾക്കോ യാതൊരു വൈരൂപ്യവുമില്ല. എന്നാൽ യഥാർത്ഥത്തിൽ ആന്തരികമായി, ആദ്ധ്യാത്മികമായി, വലിയൊരു പരിവർത്തനം അവനിൽ സംഭവിച്ചുകഴിഞ്ഞിരിക്കുന്നു. പ്രസാദവരം അവനു നഷ്ടപ്പെട്ടു; ക്രിസ്തുനാഥൻ അവനിൽനിന്നു ബഹിഷ്കൃതനായി; അവന്റെ മൃതമായ ആത്മാവു് പിശാചിന്റെ സ്വന്തമായിത്തീർന്നിരിക്കുന്നു. ഇതൊന്നും മാംസദൃഷ്ടികൾക്കു ഗോചരമല്ല. എന്നാൽ വിശ്വാസത്തിന്റെ ഉൾക്കണ്ണുകൾകൊണ്ടു ഈ ഭയങ്കരമാററം നമുക്കു ദർശിക്കാം. പാപത്തിൽ നിപതിക്കുവാൻ ഇടയായിട്ടുള്ളവർ ഈ പരമാർത്ഥം നല്ലവണ്ണം ഗ്രഹിക്കട്ടെ. ഒരു പാപി പുറമെ സരസകോമളനായിത്തന്നെ പ്രത്യക്ഷപ്പെടുന്നുണ്ടെങ്കിലും അവന്റെ ആത്മാവു മരിച്ചിരിക്കുന്നു. അവൻ വെള്ളപൂശിയ ശവകുടീരമാണു്. വിധവയുടെ മൃതനായ മകനെ പലരുംകൂടി വഹിച്ചുകൊണ്ടു പോയതുപോലെ, ഒരു പാപി ഒരു മൃതമായ ആത്മാവിനെ വഹിച്ചുകൊണ്ടു നടക്കുന്നു. ഭീരുക്കൾ അവരുടെ സാക്ഷാൽ മരണത്തിനു മുമ്പുതന്നെ പലപ്രാവശ്യവും മരിക്കുന്നുവെന്നു ഷെയിക്‌സ്പിയർ മഹാകവി പറയുന്നു; ഇതു അവരുടെ യശസ്സിനെ സംബന്ധിച്ചാണു്. ഇതുപോലെതന്നെ ഒരുവൻ പാപത്തിൽ നിപതിക്കുമ്പോഴെല്ലാം അവന്റെ ആദ്ധ്യാത്മികജീവൻ അന്തരിച്ചുപോകുന്നു.

മൂന്നു മാതാക്കളെ നിങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചുകൊള്ളട്ടെ. ആദ്യത്തേതു്, ഇന്നത്തെ സുവിശേഷത്തിലെ ധന്യയായ വിധവതന്നെയാണു്. ഒരു മാതാവു് തന്റെ മകനുവേണ്ടി തൂകുന്ന അശ്രുകണങ്ങളുടെ ശക്തിയും പരിശുദ്ധിയും സൗന്ദര്യവും അന്യാദൃശമാണു്. പുത്രനെസംബന്ധിച്ച അപരിമിതമായ വാത്സല്യത്തിന്റെയും ഉൽക്കണ്ഠയുടെയും പരമപരിത്യാഗങ്ങളുടെയും സഹനസന്നദ്ധതയുടെയും മാറും ഒരു സമാഹാരമാണു് ആ കണ്ണീർകണങ്ങൾ. ആരുടെ ഹൃദയത്തെയും ദ്രവിപ്പിക്കാനുള്ള ശക്തി അവയ്ക്കുണ്ടു്. ഇതുകൊണ്ടുതന്നെയാണു് ഇന്നത്തെ സുവിശേഷത്തിലെ വിധവയുടെ ബാഷ്പകണങ്ങൾക്കു ക്രിസ്തുനാഥനെക്കൊണ്ടു് ഒരു വലിയ അത്ഭുതകൃത്യം ചെയ്യിക്കുവാനുള്ള—തന്റെ പുത്രനെ പുനർജ്ജീവിപ്പിക്കുവാനുള്ള—ശക്തി കൈവന്നതു്. അങ്ങനെ ഒരു മാതാവിന്റെ കണ്ണുനീർമൂലം കാരുണ്യക്കടലായ ദിവ്യരക്ഷകൻ പുത്രനു ശാരീരികജീവൻ പ്രദാനം ചെയ്തു. രണ്ടാമത്തെ മാതാവു് വി. മോനിക്കയാണു്. ഈ സുകൃതിനി സ്വപുത്രനായ ആഗസ്തീനോസിന്റെ അപഥസഞ്ചാരങ്ങളെയും വഷളായ ജീവിതരീതിയെയുംകുറിച്ചു് വളരെയധികം പ്രലപിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. മകനെ സൽപഥത്തിലേക്കാനയിക്കുവാൻ ആ വിധവ ഉൽക്കണ്ഠയോടെ പരിശ്രമിച്ചുകൊണ്ടിരുന്നു. മകൻ കാർത്തേജിലേക്കു പോയപ്പോൾ അമ്മയും അവനെ അനുഗമിച്ചു. എന്നാൽ മകൻ അമ്മയെ—തനിക്കുവേണ്ടി നിശാവേളയിൽ കണ്ണുനീർ തൂകിക്കൊണ്ടു പ്രാർത്ഥിച്ചിരുന്ന അമ്മയെ—കബളിപ്പിച്ചുകൊണ്ടു് ആ രാത്രിയിൽത്തന്നെ റോമിലേക്കു കപ്പൽകയറി; അവിടെനിന്നു് മിലാനിലേക്കും പോയി. കരയും കടലും കടന്നുകൊണ്ടു് മോനിക്കയും ഈ സ്ഥലങ്ങളിലേക്കെല്ലാം അദ്ദേഹത്തെ അനുഗമിച്ചു. എന്തിനു്? സ്വപുത്രനെ നല്ലവഴിക്കു തിരിക്കുവാൻ. പണ്ഡിതനും വന്ദ്യനുമായിരുന്ന ഒരു മെത്രാന്റെ മുമ്പിൽചെന്നു അവൾ വിങ്ങിവിങ്ങിക്കരഞ്ഞുതുടങ്ങി. അപ്പോൾ അദ്ദേഹം പറഞ്ഞു: "സമാധാനത്തിൽ പോകുക. ഇത്രയധികം കണ്ണുനീരുകളുടെ പുത്രൻ ഒരിക്കലും നഷ്ടപ്പെടുകയില്ല." അതേ, "കണ്ണുനീരിന്റെ പുത്രൻ"! വികാരതരളിതനായിട്ടാണു് ആഗസ്തീനോസ് ഈ സംഭവം തന്റെ അനുതാപചിന്തകളിൽ ലേഖനംചെയ്തിരിക്കുന്നതു്. ഒടുവിൽ അവളുടെ കണ്ണുനീരുകളും ക്ലേശങ്ങളും ഫലസമൃദ്ധമായി. ആഗസ്തീനോസ് മനസ്സുതിരിയുകയും ഹിപ്പോയിലെ മെത്രാനും സുപ്രസിദ്ധനായ വേദവിദ്യാപാരംഗതനും, സഭയുടെ ഒരു നെടുംതൂണും, ഒരു മഹാവിശുദ്ധനുമായിത്തീരുകയുംചെയ്തു. അങ്ങനെ ഒരു വിധവയായ മാതാവിന്റെ കണ്ണീർപൊഴിച്ചിലിൽ ആർദ്രചിത്തനായ ക്രിസ്തുനാഥൻ ആദ്ധ്യാത്മികമായി മരിച്ചിരുന്ന അവളുടെ പുത്രനു് പുനർജീവൻ നൽകി. മൂന്നാമത്തെ മാതാവു് സുപ്രസിദ്ധ ഫ്രഞ്ച് സാഹിത്യകാരനായ ഷറോംബ്രിയന്റെ അമ്മയാണു്. നിരീശ്വരന്മാരുടെ വിഷസങ്കലിതമായ സാഹിത്യവിഭവം ഭക്ഷിക്കാനാരംഭിച്ചതിന്റെ ഫലമായി ഉടലെടുത്ത ഫ്രഞ്ചുവിപ്ലവം കുപ്രസിദ്ധമാണല്ലോ. ഈ നിരീശ്വരത്വകാളകൂടം ഷറോംബ്രിയനിലും കുത്തിവെക്കപ്പെട്ടു. ദൈവത്തെയും മതത്തെയും ഉപേക്ഷിച്ചുകൊണ്ടുള്ള ഒരു ജീവിതസരണി അയാൾ അവലംബിച്ചു. ഭക്തയായിരുന്ന അദ്ദേഹത്തിന്റെ മാതാവു് സ്വപുത്രന്റെ മാനസാന്തരത്തിനായി നല്കിയ ഉപദേശങ്ങളും സമർപ്പിച്ച പ്രാർത്ഥനകളും തൂകിയ കണ്ണീർകണങ്ങളും ഫലപ്രദമായില്ല. അങ്ങനെ ഷറോംബ്രിയൻ ഒരു അവിശ്വാസിയായി ലണ്ടനിൽ താമസിക്കുമ്പോൾ ഒരു ദിവസം അദ്ദേഹത്തിനു് സഹോദരിയുടെ ഒരെഴുത്തു ലഭിച്ചു. അതിൽ, തന്റെ വത്സലമാതാവു് വിപ്ലവകാരികളുടെ ജയിലിൽ കിടന്നു മരിച്ചുവെന്നും, മരണവേളയിൽ പുത്രന്റെ മതത്യാഗത്തെക്കുറിച്ചുള്ള സ്മരണ അവളെ വളരെ ദുഃഖിപ്പിച്ചുവെന്നും, വളരെയധികം അശ്രുകണങ്ങൾ അവൾ പൊഴിച്ചുവെന്നും കത്തോലിക്കാസഭയിലേക്കു പിന്തിരിഞ്ഞുവരുവാനുള്ള ഒരു സ്നേഹശാസനം നല്കിക്കൊണ്ടാണു് അവൾ കണ്ണടച്ചതെന്നും ഹൃദയസ്പൃക്കായ വിധത്തിൽ വിവരിച്ചിരുന്നു. തന്നെ ഉദരത്തിൽ വഹിച്ച അമ്മയെ ദുഃഖിപ്പിച്ചതോർത്തപ്പോൾ അയാളുടെ കണ്ണുകൾ നിറഞ്ഞു; അതോടെ ബാല്യകാലത്തിലെ ക്രിസ്തീയവികാരങ്ങൾ അദ്ദേഹത്തിൽ പുനർജ്ജനിക്കുകയും ചെയ്തു. "ഞാൻ കരഞ്ഞുകൊണ്ടു വിശ്വസിച്ചു" (I wept and I believed) എന്നാണു് അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നതു്. ഇപ്രകാരം വിശ്വാസത്തിൽ മൃതനായിരുന്ന മകനു വിധവയായ അമ്മയുടെ കണ്ണുനീർവഴിയായി ദൈവം വിശ്വാസജീവൻ നല്കി.

ഈ മൂന്നു മാതാക്കളിൽ നായിംപട്ടണത്തിലെ വിധവയെ അനുകരിക്കുവാൻ നമ്മുടെ മാതാപിതാക്കന്മാർ സന്നദ്ധരായിരിക്കും. മക്കൾ മരിക്കുമ്പോഴും അവർക്കു രോഗങ്ങളും മററു ക്ലേശങ്ങളും ബാധിക്കുമ്പോഴും പ്രലപിക്കയും, ദുഃഖിക്കയും താപമകലില്ലാതെ ബുദ്ധിമുട്ടുകയും ചെയ്യുന്നവർ ധാരാളമുണ്ടു്. എന്നാൽ വി. മോനിക്കായെപ്പോലെയും, ഷറോംബ്രിയന്റെ മാതാവിനെപ്പോലെയും മക്കളുടെ വഷളായ ജീവിതരീതിയെയും മതവിപ്രതിപത്തിയെയും വിശ്വാസരാഹിത്യത്തെയുംപററി വിലപിക്കയും ഏതൽപരിഹാരാർത്ഥം പരിശ്രമിക്കയും പ്രാർത്ഥിക്കയും ചെയ്യാറുണ്ടോ? സന്താനങ്ങളെ ദർശിക്കുക മാതാക്കൾക്കു് ആനന്ദകരമാണു്. എന്നാൽ ആ പ്രിയംകരമായ ആകാരസുഷമയുടെ ഉള്ളിൽ മൃതമായ, ചത്തുവീണ, ഒരാത്മാവാണു് സംവഹിക്കപ്പെടുന്നതെങ്കിൽ അവർ വിലപിക്കേണ്ടയോ? പാപം അത്ര കാര്യമായ ഒരു തിന്മയല്ലെന്നും, അതു അത്രതന്നെ നിഷിദ്ധമല്ലെന്നും, അതിനെച്ചൊല്ലി ഇത്രയേറെ വ്യസനിക്കുവാനും ഭയപ്പെടുവാനുമില്ലെന്നും, പോരാ, പ്രകൃതിവാസനകൾക്കനുസരിച്ചു ജീവിക്കുന്നതു് നന്മയാണെന്നും, ജീവിതത്തിൽ വിജയം കൈവരിക്കുവാൻവേണ്ടി ചെയ്യുന്നതെല്ലാം പൗരുഷമാണെന്നും പെരുമ്പറയടിച്ചു കാണിക്കുന്ന ഒരു ലോകമാണു് ഇന്നത്തേതു്. ഇങ്ങനെയുള്ള അടിയൊഴുക്കുകളിൽ തങ്ങളുടെ സന്താനങ്ങൾ കാലുതെററി വീണുപോകുന്നുണ്ടോ എന്നു് മാതാക്കൾ അന്വേഷിക്കട്ടെ. മക്കൾ ആദ്ധ്യാത്മികമായി മരിച്ചുപോയിട്ടുണ്ടെങ്കിൽ അവർ വിലപിച്ചുകൊണ്ടു പ്രാർത്ഥിക്കട്ടെ; ജീവദായകമായ കമ്പസാരമെന്ന കൂദാശ കൂടെക്കൂടെ സ്വീകരിക്കുവാൻ അവരെ ഉപദേശിക്കയും നിർബന്ധിക്കയും ചെയ്യട്ടെ. അപ്പോൾ, "യുവാവേ, നിന്നോടു ഞാൻ കല്പിക്കുന്നു, എഴുന്നേൽക്കുക" എന്ന വാക്യം അവർ ശ്രവിക്കും. പ്രസാദവരജീവനോടും വിശ്വാസചൈതന്യത്തോടുംകൂടി സ്വസന്താനങ്ങൾ ഉത്ഥാനംചെയ്യും. ഫ്രാൻസിലെ ബ്ലാൻഷ് രാജ്ഞി തന്റെ പുത്രനായ കൊച്ചുളുയി ഒരു പാപം ചെയ്യുന്നതിനെക്കാൾ അവന്റെ മൃതശരീരം കാണുന്നതിനിഷ്ടപ്പെട്ടതു് പുത്രവാത്സല്യത്തിന്റെ കുറവുകൊണ്ടല്ല; പ്രത്യുത പാപത്തോടുള്ള വെറുപ്പുകൊണ്ടാണു്. നാം ഘനമായ പാപങ്ങളിൽ നിപതിക്കുമ്പോഴും, ചെറിയ പാപങ്ങളിലും ഭക്തിമാന്ദ്യത്തിലും ഉൾപ്പെടുമ്പോഴും, വിശ്വാസതീക്ഷ്ണതയില്ലാതെ മതചൈതന്യരഹിതമായ ഒരു ജീവിതം നയിക്കുമ്പോഴും നമ്മുടെ ദിവ്യരക്ഷകന്റെ സ്വരം നാം ശ്രവിക്കുന്നു: "യുവാവേ, എഴുന്നേൽക്കുക." ഉടനെ നാം പാപങ്ങളിൽനിന്നും ഭക്തിമാന്ദ്യത്തിൽനിന്നും കടന്നെഴുന്നേററു് വിശ്വാസചൈതന്യവും മതതീക്ഷ്ണതയുമുള്ളവരായിത്തീരണം. ഇതിനു നാം ദിവ്യരക്ഷകനോടു കൂടി സഹകരിക്കണം. അങ്ങുന്നു് നമ്മെ നിർബന്ധപൂർവ്വം പുനർജീവിപ്പിച്ചു് നമ്മുടെ സ്വാതന്ത്ര്യത്തെ നിഹനിക്കുകയില്ല.

(ജെ. ചെമ്മണ്ണൂർ)

---

## ഒരേ-ഒരു ദൈവം!

(11-ാം പേജ് തുടർച്ച)

ദവുമായ മനോഭാവമറിഞ്ഞു് അവളെ ആശീർവ്വദിച്ചനുഗ്രഹിക്കുന്നതിനായി ആ വീട്ടിലേക്കെഴുന്നള്ളി. കമനീയമായ ആദ്യകുർബ്ബാനവസ്ത്രങ്ങൾ ധരിച്ചും പുഷ്പങ്ങൾ തലയിൽ ചൂടിയും തലയിണയിൽ ചാരി ഇരുന്നുകൊണ്ടു് അവൾ അവിടുത്തെ സ്വീകരിച്ചു അവളുടെ ആശ സംതൃപ്തമായി. എന്തെന്നില്ലാത്തമാധുര്യം അവൾക്കുലബ്ധമായി.

ഏതാണ്ടു് ഒരു കൊല്ലക്കാലത്തോളം കുമ്പസാരം, കുർബ്ബാന എന്നീ കൂദാശകൾക്കണയാതിരുന്ന മാത്ത അന്നു വെളുപ്പിനുതന്നെ പള്ളിയിൽ പോകയും കുർബ്ബാനയിൽ സംബന്ധിച്ചശേഷം കുമ്പസാരിച്ചു് കുർബ്ബാനകൈക്കൊള്ളുകയും ചെയ്യുകയുണ്ടായി. ഡോസി കുർബ്ബാന സ്വീകരിച്ചു് കണ്ണടച്ചു് നിശ്ശബ്ദമായി നന്ദിപ്രദർശിപ്പിച്ചുകൊണ്ടിരിക്കെ മാത്ത അവളുടെ കട്ടിലിനരികെ മുട്ടുകുത്തിനിന്നു. അധികം ദൂരെയല്ലാതെ അവളുടെ പിതാവും മുട്ടുകുത്തിനിന്നുകൊണ്ടു് ദൈവത്തിന്റെ കാരുണ്യത്തെ നിശ്ശബ്ദം വാഴ്ത്തിയിരുന്നു. തന്റെ കുഞ്ഞിനു കൈവന്ന മഹാഭാഗ്യത്തിൽ അയാൾ ആനന്ദംകൊണ്ടു. അടുത്തുതന്നെ ഈശോയെ കൈക്കൊള്ളുന്നതിനു അയാളും തീരുമാനിച്ചു.

പശ്ചാത്താപവിവശയായി പ്രാർത്ഥിച്ചുകൊണ്ടിരുന്ന മാത്ത ഇങ്ങനെ മൗനം ഭഞ്ജിച്ചു: "എന്റെ ദൈവമേ! ഞാൻ ഒരു പാഠം പഠിച്ചുകഴിഞ്ഞിരിക്കുന്നു. ഞാൻ എന്റെ അപരാധം ഏററുപറയുകയും അതിനു മാപ്പപേക്ഷിക്കയും ചെയ്യുന്നു. ഞങ്ങളുടെ കുഞ്ഞു സുഖം പ്രാപിക്കുവാൻ അവിടുന്നു തിരുമനസ്സാകണമേ. ഒരു തള്ള എന്ന നിലയിൽ മാത്രമല്ല, ഒരു ഭാര്യ എന്ന നിലയിലും എനിക്കുള്ള ചുമതലകൾ, അങ്ങയുടെ സഹായത്താൽ, ഞാൻ നിറവേററിക്കൊള്ളാം."

ലോകത്തിന്റെ വിഷത്തിനു ഒരു പ്രതിവിധിയായും, അപഥസഞ്ചാരികളെ അവരുടെ ദുർമ്മാർഗ്ഗത്തിൽനിന്നു തട്ടിയുണർത്തുന്ന ഉത്തമോപകരണമായും ദൈവം പലപ്പോഴും ഉഗ്രപീഡകളും മരണംതന്നെയും അനുവദിക്കാറുണ്ടു്. തന്റെ ഉദ്ദിഷ്ടങ്ങൾ സാധിച്ചു എന്നു കാണുകയിൽ അവിടുന്നു അവയെ പിൻവലിക്കുന്നതും സാധാരണമാണു്.

പ്രഭാതത്തിൽത്തന്നെ, ബാലചികിത്സാവിദഗ്ദ്ധനായ ഡോക്ടർ ഫിലിപ്പും വന്നുചേർന്നു. അദ്ദേഹം പറഞ്ഞു: "ഇതു് ഒരു ഗൗരവമായ സുഖക്കേടാണു്. ഇതു് Meningitis എന്ന സുഖക്കേടാണെന്നു പറഞ്ഞുകൂടാ. ഒരുവനു തലച്ചോർ പാടുള്ളതിൽ കവിഞ്ഞ ഭാരം പേറേണ്ടിവരുമ്പോൾ, പ്രായം ചെന്നവരിൽ കാണാറുള്ള ഒരുവക ഞരമ്പിടർച്ചയാണിതു്. എന്നാൽ അതു് ഈ പിഞ്ചുകുഞ്ഞിൽ പ്രത്യക്ഷപ്പെടുന്നതാണു് അത്ഭുതാവഹമായിരിക്കുന്നതു്. വിശ്രമമാണു് അവൾക്കു് അത്യാവശ്യം. ഏതൊരുതരം ഉൽക്കണ്ഠയിൽനിന്നും അവൾ ഒഴിഞ്ഞിരിക്കേണ്ടതുമുണ്ടു്."

മാത്ത ഡോക്ടർ ഫിലിപ്പിന്റെ വൈദഗ്ദ്ധ്യത്തെ അത്യന്തം പ്രശംസിച്ചു. ഈ അത്യാഹിതം, തന്റെ ചുമതലകൾ ശരിയാംവണ്ണം നിർവ്വഹിക്കായ്കമൂലം വരുത്തിക്കൂട്ടിയതാകകൊണ്ടു് ഉള്ളാലെ ലജ്ജിക്കയും ഹൃദയപൂർവ്വം മനസ്തപിക്കയും ചെയ്തു. മാതാക്കൾ ഇങ്ങനെ മനസ്സുതിരിഞ്ഞു് അവരുടെ ചുമതലകൾ കാര്യമായി നിർവ്വഹിച്ചിരുന്നെങ്കിൽ!

ചെറുകഥ

# ഒരേ-ഒരു ദൈവം!

(എസ്സ്. ബി.)

(തുടർച്ച)

അവൾ കണ്ണുനീർ തുടച്ചുകളഞ്ഞുകൊണ്ട് അച്ചന്റെ മേടയിലേക്കു ഓടിയെത്തി. കൈവിറയലോടുകൂടി അവൾ വരാന്തയിൽ തൂക്കിയിട്ടുള്ള മണിയടിച്ചു. അച്ചൻ ഭക്ഷണം കഴിക്കയായിരുന്നു. ഒരു കുട്ടി എന്തോ വലിയൊരു സന്ദേശവുംകൊണ്ട് അവിടെ വന്നുനില്പുള്ളതായി വേലക്കാരൻ വികാരി അച്ചനെ അറിയിച്ചു. അച്ചൻ ഉടനെ പുറത്തുവന്നു.

"ഓ, ഇതാര് ഡോസിയോ? എന്താണ് ഡോസി, കാര്യം പറയൂ. നിന്റെ വീട്ടിൽ വല്ലവർക്കും സുഖമില്ലാതെ ഉണ്ടോ?"

"ഇല്ല അച്ചോ" അവൾ പറഞ്ഞു: "അച്ചോ, ഞാൻ വന്നതു് ഒരു ദൈവമേയുള്ളു എന്നു് അങ്ങയോടു പറയുവാനാണ്. ഞാൻ ആദ്യകുർബാന കൈക്കൊള്ളട്ടെ?"

"ഇപ്പോഴോ, കുഞ്ഞേ? നീ തീരെ ചെറുപ്പമല്ലേ? കുറച്ചുകൂടി ക്ഷമിച്ചിരിക്കുന്നതുകൊണ്ട് ഒരു ദോഷവുമില്ല. ഒരു കൊല്ലം പെട്ടെന്നങ്ങ് ഓടിപ്പോകയില്ലേ? ഇപ്പോൾ നീ വീട്ടിൽ പോകുക. ഈ ഇച്ഛാഭംഗത്തെപ്പററി നീ അത്ര വിഷമിക്കേണ്ടതില്ല. അടുത്ത കൊല്ലത്തേക്കു നിനക്കു എല്ലാകാര്യങ്ങളും ശരിയായിട്ടു അറിയാറാകും."

കണ്ണുനീർ വിഴുങ്ങിക്കൊണ്ട് അവൾ വീട്ടിലേക്കു തിരിച്ചു. വഴിയിൽ കണ്ട സാധനങ്ങൾ എല്ലാം തീരെ വികൃതമായിട്ടാണ് അവൾക്കു തോന്നിയതു്. എന്തുകൊണ്ടെന്നാൽ കണ്ണുനീരിൽക്കൂടിയത്രെ അവൾ അവയെ ദർശിച്ചിരുന്നതു്.

ഡോസി വീട്ടിൽ കയറിയതോടെ അമ്മ ചോദിച്ചു: "ഡോസി, നീ ഇന്നു് ഇത്ര വൈകിയതു് എന്താണ്? നീ കരയുന്നതിന്റെ കാരണമെന്തു്?"

"അച്ചൻ പ-പറഞ്ഞു എന്നെ ആദ്യകുർബാന കൈക്കൊള്ളുപ്പാടിനു് എ-എടുക്കുകയില്ലെന്നു്." അവൾ വിങ്ങിവിങ്ങി കരഞ്ഞു.

"അതിനുള്ള കാരണം?" അമ്മ ഗർവ്വോടെ ആരാഞ്ഞു.

"എ-എനിക്കു വേദോപദേശം അ-അറിഞ്ഞുകൂടായിരുന്നു—ഞാൻ മൂ-മൂന്നു് ദൈവങ്ങൾ ഉ-ഉണ്ടെന്നു പറഞ്ഞു. അ-അതുകാരണം അദ്ദേഹം എ-എന്നെ ക്ലാസിൽനിന്നു പു-പുറത്താക്കി."

"ഹേയ്, അങ്ങനെയുള്ള ഒരു കൊച്ചുതെററിനു് അദ്ദേഹം നിന്നെ പുറത്താക്കിയിരിക്കയില്ല. ഡോസി, നീ കരയാതെ. ഞാൻ ഇന്നുതന്നെ ഉച്ചകഴിഞ്ഞു് സിസ്റ്ററെ ചെന്നു കാണാം. നീ ഇന്നു് സ്കൂളിൽ പോകേണ്ട. ഊണുകഴിച്ചിട്ടു ഒന്നുറങ്ങ്. ഇത്രയുംനാൾ പഠിക്കയും, ഉടുപ്പിനും മററും ഇത്രയും പണമൊക്കെ മുടക്കുകയും ചെയ്തിരിക്കെ അവർ നിന്നെ ക്ലാസിനു പുറത്താക്കയോ? അതു് ഒട്ടും ശരിയല്ല."

മാത്തായുടെ യാത്ര ഒരു പാഴ്‌യാത്രയായിട്ടാണു പരിണമിച്ചതു്. എന്തുകൊണ്ടെന്നാൽ സിസ്റ്റർ ക്ലേർ ചുക്കിനും ചുണ്ണാമ്പിനും കൊള്ളരുതാത്ത ഒരധ്യാപികയാണെന്നും ഡോസിയുടെ പരാജയംതന്നെ അതിനു് ഒരൊന്നാംതരം തെളിവാണെന്നും മററുമത്രെ അവർ വികാരി അച്ചന്റെ മുമ്പാകെ തട്ടിവിട്ടതു്.

വികാരി അച്ചൻ മാത്തായെ ഒന്നു കാണുവാൻതന്നെ കാത്തിരിക്കയായിരുന്നു. അവർ ആവലാതിയുടെ സഞ്ചി കെട്ടഴിച്ചുവിട്ടു. വികാരി അച്ചൻ ക്ഷമാപൂർവ്വം അവയെല്ലാം കേട്ടുകൊണ്ടിരുന്നശേഷം പറഞ്ഞു: "മകളേ, നിന്നെ ജ്ഞാനസ്നാനപ്പെടുത്തിയതും നിനക്കു് ആദ്യകുർബാന എഴുന്നള്ളിച്ചുതന്നതും ഞാൻതന്നെയാണ്. നീ ആ നാളുകളിൽ എത്ര നല്ല ഒരു കുഞ്ഞായിരുന്നു! ഞാൻ നല്ലവണ്ണം ഓർക്കുന്നുണ്ടു്. നിന്റെ അമ്മ നല്ല ഒരു തള്ളയായിരുന്നു. അതെ, ഒരു കത്തോലിക്കാമാതാവിനു അവശ്യംവേണ്ട ഗുണങ്ങളോടുകൂടിയ ഒരു തള്ള—സ്വന്തം കുഞ്ഞുങ്ങളിലേക്കു് ഒരു വരപ്രസാദനിർച്ചാൽ ഒഴുക്കിയിരുന്ന തള്ള."

വികാരി അച്ചൻ അല്പസമയത്തേക്കു മൗനം അവലംബിച്ചു. മാത്ത ദൃഷ്ടികൾ താഴ്ത്തി, ചുണ്ടുകൾ അടച്ചു നില്ക്കയാണ്. വികാരി അച്ചൻ അവൾക്കു് എന്തോ ഒരു വലിയ രഹസ്യം വെളിപ്പെടുത്തിക്കൊടുക്കാനെന്നപോലെ സ്നേഹത്തോടും വിശ്വാസത്തോടും, അല്പം മുന്നോട്ടു മാറിനിന്നു് ഇങ്ങനെ പറഞ്ഞുതുടങ്ങി:

"മകളേ, ജ്ഞാനസ്നാനം നല്കപ്പെടുമ്പോൾ പരിശുദ്ധാത്മാവു് ഒരു കുട്ടിയുടെ ആത്മാവിലേക്കു് അവിടുത്തെ ആദ്യസന്ദർശനം നടത്തുകയാണ്. ആ സമയത്തു് അവിടുന്നു് ആ ആത്മാവിൽ വിലപിടിച്ച മൂന്നു കൊച്ചുവിത്തുകൾ—വിശ്വാസം, ശരണം, സ്നേഹം എന്ന മൂന്നു് അമൂല്യവിത്തുകൾ—പാകുന്നു. ഈ വിത്തുകൾ ക്രമമായി മുളച്ചുവരണമെങ്കിൽ, മററു വിത്തുകൾക്കെന്നപോലെ, ആദ്യംമുതൽക്കേ നനവേല്ക്കണം. കാര്യമായ ഈ നന, തള്ളയല്ലാതെ പിന്നെ ആരാണു നടത്തുക?

"കത്തോലിക്കാമാതാക്കൾ ഈ മഹനീയജോലി സ്തുത്യർഹമാംവണ്ണം നിർവ്വഹിക്കുന്നതു ഞാൻ പലപ്പോഴും കണ്ടിട്ടുണ്ട്. ചിലപ്പോൾ അവർ തങ്ങളുടെ കുഞ്ഞുങ്ങളെ ബലിപീഠത്തിൽതന്നെ പിടിച്ചിരുത്തിക്കൊണ്ടു്, അവരെ മുഴുവനായി ദൈവത്തിനു സമർപ്പിക്കുന്നു. മററു ചിലയവസരങ്ങളിൽ ആശീർവ്വദിക്കപ്പെട്ട കാശുരൂപങ്ങൾ അവരുടെ കഴുത്തിൽ കെട്ടിക്കൊടുക്കുന്നു. അവ


പലതും മുരടിച്ചുപോയേനെ. അതുകൊണ്ട് വികാരി അച്ചന്റെ ഈ ഉദാഹരണം അവളിലേക്കു് തറച്ചുകയറി. അതു് അവളിൽ ഒരു ശക്തിയായ ബോധ്യം തന്നെ ഉളവാക്കി.

"അപ്പോൾ ഡോസി കുറച്ചുകൂടി ക്ഷമിക്കണം, ഇല്ലേ അച്ചോ?" അവൾ വഴക്കത്തോടെ പറഞ്ഞു. "അവൾക്കുള്ള വസ്ത്രങ്ങളെല്ലാം വാങ്ങിക്കഴിഞ്ഞു. അതും ഒരു പാഴ്ച്ചിലവായല്ലോ!"

"വസ്ത്രത്തിന്റെ കാര്യമൊന്നും സാരമില്ല, മകളേ. അതു് വളരെ നിസ്സാരമാണ്." അച്ചൻ പറഞ്ഞു.

വികാരിഅച്ചന്റെ ഉപദേശം കാര്യമാത്രമാണെന്നു് അവർക്കു മനസ്സിലായി. അതിനെ ഏറെക്കുറെ വിലമതിക്കുകയും ചെയ്തു. പക്ഷേ ഫലത്തിലെത്തിക്കണമെങ്കിൽ ശരിയായ യത്നം—തുടർച്ചയായ യത്നം—അതിനു് അത്യന്താപേക്ഷിതമാണ്.

അന്നു രാത്രി ഡോസിക്കു വിളമ്പിയ ഭക്ഷണപദാർത്ഥങ്ങളെല്ലാം അതേപടി അടുക്കളയിലേക്കു മടക്കിക്കൊണ്ടുപോകേണ്ടതായിട്ടാണുവന്നതു്. അവൾക്കു് പ്രീതിയുള്ള സാധനങ്ങളും ഉണ്ടായിരു




"ഈ അത്യാഹിതം തന്റെ ചുമതല ശരിയാംവണ്ണം നിർവ്വഹിക്കാത്തമൂലം വരുത്തിക്കൂട്ടിയതാകകൊണ്ട് മാത്ത ഉള്ളാലെ ലജ്ജിക്കയും ഹൃദയപൂർവ്വം മനസ്തപിക്കയും ചെയ്തു."

എടുത്തു പലപ്പോഴും മുത്തിക്കുന്നു. ഹന്നാൻവെള്ളം തൊട്ടു് അവരുടെ നെററിയിൽ കുരിശുവരച്ചുകൊടുക്കുന്നു. ഒരായിരം പ്രാവശ്യമല്ല കുഞ്ഞുങ്ങളുടെ കൈപിടിച്ചു കുരിശുവരപ്പിക്കുന്നതു്. പിന്നീടു് ചിത്രപ്പടങ്ങൾ കാണിച്ചുകൊടുക്കലും പുണ്യവാന്മാരുടെകഥകൾ പറഞ്ഞുകൊടുക്കലും മററുമായി അതോടുകൂടി കുഞ്ഞുങ്ങൾക്കാവശ്യമായ ജപങ്ങളും പഠിപ്പിക്കപ്പെടുകഴിയും. അതെ, തള്ളമാരുടെ മടിയിലിരുന്നുതന്നെയാണു് കുഞ്ഞുങ്ങളെ ഇവയെല്ലാം വശമാക്കുന്നതു്. ഈ സഹായംകൊണ്ടു് മേൽപ്പറഞ്ഞ കൊച്ചുവിത്തുകൾ പതുക്കെ മുളച്ചു്, ആരോഗ്യത്തോടെ വളരുകയും സുഗ്ഗിയനമായ സൗരഭം പുറപ്പെടുവിക്കയും ചെയ്യും. കുട്ടി സ്കൂളിൽ ചേരുമ്പോഴേക്കും ഈ വിത്തുകൾ ഒരു വിധം നന്നായിത്തന്നെ വളർന്നുകഴിയും. പുതിയ അന്തരീക്ഷത്തിന്റെ അല്ലലേററാലും കേടുകൂടാതെ വളരുവാനുള്ള കരുത്തു് അതിനപ്പോൾ വന്നുകഴിഞ്ഞിരിക്കും. ഈ നിലയിലായാൽ സ്കൂളിലെ ക്രമീകൃതമായ ഉപദേശം ഫലവത്തായിത്തീരുകയും ചെയ്യും."

മാത്ത ഇതു് അത്രയും ശ്രദ്ധിച്ചു കേട്ടു. അവൾ പെട്ടിയിൽ പാകിപ്പിടിപ്പിച്ചിരുന്ന ചീരത്തൈകൾ അന്നുകാലത്തു പുറത്തുള്ള തോട്ടത്തിലേക്കു് പറിച്ചുനട്ടതേയുള്ളു. ആദ്യമേതന്നെ തോട്ടത്തിൽ പാകിയിരുന്നെങ്കിൽ അത്രയും ഊർജ്ജിതമായി വളരുമായിരുന്നോ എന്നു സംശയിക്കണം. മുളച്ചാലും, പക്ഷേ

ന്നിട്ടും അവൾ അതിൽ കൈതൊടുക പോലും ചെയ്തില്ല.

"ഡോസിക്കൊച്ചമ്മയ്ക്കു സുഖമില്ല. ശക്തിയായ തലവേദനയുണ്ടു് എന്നാണു പറയുന്നതു്"— വേലക്കാരി വിവരമറിയിച്ചു.

"കാച്ചിൽകൊണ്ടായിരിക്കണം; ഉച്ചതിരിഞ്ഞതിൽപ്പിന്നെ അവളുടെ കണ്ണു തോർന്നിട്ടില്ല. ഞാൻ ചെന്നു നോക്കട്ടെ" മാത്ത പറഞ്ഞു.

ഡോസി നിശ്ചലയായി കിടക്കയാണ്. കണ്ണുനീർധാര നിലച്ചിട്ടുണ്ട്; എങ്കിലും കവിളിലും നെററിത്തടത്തിലും തീക്ഷ്ണം പനി.

അമ്മ ചോദിച്ചതിനുത്തരമായി അവൾ പറഞ്ഞു; എന്റെ തല വേദനിക്കുന്നു; മുൻവശമല്ല പുറകിൽ: കുഞ്ചിക്കും വേദനയുണ്ടു്."

"കൂടുതലുണ്ടോ, ഡോസി?"

"സഹിക്കവയ്യാ, അമ്മച്ചീ!"

"ആകട്ടെ; നമുക്കു് ഡോക്ടറെ വിളിപ്പിക്കാം."

"കുട്ടിക്കു് സുഖക്കേടു് കുറെ കലശലാണ്." പരിശോധിച്ചിട്ടു ഡോക്ടർ പറഞ്ഞു "തല്ക്കാലം ഞാൻ ഞങ്ങളുടെ പ്രധാനനേഴ്സിനെ ഇങ്ങോട്ടയക്കാം. വേണ്ടതു് ഉടനടി ചെയ്യുന്നതിനു് അവരോടു ചട്ടംകെട്ടിവിടുകയും ചെയ്യാം. നാളെക്കാലത്തു്, ബാലചികിത്സയ്ക്കു പേരെടുത്തിട്ടുള്ള ഡോക്ടർ ഫിലിപ്പിനെ ഞാൻതന്നെ കൂട്ടിക്കൊണ്ടുവരാം. അദ്ദേഹം ഇപ്പോൾ സ്ഥലത്തില്ല. നാളെ കാലത്തു മടങ്ങിയെത്തുമെന്നാണു് പ്രതീക്ഷ. വന്നാൽ ഒട്ടും താമസിക്കയില്ല. കുട്ടികളെ സംബന്ധിച്ചിടത്തോളം, തലയിലും കുഞ്ചിയിലും ഒന്നിച്ചുള്ള വേദന വളരെ അപകടകരമാണ്. എങ്കിലും ഖണ്ഡിതമായി ഞാനിപ്പോൾ ഒന്നും പറയുന്നില്ല. ഡോക്ടർ ഫിലിപ്പുകൂടി വന്നുകൊള്ളട്ടെ."

"നമുക്കു വികാരി അച്ചനെ ഒന്നു വരുത്താം." വാടിവിളർത്ത മുഖത്തോടെ മാത്ത ഭർത്താവിനോടു പറഞ്ഞു "നിങ്ങൾ ജോണിനു ഫോൺ ചെയ്യൂ. ഞാൻ ഇപ്പോൾ ഇവിടംവിടുന്നതു് നന്നല്ല."

അവർ കട്ടിലിന്നരികെ കുട്ടിക്കു കാവലിരുന്നു. ഉടനെ, ഒരു സ്വപ്നത്തിലെന്നപോലെ, വയോധികനായ വികാരി അച്ചൻ സ്ഥലത്തെത്തിക്കഴിഞ്ഞു. അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ആശ്വാസത്തിന്റെ കിരണങ്ങളെ ആ വീട്ടിലേക്കാനയിച്ചു.

"കുഞ്ഞേ, നിനക്കെന്തുപററി? ഈ രാത്രി ഉറങ്ങിയിട്ടില്ലായിരിക്കും; അല്ലേ?" അദ്ദേഹം ഡോസിയുടെ നേർക്കു തിരിഞ്ഞു് സ്നേഹപൂർവ്വം ചോദിച്ചു. "ആ വിളക്കു് ഒന്നു തെളിക്കുക. ഞാൻ ഡോസിയെ നല്ലവണ്ണം ഒന്നു കാണട്ടെ."

ബ. വികാരി അച്ചൻ ദീർഘപരിചയംമൂലം ഏതു സുഖക്കേടുകണ്ടാലും യഥാർത്ഥാവസ്ഥ വെളിപ്പെടുത്തുവാൻ വിദഗ്ദ്ധനാണെന്നു തന്റെ അമ്മ പലതവണ പറഞ്ഞിട്ടുള്ളതായി മാത്തയ്ക്കു് ഓർമ്മവന്നു.

"കുഞ്ഞിനോടു് രഹസ്യമായി ഒന്നു ചോദിച്ചറിയുന്നതിനു് നിങ്ങളെല്ലാം സ്വല്പസമയത്തേക്കു് അല്പമൊന്നു മാറിനിന്നാൽ നന്നു്." അദ്ദേഹം ആവശ്യപ്പെട്ടു. സന്താപനിമഗ്നരായ മാതാപിതാക്കന്മാർ ആ അഭ്യർത്ഥനയെ ആദരിച്ചു. വികാരി അച്ചൻ കസേര കട്ടിലിന്നരികത്തേക്കു് നീക്കിയിട്ടു.

"എന്റെ കുഞ്ഞേ," അദ്ദേഹം തുടർന്നു. "നീ ആരെയാണു് പരിശുദ്ധ കുർബാനയിൽ സ്വീകരിക്കുന്നതു്?"

"നമ്മുടെ കർത്താവിനെ." തലയിണയുടെ ഇടയിൽനിന്നു് ഒരു ക്ഷീണിച്ച സ്വരം പുറപ്പെട്ടു.

"അവിടുന്നു് എന്തു രൂപത്തിലാണു് പരിശുദ്ധ കുർബാനയിൽ എഴുന്നള്ളിയിരിക്കുന്നതു്?"

"അപ്പത്തിന്റെ രൂപത്തിൽ."

"നീ പരിശുദ്ധ കുർബാനയിൽ കൈക്കൊള്ളുന്നതു് അപ്പമാണോ?"

"അല്ല, കർത്താവിനെയാണ്. അതു് അപ്പംപോലെ ഇരിക്കുന്നു എന്നേയുള്ളു."

"നമ്മുടെ കർത്താവു് ആരാണ്?"

"നമ്മുടെ കർത്താവു ദൈവമാണ്."

"കുഞ്ഞേ, നിനക്കു് ഇനി ആദ്യകുർബ്ബാന കൈക്കൊള്ളണമോ?"

അവൾ നിറഞ്ഞ കണ്ണുകളോടെ തലകുലുക്കി.

"കൊള്ളാം; കുഞ്ഞേ ഞാനിപ്പോൾ നിന്റെ ആദ്യകുമ്പസാരം കേൾക്കാം. ഭയപ്പെടേണ്ട ഞാൻ നിന്നെ സഹായിക്കുന്നതാണ്. നാളെക്കാലത്തു്, നിന്നെ സുഖപ്പെടുത്തുവാൻ പാററിയ ആളെ—നമ്മുടെ കർത്താവിനെത്തന്നെ—ഞാൻ കൊണ്ടുവരാം."

വൃദ്ധനായ വികാരിയച്ചൻ അവൾക്കാശീർവ്വാദം കൊടുത്തിട്ടു് പുറത്തിറങ്ങിയതോടുകൂടി, നേഴ്സ് മുറിയിൽ പ്രവേശിച്ചു. പനി അളന്നു; നാഡിയുടെ സ്ഥിതി വീണ്ടും പരിശോധിച്ചു റിക്കാർഡു ചെയ്തു. അപ്പോൾ കൊണ്ടുവന്നിരുന്ന പുതിയ മരുന്നിൽ ഒരു 'ഡോസ്' പൊടുന്നനെ കൊടുത്തു. അപ്പോഴേക്കും അവൾ അന്തരീക്ഷത്തിന്റെ വിദൂരതയിലേക്കു് ദൃഷ്ടികളയച്ചുകൊണ്ടു് ഒന്നിനേയും ലക്ഷ്യംവയ്ക്കാതുള്ള ഒരു നോട്ടം. നിരാലംബതയുടെ തനിനിറം കാട്ടുന്ന ചേഷ്ടകൾ. വിങ്ങിവിടർന്ന കണ്ണുകൾ കാണപ്പെടുന്നു! ഡോസി ഒട്ടാകെ ഒന്നു മയങ്ങി. നിദ്രാധീനയുമായി.

ഉറക്കത്തിൽ ഡോസി ഒരുപ്രാവശ്യം "ഒരേ-ഒരു ദൈവം" എന്നു വിളിച്ചു പറയുന്നതായി എല്ലാവരും കേട്ടു.

അതെ, ഒരേ ഒരു ദൈവം! ഡോസി മാത്രമല്ല, ആ സത്യം പഠിക്കേണ്ടിയിരുന്നതു്.

പിറേറന്നു പ്രഭാതമായി. ദൈവഭവനത്തിന്റെ ആ ചെറുകവാടം തുറക്കപ്പെട്ടു. സർവ്വശക്തനും സർവ്വജ്ഞനുമായ യേശു ആ കുഞ്ഞിന്റെ നിഷ്കപടവും സ്നേഹനിർഭ

(ശേഷം 10-ാം പേജിൽ)

# Sathya Deepam

Vol. 24 | Ernakulam September 6 1950 | No. 4


ഗദ്യകവിത

# അലയാഴിയിൽ

(മണിമല)

ഞാനും ഈ കൊച്ചുതോണിയിൽ ഒന്നിരുന്നുകൊള്ളട്ടെ. തുഴഞ്ഞു നീക്കുവാനോ അമരം പിടിക്കാനോ എനിക്കറിഞ്ഞുകൂടാ. എന്നാലും എനിക്കും മറുകരയെത്തണം; അലറിയടുക്കുന്ന തിരമാലകളെ മുറിച്ചുപായണം!!

അകലത്തിൽ അങ്ങു ചക്രവാളച്ചുരിവിൽ എന്റെ ഹൃദയനാഥൻ എന്നെ കാത്തിരിക്കുന്നുണ്ട്. അവിടുന്നു സ്നേഹമയനാണ്; ത്യാഗശീലനാണ്. എനിക്കുവേണ്ടി അങ്ങു നടന്നുതീർത്തിട്ടുള്ള പാഴ്‌വഴികളുടെ ദൈർഘ്യമോർക്കുമ്പോൾ ഈ ആഴിപ്പരപ്പ് ഞാൻ ഒട്ടും ദൂരമായിക്കരുതുകയില്ല... അദ്ദേഹം സഹിച്ചിട്ടുള്ള ക്ലേശങ്ങളുടെ നീണ്ട പട്ടിക ഓർമ്മിക്കുമ്പോൾ ഈ തോണിയാത്ര എനിക്കൊട്ടും വിഷമകരമല്ല!......ആ സ്നേഹഗ്രന്ഥികളിലൂടെ വാർന്നൊഴുകിയ നിണകണങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ എന്റെ പ്രയത്നം എത്ര നിസ്സാരമല്ല! ആകയാൽ എന്റെ തോണിയും മുമ്പോട്ടു നീങ്ങട്ടെ; ഇങ്ങനെ ഈ അലയാഴിയിൽ ഊഞ്ഞാലാടിക്കൊണ്ട്!

* * *

നിങ്ങൾ എന്റെ ആത്മവല്ലഭനെ അറിയുമോ? അദ്ദേഹം ഒരു രാജാവാണ്; കൂർത്തുമൂർത്ത മുള്ളുകൾകൊണ്ടു മെടഞ്ഞുണ്ടാക്കിയ ഒരു കിരീടമാണ് അങ്ങു ധരിച്ചിരിക്കുന്നത്! അതിൽപ്പതിച്ചിരിക്കുന്ന വൈരക്കല്ലുകൾ ആ ശിരസ്സിൽനിന്നു വാർന്നൊഴുകിയ രക്തബിന്ദുക്കളാണ്!! ധവളനിർമ്മലമായ ഒരു മുഴുക്കുപ്പായമായിരുന്നു, അങ്ങു ധരിച്ചിരുന്നത്. പക്ഷേ ചുടുരക്തത്തുള്ളികൾ ഒഴുകി ഒഴുകി അതു ധാരാളം അരുണരേഖകളണിഞ്ഞിട്ടുണ്ട്. ഭൂഷണങ്ങളും അങ്ങേക്കുണ്ട്; കൈപ്പത്തികളിലും പാദങ്ങളിലും ഹൃദയത്തിലും മായാത്ത ഓരോ മുറിവുകൾ!!

ആ തൃക്കൈയിൽ ഒരു ചെങ്കോലുണ്ട്. ലോകത്തെ മുഴുവൻ ഭരിച്ചുടക്കുവാനുള്ള ഒരു ജയചിഹ്നം!! അതു മരക്കുരിശാണ്; തിരുത്തോളിലാണു വഹിച്ചിരിക്കുന്നത്!— വെറുമൊരു മരക്കുരിശ്. എന്നാലും അതിലാണ് അവിടുത്തെ ജയക്കൊടി പാറിപ്പറക്കുന്നത്. ആഴിപ്പരപ്പിനപ്പുറത്തുനിന്നും [illegible] മാടിവിളിക്കുന്ന വിജയധ്വജം!!

* * *

തുഴഞ്ഞു തുഴഞ്ഞ് എന്റെ കൈകൾ കുഴഞ്ഞു. ഹൃദയേശ്വരന്റെ സന്നിധിയിലേക്ക് ഇനിയും ഞാൻ സമീപിച്ചിട്ടില്ല. നീരന്ധ്രനീലമായ ആകാശത്തിൽ വെള്ളിത്താരങ്ങൾ എന്നെ കണ്ണുചിമ്മാതെ നോക്കുന്നുണ്ട്. ചക്രവാളരേഖയിൽ ഉമ്മവച്ചുകൊണ്ടു രണ്ടു രജതമേഘങ്ങൾ എന്നെ മാടിവിളിക്കുന്നു. അവയ്ക്കറിയാം എന്റെ ആത്മവല്ലഭൻ എവിടെ എന്ന്!!

പുഞ്ചിരിയുതിർക്കുന്ന ആ പൊന്നാം സ്വപ്രഭയിൽ മുങ്ങിക്കുളിച്ചുവരാണ് ആമ്പൽപ്പൂക്കൾ!! ഈ അലയാഴിയുടെ വിരിമാറിൽ വേലിയേറ്റമുണ്ടാകുന്നത് അങ്ങേ മധുരാകാരം കാണുമ്പോഴാണ്!! ആകാരത്തിൽ കിടക്കുന്ന എന്തെന്തു തല്ലജങ്ങളുമായിട്ടല്ല, ഈ തരംഗിണികൾ കുതിച്ചുപൊങ്ങുന്നത്, ഇപ്പാദങ്ങളിൽ കാണിക്കയർപ്പിക്കുവാൻ!

അർദ്ധരാത്രിയുടെ പരമശൂന്യതയിലും കളകളമുതിർക്കുന്ന വാനമ്പാടികളല്ലേ; അവരാണ് അങ്ങേ അകമ്പടി സേവിക്കുന്നത്. ആ തേരുരുളൊച്ചയാണ് പാറപ്പരപ്പിൽ തുള്ളിക്കളിക്കുന്ന കാട്ടരുവികളിലൂടെ നാം കേൾക്കുന്നത്!! അതാ അവിടെ ആയിരമായിരം കുസുമതല്ലജങ്ങൾ തികഞ്ഞ സൗരഭ്യം നിറഞ്ഞ തേൻതുള്ളികളുമായി കാത്തുനില്ക്കുന്നു!!

ഈ അലകൾ മുറിച്ച് എന്റെ കൊച്ചുതോണി നീങ്ങിക്കൊള്ളട്ടെ; അക്കരെ ഒന്നു ചെന്നുപറ്റിയാൽ എനിക്കങ്ങേ തിരുമാറിൽ ചാരിക്കിടന്നു വിശ്രമിക്കാമല്ലോ. ഉഗ്രമായ കൊടുങ്കാറ്റിന്റെ ലക്ഷണങ്ങൾ കാണുന്നുണ്ട്, ഓളപ്പരപ്പിൽ അഭൂതപൂർവ്വമായ ഒരു കോളിളക്കം! ഹാ, എന്റെ തോണിയാത്ര ഒട്ടുംതന്നെ ശുഭോദർക്കമല്ലെന്നോ? എന്നാലും അലസതയവലംബിക്കുവാൻ നിവൃത്തിയില്ല. പ്രാണനാഥൻ എന്നെ കാത്തിരിക്കുകയാണ്.

* * *

അതാ, ദൂരെ ഒരു "രക്തവർണ്ണപതാക" ഉയർന്നുകാണുന്നു. അതൊരു മഹാനൗകയാണ്; തരംഗപരമ്പരകളെ തള്ളിനീക്കിക്കൊണ്ട് ആ യാനപാത്രം സമീപിച്ചുവരുന്നു; അതുലവിസ്തൃതമായ സമുദ്രതലത്തെ ആകമാനം ഇളക്കിമറിക്കുകയാണ് ആ ബ്രഹ്മാണ്ഡവാഹനം. വലിയതോക്കുകൾ അണിയണിയായി അതിൽ നിരത്തിയിട്ടുണ്ട്. സംഹാരകർമ്മങ്ങളുടെ തീക്കനൽപ്രഭയാണ് അതിൽനിന്നു പ്രസരിക്കുന്ന "രക്തദീപങ്ങൾ".

ഓളപ്പരപ്പിൽ ഒഴുകിനടക്കുന്ന എന്നെ സമീപിച്ച് ആ കപ്പലിലെ ഉടുപ്പും തലപ്പാവുമണിഞ്ഞ നേതൃമ്മന്യന്മാർ പറയുകയാണ്: "അക്കരെയെത്താൻ ഇനിയും വളരെ ദൂരമുണ്ട്; കാറ്റും പിശറും ഭയങ്കരവുമാണ്. അതുകൊണ്ടു സുരക്ഷിതമായ ഈ നൗകയെ അഭയം തേടിക്കൊള്ളുക."

ഒന്നതിന്റെ ഉള്ളിലേക്കു നോക്കിയാലോ! അരയും തലയും മുറുക്കി അടരാടുവാൻ അണിഞ്ഞൊരുങ്ങിയ യോദ്ധാക്കൾ ആയിരമായിരം— തന്നത്താൻ പൊട്ടിത്തെറിക്കുന്ന സംഹാരകവസ്തുക്കൾ അസംഖ്യങ്ങൾ!— അതിഭയങ്കരമായ മാരകായുധങ്ങൾ അനേകമനേകം!! അതെ, അതെ, അതൊരു നശീകരണകപ്പലാണ്. അന്യരെ നശിപ്പിക്കുവാനുള്ള സകലകരുക്കളും ശേഖരിച്ചൊരുക്കിയ ഒരു സംഹാരസാമ്രാജ്യം. പക്ഷേ അതിലുമുപരി അതു സ്വയം നശിക്കുവാനുള്ള കരാളതയിലേക്കു നീങ്ങുകയാണ്. ഒരന്തർവാഹിനിയുടെ ടോർപ്പിഡോ നിറയൊഴിഞ്ഞാൽ... തീർന്നു അതിന്റെ ബ്രഹ്മാണ്ഡവൈപുല്യം! കഴിഞ്ഞു, ആ രക്തപങ്കിലമായ നേട്ടങ്ങൾ സമസ്തവും!!... പൊലിഞ്ഞു ആ വർണ്ണശബളമായ ദീപാങ്കുരങ്ങൾ!! ആകയാൽ "സാഗരസൗധമേ" നീ നിന്റെ സങ്കല്പവിജയങ്ങളുമായി അകന്നുകൊള്ളുക. ഞാൻ ഈ അലപ്പരപ്പിൽത്തന്നെ തോണി തുഴയട്ടെ.

* * *

അലമാലകൾ ഇളകിമറിയുന്നു. ആകാശം ഇരുളിമയണിയുന്നു; മുകിൽക്കരിമ്പാറകൾ കൂട്ടിയിടിക്കുകയാണ്; അന്തരാത്മാവിനെ കിടുകിടെ വിറപ്പിച്ചുകൊണ്ട് ആ ഭീകരശബ്ദം ശ്രോത്രപുടങ്ങൾ ഭേദിക്കുന്നു... രാത്രി സമീപിക്കുകയാണ്. ഇരുൾപ്പിശാചുകൾ പൂർവ്വദിങ്മുഖത്തെ യവനികനീക്കി രംഗപ്രവേശം ചെയ്തുകഴിഞ്ഞു.

"വെളിച്ചം! വെളിച്ചം!!" ഹൃദയം ഒന്നു നിലവിളിക്കാതെ എന്തുചെയ്യും.

എങ്ങാണ്ടൊക്കെയോ ചില "തീക്കട്ടകൾ" മിന്നുന്നുണ്ട്; കടൽക്കള്ളന്മാരുടെ കൈവിളക്കുകൾ! "വരൂ, പ്രാപ്യസ്ഥാനത്തെത്തിക്കാം." ഇരുൾപ്പരപ്പിലൂടെ ഉഴഞ്ഞുയരുന്നു, ഒരു സന്ദേശം!— ഒന്നതിനെ സമീപിക്കുകയോ?...... പാടില്ല, വഞ്ചനയുടെ മൂർച്ചിച്ച ഖഡ്ഗങ്ങൾ അവയുടെ പിമ്പിൽ തിളങ്ങുന്നുണ്ട്. വിപ്ലവത്തിന്റെ വെട്ടിത്തിളക്കം!! വിദ്വേഷത്തിന്റെ വേലിയേറ്റം! അവയ്ക്ക് എങ്ങനെ എന്റെ കൊച്ചുതോണിക്കു ഭയമകലാൻ കഴിയും?...

III

പ്രേമനാഥൻ! അങ്ങു എവിടെയാണ്? ഞാൻ ഈ തരംഗപംക്തികൾക്കിടയിൽപ്പെട്ടുപോകുന്നത് അങ്ങേക്ക് എത്ര ഹൃദയഭേദകമായിരിക്കും? നാഴികകളും വിനാഴികകളും തള്ളിനീക്കിക്കൊണ്ട് അങ്ങു ഏകാന്തതയിൽ എന്നെ കാത്തിരിക്കുകയാണ്; — ആ രാജകീയസോപാനങ്ങളിൽനിന്ന് ഇറങ്ങിവന്ന് അങ്ങ് എനിക്കുവേണ്ടി കാത്തിരിക്കുന്നു; എണ്ണിയാലൊടുങ്ങാത്ത പരിവാരങ്ങൾ തൃപ്പാദപരിചരണത്തിനു സന്നദ്ധരായി നിലകൊള്ളുമ്പോൾ!!

നാഥാ! വാനമണ്ഡലത്തിലെ ജ്യോതിർഗോളങ്ങളെ അവഗണിച്ച്, ആ ചക്രവാളരേഖയിൽ മേഘാവരണിയിൽ മറഞ്ഞുനില്ക്കുന്ന കൊച്ചുനക്ഷത്രത്തെ അങ്ങു സമീപിക്കുന്നത് എന്റെ ഭാവന കാണുന്നു!!— വിൺമലർത്തോപ്പിലെ വാടാപ്പൂക്കളുടെ മധ്യത്തിൽനിന്ന് ഈ വെളിപ്പരപ്പിലെ കൊച്ചുതുമ്പപ്പൂവിന്റെ പുഞ്ചിരി നുകരുവാൻ അങ്ങു വരുമെന്നെനിക്കറിയാം — സമ്പന്നന്റെ സുവർണ്ണചഷകത്തിൽ നിറഞ്ഞുതുളുമ്പുന്ന മധുരപാനീയത്തെക്കാൾ തെരുവുതെണ്ടികളുടെ പിച്ചച്ചട്ടിയിലെ "കയ്പുനീരാ"ണങ്ങേക്കു പ്രിയകരം!! —സമുദ്രമസ്തകം തകർത്തുപായുന്ന ബ്രഹ്മാണ്ഡയാനപാത്രങ്ങളുടെ സുരക്ഷിതത്വത്തിലേക്കല്ല; ഓളപ്പാത്തിയിൽ ഇളകിക്കളിക്കുന്ന കൊച്ചുതോണിയുടെ അപകടപൂർണ്ണതയിലേക്കല്ലേ ആ കാലടികൾ നീങ്ങുന്നത്!!

* * *

അതാ ഒരു ദിവ്യവെളിച്ചവുമായി ആരോ ഓളപ്പരപ്പിലൂടെ നടന്നണയുന്നു. അതെ, അതെന്റെ പ്രാണനാഥനാണ്; അലയാഴിയിൽ രാജവീഥിയിലെന്നതുപോലെ നടന്നുകൊള്ളുവാൻ അങ്ങേക്കല്ലാതെ ആർക്കു സാധിക്കും?

# ഞാൻ കണ്ട പുണ്യതീർത്ഥം

(ഫാദർ തോമസ് മണക്കാട്ട്)

അന്നു നാഗർകോവിലിൽനിന്നും ആരാമൊഴിക്കുള്ള ബസ്സിൽ ഞങ്ങൾ യാത്രതിരിച്ചു. ആറുമൈൽ ബസ്സിൽ യാത്രചെയ്തശേഷം ഏഴാം മൈൽക്കുറ്റിക്കൽ ഞങ്ങൾ ഇറങ്ങി. ചരിത്രപ്രസിദ്ധവും തെക്കൻ തിരുവിതാംകൂറിലെങ്ങും കേളികേട്ടതുമായ കാറ്റാടിമലയുടെ സമീപത്താണ് അപ്പോൾ ഞങ്ങൾ നിന്നിരുന്നത്. ആ കൂറ്റൻമല ഞങ്ങളെ ഹിംസിച്ചുകളയുമെന്ന ഭാവത്തിൽ ഒരു ഭീകരരാക്ഷസനെപ്പോലെ ഞങ്ങൾക്കഭിമുഖമായി നിലകൊണ്ടു. ഏതായാലും മുക്കാൽ മൈലോളം നടന്ന് ഞങ്ങൾ അതിന്റെ അടിവാരത്തിലെത്തി. അനേകകാലങ്ങളായി കാണുവാൻ ഞങ്ങൾ ആഗ്രഹിച്ച ആ പുണ്യതീർത്ഥം, കേരളപ്രസിദ്ധനായ ദേവസഹായംപിള്ളയുടെ വധസ്ഥലം, അവിടെ അടുത്തുതന്നെ സ്ഥിതിചെയ്തിരുന്നു. അതു സംബന്ധിച്ചുള്ള വിശദവിവരങ്ങൾ സ്ഥലവാസികളിൽനിന്നുതന്നെ ഞങ്ങൾ മനസ്സിലാക്കി. ഞങ്ങൾ ആ പാവനതീർത്ഥത്തെ സമീപിച്ചു. അവിടെ ആ മലയുടെ പിൻഭാഗത്തായി കരിശിലാഖണ്ഡങ്ങൾ ഉയർന്നും നിവർന്നും ചരിഞ്ഞും മറിഞ്ഞും സ്ഥിതിചെയ്യുന്നു. അവയുടെ മറവിൽവച്ചാണ് ആ മഹാപുരുഷനെ—ദേവസഹായംപിള്ളയെ— അദ്ദേഹം ക്രിസ്തുമതം സ്വീകരിച്ചു എന്ന കാരണത്താൽ നിർദ്ദയം വെടിവെച്ചുകൊന്നത്. എന്നെ സംബന്ധിച്ചു പറയുകയാണെങ്കിൽ, ആ പാവനതീർത്ഥത്തിൽ ഞാൻ കാലൂന്നിയപ്പോൾ എന്റെ ഹൃദയം വികാരതരളിതമായി; ശരീരം രോമാഞ്ചകഞ്ചുകമായി; ഭാവന, ഭൂതകാലയവനികയെ വലിച്ചുകീറി കാലക്കടലിലാണ്ടുപോയ ആ പൂജ്യപാദന്റെ അപദാനങ്ങളെ പൊക്കിയെടുത്തു. അതെ, അദ്ദേഹത്തിന്റെ ജീവചരിത്രത്തിലെ ഓരോ രംഗവും എന്റെ കൺമുമ്പിൽക്കൂടി കടന്നുപോകുന്നതുപോലെ എനിക്കു തോന്നി. പത്മനാഭപുരത്തെ ഒരുൽകൃഷ്ട നായർകുടുംബത്തിൽ ജനിച്ച്, വിദ്യാഭ്യാസം, സൽസ്വഭാവം, കാര്യശേഷി ഇടങ്ങിയ വിശിഷ്ടഗുണങ്ങളുടെ വിളനിലമായി പ്രശോഭിച്ച് രാജകൊട്ടാരത്തിലെ സർവ്വാധികാര്യക്കാർപദംവരെ ഉയർന്ന അദ്ദേഹത്തിന്റെ ആദ്യകാലത്തെ അതുല്യജനപ്രതാപവും അനന്തരം ഒരു ക്രിസ്ത്യാനിയായതിനുശേഷം അദ്ദേഹം അനുഭവിച്ച ദുരന്തക്ലേശങ്ങളും നിരന്തരബന്ധനങ്ങളും പ്രാണപരിത്യാഗവും ഒരേ നിമിഷത്തിൽ എന്റെ മനോമുകുരത്തിൽ ക്രമാനുരൂപമായി. അദ്ദേഹത്തിന്റെ വിശ്വാസദാർഢ്യത്തിൽ ഞാൻ വികാരാധീനനായി. കഷ്ടതകളുടെ മൂർദ്ധന്യത്തിലും ബന്ധുമിത്രാദികളുടെ വിരഹത്തിലും ലോകഭോഗങ്ങളുടെ വിനാശത്തിലും അക്ഷോഭ്യനായി നിലകൊണ്ട അദ്ദേഹത്തിന്റെ വിശ്വാസവീര്യത്തെ ഞാൻ മനസാ വാഴ്ത്തുകതന്നെ ചെയ്തു. ഹാ! വിശ്വാസവിഷയത്തിൽ നൂറ്റാണ്ടുകളുടെ ആഴത്തിൽ കാലൂന്നിനിൽക്കുന്നവരെന്ന് അഭിമാനിക്കുന്ന നമ്മുടെ വിശ്വാസമെവിടെ? ഒരു ദശവത്സരംമാത്രം ക്രിസ്ത്യാനിയായി ജീവിച്ച ദേവസഹായംപിള്ളയുടെ വിശ്വാസമെവിടെ? അതെ, അദ്ദേഹത്തിന്റെ പാവനരക്തംപുരണ്ട ശിലാഖണ്ഡങ്ങൾ ഒരു ചോദ്യചിഹ്നമായി ഞങ്ങളുടെ മുമ്പിൽ ഉയർന്നുനിന്നു. അവ, ഞങ്ങളെ വെല്ലുവിളിക്കുന്നതുപോലെ തോന്നി.

* * *

അനന്തരം കഥാപുരുഷന്റെ വധസ്ഥലം ഞങ്ങൾ സസൂക്ഷ്മം പരിശോധിച്ചു. അവിടെ, മൂന്നു പാറകളിലായി മൂന്നു കുരിശുകൾ സ്ഥാപിച്ചിരിക്കുന്നു. ആദ്യത്തെ കുരിശു സ്ഥാപിച്ചിരിക്കുന്നത് തന്റെ വധത്തിനുമുമ്പു മുട്ടുകുത്തി പ്രാർത്ഥിച്ച പാറയിലാണ്. അവിടെ, അദ്ദേഹത്തിന്റെ കാൽമുട്ടുകളും വലത്തുകൈമുട്ടും വടിയും കുത്തിയ പാടുകൾ തെളിഞ്ഞുകാണുന്നുണ്ട്. രണ്ടാമത്തെ കുരിശു സ്ഥാപിച്ചിരിക്കുന്നത് ഉദ്ദേശം പത്തടി ഉയരം വരുന്ന ഒരു പാറയിലാണ്. കഥാപുരുഷനെ അതിന്റെ മുകളിൽ കയറ്റിനിറുത്തി വെടിവെച്ചെന്നാണു സ്ഥലപാരമ്പര്യം. വെടിയേറ്റ് പിറകോട്ടു മറിഞ്ഞു താഴെ വീണസ്ഥലത്താണ് മൂന്നാമത്തെ കുരിശ് സ്ഥാപിച്ചിരിക്കുന്നത്. അതു ഒരു മരക്കുരിശാണ്. ഈ മൂന്നു കുരിശുകളുടെ മുമ്പിലും ഭക്തജനങ്ങൾ വിളക്കുവച്ചു പ്രാർത്ഥന നടത്തിക്കൊണ്ടിരിക്കുന്നു. അദ്ദേഹത്തെ വധിച്ച ശേഷം മൃതശരീരം ആ ശിലാഗർത്തത്തിൽ തള്ളിയിട്ട് രാജഭടന്മാർ സ്ഥലംവിട്ടു. ഭക്തജനങ്ങളാകട്ടെ അദ്ദേഹത്തിന്റെ മൃതശരീരമറിയാതെ കഠിനപരിശ്രമമായി നാനാഭാഗങ്ങളിലും അന്വേഷണം നടത്തി. ഒടുവിൽ രാജഭടന്മാരിൽനിന്നുതന്നെ അവർ വിവരം ഗ്രഹിക്കയും അദ്ദേഹത്തിന്റെ അവശിഷ്ടമെടുത്തു കോട്ടാറുപള്ളിയിൽകൊണ്ടുപോയി സംസ്കരിക്കയും ചെയ്തു. അവിടെ, ഇന്നും ആ പൂജ്യപാദരുടെ അവശിഷ്ടങ്ങൾ കാണാവുന്നതാണ്. ഹാ! ഈ പുണ്യപുരുഷന്റെ— ദേവസഹായംപിള്ളയുടെ— കറതീർന്ന വിശ്വാസം കേരളകത്തോലിക്കർക്ക് എന്നും ഒരു മാർഗ്ഗദീപമായിരുന്നെങ്കിൽ!!


*Permissu Ecclesiastico*

Printed & Published by

K. L. Varkey

at the Mar Louis Memorial Press

Ernakulam